
www.malankaralibrary.com

# രക്ഷകന്റെ അമ്മ



www.malankaralibrary.com

# രക്ഷകന്റെ അമ്മ

പരിശുദ്ധ കന്യകാമറിയം
തീർത്ഥാടക സഭയുടെ ജീവിതത്തിൽ

രണ്ടാം യോഹന്നാൻ പൗലോസ് മാർപാപ്പായുടെ
'റെഡെംപ്തോരീസ് മാത്തർ'
എന്ന ചാക്രികലേഖനം

പരിഭാഷ:
പ്രൊഫ. ജോസഫ് മാടപ്പള്ളി

കെ. സി. ബി. സി. സാമൂഹ്യസമ്പർക്ക മാധ്യമ കമ്മീഷൻ
പ്രസിദ്ധീകരിക്കുന്നത്

പി. ഒ. സി., പാലാരിവട്ടം, കൊച്ചി – 682 025

www.malankaralibrary.com

RAKSHAKANTE AMMA
Malayalam

Translation of REDEMPTORIS MATER
of
POPE JOHN PAUL II

Translated by:
Prof. Joseph Madappally

Scrutinised by:
G. P. Alencherry
Jose Plachickal
Anita CSST
Rosakutty Kappen

Published by:
The Secretary, KCBC Commission for Mass Media
Pastoral Orientation Centre
Cochin - 682025

First Published:
September 1987

Copies: 10,000
Price: Rs. 7/-

Copyright:
The Secretary,
KCBC Commission for Mass Media

Printed at:
De Paul Press,
Pachalam, Cochin - 682 012

Cover:
Artist Devassy

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം . . . . . . . . . . . . . . . . 1

## ഒന്നാം ഭാഗം

## മറിയം ക്രിസ്തുരഹസ്യത്തിൽ

1. ദൈവകൃപ നിറഞ്ഞവൾ . . . . . . . . 8
2. വിശ്വസിച്ചവൾ ഭാഗ്യവതി . . . . . . . 16
3. ഇതാ, നിന്റെ അമ്മ . . . . . . . . . . 29

## രണ്ടാം ഭാഗം

## ദൈവത്തിന്റെ അമ്മ: തീർത്ഥാടകസഭയുടെ കേന്ദ്രബിന്ദു

1. സഭ ആഗോളവ്യാപകമായ ദൈവജനം . . . . 40
2. സഭയുടെ പ്രയാണവും
ക്രൈസ്തവരുടെ ഐക്യവും . . . . . . 50
3. തീർത്ഥാടകസഭയുടെ സ്തോത്രഗീതം . . 57

## മൂന്നാം ഭാഗം

## അമ്മയ്ക്കടുത്ത മാദ്ധ്യസ്ഥ്യം

1. മറിയം കർത്താവിന്റെ ദാസി . . . . . . 63
2. മറിയം സഭയുടേയും ഓരോ
ക്രൈസ്തവന്റേയും ജീവിതത്തിൽ . . . 72
3. മരിയൻ വത്സരത്തിന്റെ അർത്ഥം . . . 83
ഉപസംഹാരം . . . . . . . . . . . . . . . 87
Foot Notes . . . . . . . . . . . . . . i

www.malankaralibrary.com

**വന്ദ്യസഹോദരരേ, വത്സലമക്കളേ,**
**നിങ്ങൾക്കേവർക്കും**
**സുസ്ഥിതിയും ശ്ലൈഹികാശീർവ്വാദവും!**

## ആമുഖം

1. രക്ഷകന്റെ അമ്മയ്ക്ക് രക്ഷാകരപദ്ധതിയിൽ സവിശേഷമായൊരു സ്ഥാനമുണ്ട്; കാരണം, "കാലസമ്പൂർണ്ണത വന്നപ്പോൾ, ദൈവം തന്റെ പുത്രനെ അയച്ചു; അവൻ സ്ത്രീയിൽനിന്നു ജാതനായി; നിയമത്തിനു വിധേയനായി ജനിച്ചു; അങ്ങനെ, നമ്മെ പുത്രന്മാരായി ദത്തെടുക്കേണ്ടതിന്, അവൻ നിയമത്തിന് അധീനരായിക്കഴിഞ്ഞവരെ വിമുക്തരാക്കി. നിങ്ങൾ മക്കളായതുകൊണ്ട് ആബാ – പിതാവേ – എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിലേക്ക് അയച്ചിരിക്കുന്നു" (ഗലാ 4:4–6).

പൗലോസ് അപ്പസ്തോലന്റെ ഈ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള വിചിന്തനം ആരംഭിക്കുന്നത്.[1] അതേ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, ക്രിസ്തുരഹസ്യത്തിൽ മറിയത്തിനുള്ള പങ്കിനേയും സഭാജീവിതത്തിൽ അവൾക്കുള്ള സജീവവും മാതൃകാപരവുമായ സാന്നിധ്യത്തേയും കുറിച്ചുള്ള ഈ വിചിന്തനം തുടങ്ങാൻ ഞാനും ആഗ്രഹിക്കുന്നു. കാരണം, ഈ വാക്കുകൾ പിതാവിന്റെ സ്നേഹം, പുത്രന്റെ ദൗത്യം, പരിശുദ്ധാത്മാവിന്റെ ദാനം, രക്ഷകനു ജന്മംകൊടുത്ത അമ്മയുടെ പങ്ക്, "കാലസമ്പൂർണ്ണത"യുടെ[2] രഹസ്യത്തിൽ സംഭവിച്ച നമ്മുടെ ദൈവപുത്രസ്വീകാര്യത എന്നിവയാണ് ഉദ്ഘോഷിക്കുന്നത്.

ഈ "സമ്പൂർണ്ണത" "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനുവേണ്ടി" (യോഹ 3:16) പിതാവ് തന്റെ പുത്രനെ അയയ്ക്കാൻ അനാദിയിലേ നിർണ്ണയിച്ച നിമിഷത്തെയാണു സൂചിപ്പിക്കുന്നത്. ദൈവത്തോടുകൂടെ ആയിരുന്ന വചനം "മാംസരൂപമെടുത്ത് നമ്മുടെയിടയിൽ വസിച്ച്" (യോഹ 1:1,14) നമ്മുടെ സഹോദരനായിത്തീർന്ന ആ ധന്യമുഹൂർത്തം! നസറത്തിലെ മറിയത്തിൽ കൃപാവരത്തിന്റെ പൂർണ്ണത

www.malankaralibrary.com



മുൻകൂട്ടി ചൊരിഞ്ഞ പരിശുദ്ധാത്മാവ് അവളുടെ കന്യോദരത്തിൽ ക്രിസ്തുവിന്റെ മനുഷ്യപ്രകൃതി ആരചിച്ച നിമിഷം! നിത്യത സമയപരിധിക്കുള്ളിലേക്ക് കടന്നുവന്നതോടെ സമയംതന്നെ രക്ഷിക്കപ്പെട്ട്, ക്രിസ്തുരഹസ്യത്താൽ നിറഞ്ഞ്, എന്നേക്കും രക്ഷയുടെ സമയം ആയി ഭവിച്ച ആ നിമിഷം! സഭയുടെ പ്രയാണത്തിന്റെ നിഗൂഢമായ ആരംഭത്തേയും അതു കുറിക്കുന്നു. ആരാധനയിൽ സഭ, തന്റെതന്നെ ആരംഭമായി അഭിവാദ്യം ചെയ്യുന്നത് നസറത്തിലെ മറിയത്തെയാണ്. കാരണം, അമലോദ്ഭവം എന്ന മഹാസംഭവത്തിലാണ് സഭ ആദ്യമായി പ്രതിബിംബിച്ചുകാണുന്നത്; അവളുടെ കുലീനതയാർന്ന വ്യക്തിത്വത്തിലാണ് ഉയിർപ്പിന്റെ രക്ഷാകരമായ കൃപാവരത്തിന് നാന്ദി കുറിക്കുക. സർവ്വോപരി, മനുഷ്യാവതാരത്തിൽ അഭേദ്യമാംവിധം ഐക്യപ്പെട്ടിരിക്കുന്ന ക്രിസ്തുവിനേയും മറിയത്തേയും സഭ കണ്ടുമുട്ടുന്നു- സഭയുടെ നാഥനും തലവനുമായ ക്രിസ്തുവിനേയും പുതിയ ഉടമ്പടിയിൽ 'എന്നിൽ നിറവേറട്ടെ' (fiat) എന്ന് ആദ്യമായി സമ്മതിക്കുക വഴി സഭയുടെ മണവാട്ടിയും അമ്മയും എന്ന നിലയിൽ മുൻകൂട്ടി നിഴലിക്കുന്ന മറിയത്തേയും.

2. ക്രിസ്തുവിന്റെ സാന്നിധ്യത്താൽ ശക്തിപ്രാപിച്ച് (cf. മത്താ 28:20) സഭ കാലത്തിലൂടെ| യുഗങ്ങളുടെ പരിസമാപ്തിയിലേക്കു പ്രയാണം ചെയ്യുകയും, സമാഗതനാകുന്ന കർത്താവിനെ എതിരേല്ക്കാൻ പോവുകയും ചെയ്യുന്നു. ഒരു കാര്യം ഇപ്പോൾത്തന്നെ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു; അതായത്, മേല്പറഞ്ഞ പ്രയാണത്തിൽ "സഭ നീങ്ങുന്നത് പുത്രനുമായുള്ള ഐക്യം വിശ്വസ്തതാപൂർവ്വം കുരിശുമരണംവരെ അഭംഗുരം കാത്തുസൂക്ഷിച്ച് വിശ്വാസത്തിന്റെ തീർത്ഥാടനത്തിൽ മുന്നേറിയ കന്യകാമറിയത്തിന്റെ പാതയിലൂടെയാണ്".[4]

സമ്പന്നവും ഉത്തേജകവുമായ ഈ വാക്കുകൾ 'ജനതകളുടെ പ്രകാശം' (Lumen Gentium) എന്ന കോൺസ്റ്റിറ്റ്യൂഷനിൽ നിന്നാണ് ഞാൻ എടുത്തിരിക്കുന്നത്. തന്റെ പ്രിയപ്പെട്ട അമ്മയും വിശ്വാസം, ശരണം, ഉപവി എന്നിവയിൽ തന്റെ മാതൃകയും ആയി സഭ വണങ്ങുന്ന ക്രിസ്തുവിന്റെ അമ്മയെക്കുറിച്ചുള്ള അവളുടെ പ്രബോധനത്തി

www.malankaralibrary.com



ന്റെ രത്നച്ചുരുക്കം ഈ കോൺസ്റ്ററിറ്റ്യൂഷന്റെ അന്ത്യ ഭാഗത്ത് നമുക്ക് കാണാം.

വത്തിക്കാൻ കൗൺസിലിനുശേഷം വിളംബമെന്യേ, എന്റെ മഹാനായ മുൻഗാമി പോൾ ആറാമൻ പരിശുദ്ധ കന്യകയെക്കുറിച്ച് വീണ്ടും അവലോകനം ചെയ്യാൻ തീരുമാനിച്ചു. ആദ്യം 'ക്രിസ്തുവിന്റെ അമ്മ' (Christi Matri) എന്ന ചാക്രിക ലേഖനം വഴിയും അനന്തരം 'മഹത്തായ അടയാളം' ((Signum Magnum), 'മരിയ വണക്കം' (Marialis Cultus) എന്നീ അപ്പസ്തോലിക പ്രബോധനങ്ങൾ വഴിയും[5] അദ്ദേഹം ക്രിസ്തുവിന്റെ അമ്മയ്ക്ക് സഭയിൽ നൽകപ്പെടുന്ന പ്രത്യേക വണക്കത്തിന്റെ അടിസ്ഥാനതത്വങ്ങളും മാനദണ്ഡങ്ങളും വിശദമാക്കി. അതോടൊപ്പം മരിയഭക്തിയുടെ വിശ്വാസചൈതന്യത്തിനു നിരക്കുന്ന, ആരാധനക്രമപരവും ജനപ്രീതികരവും സ്വകാര്യസ്വഭാവമുള്ളതുമായ വിവിധ രൂപങ്ങളെക്കുറിച്ച് വിശകലനം ചെയ്യുകയും ചെയ്തു.

3. ഈ വിഷയം ഒരിക്കൽക്കൂടി പരിചിന്തന വിധേയമാക്കാൻ എന്നെ പ്രേരിപ്പിച്ച സാഹചര്യം, യേശുക്രിസ്തു ജനിച്ചിട്ട് രണ്ടു സഹസ്രാബ്ദം പൂർത്തിയാകുന്ന ജൂബിലി വർഷം സമാഗതമാകുന്നു എന്നതുതന്നെയാണ്. ഇത്തരുണത്തിൽ നമ്മുടെ ദൃഷ്ടി മറിയത്തിലേക്കു തിരിയുക സ്വാഭാവികമാണല്ലോ. ഈ വാർഷികാചരണത്തിനു മുന്നോടിയായി മറിയത്തിന്റെ ജനനം കൊണ്ടാടുന്ന ഏതാദൃശമായ ഒരു ജൂബിലി ആഘോഷിക്കുക എന്തുകൊണ്ടും ഉചിതമാണെന്ന് അടുത്തകാലത്ത് പലരും അഭിപ്രായപ്പെടുകയുണ്ടായി.

വാസ്തവത്തിൽ, മറിയത്തിന്റെ ജനനത്തീയതി ചരിത്രപരമായി നിർണ്ണയിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും രക്ഷാചരിത്രത്തിന്റെ ചക്രവാളത്തിൽ ക്രിസ്തുവിനു മുൻപേ മറിയം പ്രത്യക്ഷയായി[6] എന്ന കാര്യത്തിൽ സഭയ്ക്ക് എന്നെന്നും അവബോധമുണ്ടായിരുന്നു. "കാലത്തിന്റെ സമ്പൂർണ്ണത" നിർണ്ണായകമാംവിധം ആസന്നമായ വേളയിൽ – എമ്മാനുവേലിന്റെ രക്ഷാകരമായ ആഗമനത്തിൽ – അവിടുത്തെ അമ്മയാകാൻ അനാദിയിലേ തെരഞ്ഞെടുക്കപ്പെട്ട മറിയം ഭൂമിയിൽ ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ വരവിനുമുൻപേ മറിയം "സമാഗതയായി" എന്ന യാഥാർത്ഥ്യം

www.malankaralibrary.com



ആഗമനകാലത്തിലെ ആരാധനക്രമത്തിൽ ആണ്ടുതോറും സഭ അനുസ്മരിക്കുന്നു. അതിനാൽ, ക്രിസ്തുവിനു ശേഷം രണ്ടു സഹസ്രാബ്ദം പൂർത്തിയാകുന്ന, മൂന്നാം സഹസ്രാബ്ദത്തിന് ആരംഭമിടുന്ന നാളുകൾ അടുത്തുവരുന്ന ഈ വേളയെ, രക്ഷകനുവേണ്ടിയുള്ള, ചരിത്രത്തിലെ പൗരാണികമായ കാത്തിരിപ്പിനോടു തുലനം ചെയ്താൽ, അന്ന് ഇരുട്ടിൽ കാത്തിരുന്നവർക്ക് ഒരു ഉഷഃകാല നക്ഷത്രംപോലെ പ്രകാശിച്ച മറിയത്തിലേക്ക് ഇന്ന് നമ്മുടെ ദൃഷ്ടി തിരിക്കുക സ്വാഭാവികമാണെന്ന കാര്യം വ്യക്തമാകും. എന്തെന്നാൽ, പ്രഭാതനക്ഷത്രം ഉദയസൂര്യനു മുന്നോടിയാകുന്നതുപോലെ, മറിയം മാനവചരിത്രത്തിൽ രക്ഷകന്റെ വരവിന് – നീതിസൂര്യന്റെ ഉദയത്തിന് – തന്റെ അമലോദ്ഭവം മുതൽ തന്നെ മുന്നോടിയായി.[7]

ഇസ്രായേൽ ജനത്തിനിടയിൽ മറിയത്തിന്റെ സാന്നിധ്യം – സമകാലികരാൽ ശ്രദ്ധിക്കപ്പെടാത്തവിധം അത്ര വിവേകപൂർവ്വകമായിരുന്ന അവളുടെ സാന്നിധ്യം – അജ്ഞാതയായ ഈ സിയോൻ പുത്രിയെ (cf. സെഫ 3:14; സഖ 2:10) മാനവചരിത്രത്തെ മുഴുവൻ സമാശ്ലേഷിക്കുന്ന രക്ഷാകര പദ്ധതിയുമായി ബന്ധപ്പെടുത്തിയ അത്യുന്നതന്റെ മുമ്പിൽ പ്രകാശിച്ചു. വിശ്വാസത്തിന്റെയും വെളിപാടിന്റെയും കേന്ദ്രയാഥാർത്ഥ്യം പരിശുദ്ധ ത്രിത്വത്തിന്റെ പരിപാലനാപദ്ധതിയാണെന്ന കാര്യം അറിവുള്ള ക്രൈസ്തവരായ നമുക്ക് ഈ സഹസ്രാബ്ദ പൂർത്തീകരണവേളയിൽ, പ്രത്യേകിച്ച്, രണ്ടായിരാമാണ്ടിലേക്ക് എത്തിനിൽക്കുന്ന ഈ അവസാന വർഷങ്ങളിൽ, ക്രിസ്തുവിന്റെ മാതാവിനു ചരിത്രത്തിലുള്ള നിസ്തുല സാന്നിധ്യത്തെപ്പറ്റി എടുത്തുപറയേണ്ടതിന്റെ ആവശ്യകത ബോധ്യമാകുന്നു.

4. ക്രിസ്തുരഹസ്യത്തിലും സഭാ രഹസ്യത്തിലും ദൈവ മാതാവിനെ അവതരിപ്പിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിൽ അതിന്റെ പ്രബോധനങ്ങൾവഴി ഇതിലേക്ക് നമ്മെ ഒരുക്കുന്നു. കൗൺസിൽ പ്രഖ്യാപിക്കുന്നതുപോലെ[8] 'അവതീർണ്ണ വചനത്തിന്റെ രഹസ്യത്തിൽ മാത്രമേ മനുഷ്യന്റെ രഹസ്യം പ്രകാശിതമാകൂ' എന്നതു ശരിയാണെങ്കിൽ ഈ തത്ത്വം മനുഷ്യവർഗ്ഗത്തിന്റെ ഈ സവിശേഷ പുത്രിയിൽ – ക്രിസ്തുവിന്റെ അമ്മയായിത്തീർന്ന

www.malankaralibrary.com



ഈ അസാധാരണ സ്ത്രീയിൽ – വളരെ പ്രത്യേകമാംവിധം അനവർത്ഥമാണെന്ന് കാണേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ രഹസ്യത്തിൽ മാത്രമേ മറിയത്തിന്റെ രഹസ്യം പൂർണ്ണമായും സ്പഷ്ടമാകൂ. ഇപ്രകാരമാണ് ആദിമുതലേ സഭ ഇക്കാര്യം വ്യാഖ്യാനിച്ചു പോന്നിരുന്നതും. അവതീർണ്ണ വചനത്തിന്റെ അമ്മയുടെ രഹസ്യത്തിലേക്ക് ആഴ്ന്നിറങ്ങാനും അതിനെ എന്നെന്നും സുവ്യക്തമാക്കാനും മനുഷ്യാവതാരരഹസ്യം അവളെ പ്രാപ്തയാക്കുന്നു. ഇതു വ്യക്തമാക്കുന്നതിൽ എഫേസോസ് സൂനഹദോസിന് (A.D. 431) നിർണ്ണായകമായ പ്രാധാന്യം ഉണ്ട്. കാരണം ഈ സൂനഹദോസിൽവച്ച് ക്രിസ്ത്യാനികൾക്ക് അത്യാഹ്ളാദമേകുമാറ്, മറിയത്തിന്റെ ദൈവമാതൃത്വം എന്ന യാഥാർത്ഥ്യം സഭയുടെ ഒരു വിശ്വാസസത്യമായി ഔദ്യോഗിക നിലയിൽ സ്ഥിരീകരിക്കപ്പെട്ടു. മറിയം ദൈവമാതാവ് (Theotokos) ആണ്. കാരണം, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അവൾ തന്റെ കന്യോദരത്തിൽ, പിതാവിനോടുകൂടെ സത്തയിൽ ഒന്നായിരിക്കുന്ന യേശുക്രിസ്തുവിനെ ഗർഭം ധരിച്ച് പ്രസവിച്ചു.[9] 'ദൈവപുത്രൻ.... കന്യാമറിയത്തിൽനിന്ന് ജനിച്ച്.... യഥാർത്ഥമായും നമ്മിൽ ഒരുവനായിത്തീർന്ന്'[10] മനുഷ്യനായി. അങ്ങനെ, ക്രിസ്തുരഹസ്യം വഴി സഭടെ വിശ്വാസ ചക്രവാളത്തിൽ അവിടുത്തെ അമ്മയുടെ രഹസ്യം പൂർണ്ണമായി പ്രകാശിക്കുന്നു. എഫേസോസ് സൂനഹദോസിന് എന്നതുപോലെ ഇന്നത്തെ സഭയ്ക്കും വചനം ദൈവസ്വഭാവം വെടിയാതെതന്നെ മനുഷ്യസ്വഭാവം സ്വീകരിച്ചു എന്ന മനുഷ്യാവതാരത്തെ സംബന്ധിക്കുന്ന വിശ്വാസസത്യത്തിന്മേൽ ചാർത്തപ്പെടുന്ന മുദ്രപോലെയാണ് മറിയത്തിന്റെ മാതൃത്വത്തെക്കുറിച്ചുള്ള വിശ്വാസസത്യം.

5. മറിയത്തെ ക്രിസ്തുരഹസ്യത്തിൽ അവതരിപ്പിച്ചുകൊണ്ട് സഭാരഹസ്യം ആഴത്തിൽ മനസ്സിലാക്കാനുള്ള ഒരു പാതയും രണ്ടാം വത്തിക്കാൻ കൗൺസിൽ വെട്ടിത്തെളിക്കുന്നുണ്ട്. ക്രിസ്തുവിന്റെ അമ്മ എന്നുള്ള നിലയിൽ മറിയം, അവിടുന്നു തന്റെ സ്വന്തം ശരീരമായി സ്ഥാപിച്ച സഭയോട് പ്രത്യേകമാംവിധം ഐക്യപ്പെട്ടിരിക്കുന്നു.[11] സഭ ക്രിസ്തുവിന്റെ ശരീരമാണെന്ന ഈ സത്യം (പൗലോസിന്റെ ലേഖനങ്ങൾ പഠിപ്പിക്കുന്നതു

www.malankaralibrary.com



പോലെ തന്നെ) ദൈവപുത്രൻ "പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കന്യകാമറിയത്തിൽ നിന്നു ജനിച്ചു" എന്ന സത്യത്തോട് ഓരം ചേർന്ന് നിൽക്കുന്നതായി കൗൺസിൽ രേഖ പഠിപ്പിക്കുന്നു എന്ന വസ്തുത പ്രാധാന്യമുള്ളതാണ്. മനുഷ്യാവതാരം എന്ന യാഥാർത്ഥ്യം ക്രസ്തുവിന്റെ ശരീരമാകുന്ന സഭയുടെ രഹസ്യത്തിൽ ഒരു തരം തുടർച്ച കണ്ടെത്തുന്നു. അവതരിച്ച വചനത്തിന്റെ അമ്മയായ മറിയത്തെ പരാമർശിക്കാതെ മനുഷ്യാവതാരത്തിന്റെ യാഥാർത്ഥ്യത്തെപ്പററി ചിന്തിക്കാൻ നമുക്കാവില്ല.

ക്രിസ്തുവുമായുള്ള ഐക്യം വിശ്വസ്തതാപൂർവ്വം കാത്തുസൂക്ഷിച്ചുകൊണ്ട് വിശ്വാസത്തിന്റെ തീർത്ഥാടനത്തിൽ മറിയം മുന്നേറി[13] എന്നതിനെപ്പററിയാണ് പ്രഥമതഃ ഈ വിചിന്തനങ്ങളിൽ പരിഗണിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഇങ്ങനെ നോക്കുമ്പോരം, ദൈവമാതാവിനെ ക്രിസ്തുവുമായും സഭയുമായും ഐക്യപ്പെടുത്തുന്ന ഈ 'ദ്വിവിധബന്ധം' ചരിത്രപരമായ പ്രാധാന്യം ആർജ്ജിക്കുന്നു. ഇത് കന്യകാമാതാവിന്റെ വ്യക്തിപരമായുള്ള വിശ്വാസപ്രയാണമാകുന്ന ജീവിതകഥയിലും രക്ഷാരഹസ്യത്തിലുള്ള അവളുടെ മെച്ചമായ പങ്കിലും മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല; പിന്നെയോ, അതേ വിശ്വാസ തീർത്ഥാടനത്തിൽ പങ്കെടുക്കുന്ന ദൈവജനത്തിന്റെ മുഴുവൻ ചരിത്രത്തേയും സംബന്ധിക്കുന്ന വസ്തുത കൂടിയാണ്.

മററൊരിടത്ത് കൗൺസിൽ ഇക്കാര്യം ഇങ്ങനെ പറഞ്ഞുകൊണ്ട് വ്യക്തമാക്കുന്നു: "വിശ്വാസം, ഉപവി, ക്രിസ്തുവുമായുള്ള നലം തികഞ്ഞ ഐക്യം എന്നീ കാര്യങ്ങളിൽ സഭയ്ക്കൊരു മാതൃകയായിക്കൊണ്ട് മറിയം ഒരു വഴികാട്ടിയായി ഭവിച്ചു".[13] മറിയത്തെപ്പോലെ അമ്മയുടേയും കന്യകയുടേതുമായ ഗുണങ്ങരം തന്നിൽ സമന്വയിപ്പിച്ച് സഭയും രക്ഷാകരദൗത്യം ഫലവത്താക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നു. ഈ ആഴമേറിയ സഭാരഹസ്യത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ഒരു മാതൃക എന്ന നിലയിൽ മറിയം മുൻപേ പോയിട്ടുണ്ട്. "തന്റെ ദിവ്യമണവാളനോടു വാഗ്ദാനം ചെയ്ത വിശ്വസ്തത അവികലവും അമലവുമായി കാത്തുസൂക്ഷിക്കുന്ന" സഭ കന്യകയാണ്. "പരിശുദ്ധാത്മാവിനാൽ ഉരുവാക്കപ്പെട്ട്

www.malankaralibrary.com



ദൈവത്തിൽനിന്നു ജനിക്കുന്ന സന്താനങ്ങളെ നവ്യവും അമർത്ത്യവുമായ ജീവിതത്തിലേക്കു ജനിപ്പിക്കുകവഴി[4] അവരം അമ്മയുമാണ്''.

6. ഒരു 'പ്രയാണ'ത്തോടുപമിക്കാവുന്ന മഹത്തായ ഒരു ചരിത്രപ്രക്രിയയിലാണ് ഇതെല്ലാം നിറവേറുന്നത്. ആന്തരിക ചരിത്രം, അതായത് ആത്മാക്കളുടെ കഥ, വിശ്വാസത്തിന്റെ തീർത്ഥാടനത്തെ സൂചിപ്പിക്കുന്നു. ഒപ്പം, ഭൂമിയിൽ നശ്വരതയ്ക്ക് അധീനരായ മനുഷ്യരുടെ ചരിത്രത്തെയും, അതിനാൽത്തന്നെ മാനവചരിത്രത്തിന്റെ ഭാഗത്തെയും.

ഇനിയങ്ങോട്ടുള്ള പരിചിന്തനത്തിൽ പ്രഥമതഃ വർത്തമാനകാലത്തിലേക്കു നമുക്കു ശ്രദ്ധ കേന്ദ്രീകരിക്കാം.

ഈ വർത്തമാനകാലം അതിൽത്തന്നെ ചരിത്രമായിട്ടില്ല; എങ്കിലും, ചരിത്രത്തിനു തുടർച്ചയായി രൂപം കൊടുത്തുകൊണ്ടിരിക്കയാണ്. രക്ഷയുടെ ചരിത്രത്തിന്റെ കാര്യത്തിലും ഇതു ശരിതന്നെ. ഇവിടെ വിശാലമായൊരു കാഴ്ചപ്പാട് തുറന്നുകിട്ടുന്നു. അതനുസരിച്ച് പരിശുദ്ധ കന്യകാമറിയം ദൈവജനത്തിന്റെ 'മുൻപേ പൊയ്ക്കൊണ്ടിരിക്കുന്ന'തായി കാണാം. അവളുടെ സവിശേഷമായ വിശ്വാസതീർത്ഥാടനം സഭയ്ക്കും വ്യക്തികരംക്കും സമൂഹങ്ങരംക്കും ജനതകരംക്കും രാഷ്ട്രങ്ങരംക്കും, ഒരർത്ഥത്തിൽ മാനവജാതിക്കു മുഴുവനും, എന്നെന്നും സ്വയം തട്ടിച്ചുനോക്കാനുള്ള ഒരു മാനദണ്ഡമാണ്. അതിന്റെ പരിധി ഗ്രഹിക്കുകയോ അളക്കുകയോ ചെയ്യുക ദുഷ്കരം തന്നെ.

ദൈവമാതാവ് ഇപ്പോഴേ സഭയുടെ യുഗാന്ത്യോന്മുഖമായ പൂർത്തീകരണ (eschatological fulfilment) മായിരിക്കുന്നു എന്ന് കൗൺസിൽ ഊന്നിപ്പറയുന്നു: ''കറയോ ചുളിവോ ഇല്ലാതെ സ്ഥിതിചെയ്യത്തക്കവണ്ണം സഭ പരിശുദ്ധകന്യകാമറിയത്തിൽ അത്രമാത്രം പരിപൂർണ്ണത പ്രാപിച്ചു'' (എഫേ 5:27). അതോടൊപ്പം തന്നെ, കൗൺസിൽ ചൂണ്ടിക്കാണിക്കുന്നു: ''ക്രിസ്തുവിന്റെ അനുയായികരം പാപത്തെ ജയിച്ച് വിശുദ്ധിയിൽ മുന്നേറുവാൻ ഇപ്പോഴും യത്നിക്കുന്നു. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ

www.malankaralibrary.com



സമൂഹത്തിനും സുകൃതങ്ങളുടെ മാതൃകയായി പരില സിക്കുന്ന മറിയത്തിനുനേരെ അവർ കണ്ണുകൾ ഉയർത്തു ന്നു''.[15] വിശ്വാസതീർത്ഥാടനം ഇനിമേൽ സ്വർഗ്ഗത്തിൽ തന്റെ പുത്രന്റെ അരികിൽ മഹത്വീകൃതയായിരിക്കു ന്ന, ദൈവപുത്രന്റെ അമ്മയുടേതല്ല. വിശ്വാസത്തിന്റേ യും 'മുഖാമുഖ' (1 കോറി 13:12) ദർശനത്തിന്റേയും ഇടയ്ക്കുള്ള കവാടം അവൾ കടന്നു കഴിഞ്ഞു. എന്നിരു ന്നാലും, യുഗാന്ത്യോന്മുഖമായ പൂർത്തീകരണത്തിൽ, ഇ പ്പോഴും വിശ്വാസപ്രയാണം നടത്തുന്നവർക്ക് 'സാഗരതാ രം' (Maris Stella)[16] ആയിരിക്കുന്നതിൽനിന്ന് അവൾ വിരമിച്ചിട്ടില്ല. ഭൂമിയിലെ ഈ ജീവിതത്തിൽ അവർ അ ങ്ങനെ കണ്ണുകൾ ഉയർത്തുന്നുവെങ്കിൽ, അങ്ങനെ ചെയ്യാ നുള്ള കാരണം ''അനേകം സഹോദരരിൽ ആദ്യജാതനായി ദൈവം അവരോധിച്ച പുത്രന് മറിയം ജന്മം കൊടുത്തു'' (റോമാ 8:29)[17] എന്നുള്ളതും, ഈ (ആദ്യജാതന്റെ) സഹോദ രരുടെ 'ജനനത്തിലും വളർച്ചയിലും' 'മാതൃനിർവ്വിശേഷ മായ സ്നേഹത്തോടെ മറിയം സഹകരിച്ചു' എന്നുള്ളതു മാണ്.[18]

## ഒന്നാം ഭാഗം

# മറിയം ക്രിസ്തുരഹസ്യത്തിൽ

### *1. ദൈവകൃപ നിറഞ്ഞവൾ*

7. ''സ്വർഗ്ഗീയമായ എല്ലാ ആത്മീയവരങ്ങളാലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചവനും കർത്താവായ യേശുക്രിസ്തുവിന്റെ പിതാവുമായ ദൈവം വാഴ്ത്തപ്പെ ട്ടവനാകട്ടെ'' (എഫേ 1:3). എഫേസോസുകാർക്കുള്ള ലേ ഖനത്തിലെ ഈ വാക്കുകൾ പിതാവായ ദൈവത്തിന്റെ ശാ ശ്വതമായ പദ്ധതി, ക്രിസ്തുവിൽ മനുഷ്യരക്ഷയുടെ പ ദ്ധതി, വെളിവാക്കുന്നു. ഇത്, ദൈവസാദൃശ്യത്തിൽ സൃ ഷ്ടിക്കപ്പെട്ടിട്ടുള്ള എല്ലാ സ്ത്രീപുരുഷന്മാരേയും സം ബന്ധിച്ചുള്ള അവിടുത്തെ സാർവ്വത്രിക പദ്ധതിയാണ്

www.malankaralibrary.com



(cf. ഉൽപ 1:26). ആദിയിലേതന്നെ എല്ലാവരേയും ഉൾക്കൊള്ളിച്ചുകൊണ്ടായിരുന്നു അവിടുത്തെ സൃഷ്ടി കർമ്മം. അതുപോലെതന്നെ അവിടുത്തെ രക്ഷാകരപദ്ധതിയിലും എല്ലാവരേയും നിത്യമായിത്തന്നെ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ പദ്ധതി പൂർണ്ണമായി ഇനിയും കാലത്തിൻെറ പൂർണ്ണതയിൽ ക്രിസ്തുവിൻെറ അന്ത്യാഗമനത്തോടെ വെളിപ്പെടാനിരിക്കുന്നതേയുള്ളു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ പിതാവായ ദൈവം, ലേഖനത്തിലെ വാക്കുകൾ തുടരുന്നു, "തൻെറ മുമ്പാകെ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു; യേശുക്രിസ്തുവഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന്, തൻെറ ഹിതവും ലക്ഷ്യവും അനുസരിച്ച് സ്നേഹപൂർവ്വം തിരുമനസ്സായി. അവിടുന്ന് ഇപ്രകാരം ചെയ്തത് തൻെറ പ്രിയപ്പെട്ടവനിലൂടെ നമ്മിൽ ചൊരിഞ്ഞ കൃപയുടെ മഹത്വത്തിനും പുകഴ്ചയ്ക്കും വേണ്ടിയാണ്. അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്ത് നമുക്കു ക്രിസ്തുവിൽ പാപമോചനവും അവൻെറ രക്തംവഴി രക്ഷയും കൈവന്നിരിക്കുന്നു" (എഫേ 1:4-7).

ക്രിസ്തുവിൻെറ ആഗമനത്തോടെ, നമുക്കു പൂർണ്ണമായി വെളിവാക്കപ്പെട്ട രക്ഷയുടെ ദൈവികപദ്ധതി നിത്യമാണ്. മേലുദ്ധരിച്ച ലേഖനത്തിലും പൗലോസ് അപ്പസ്തോലൻെറ ഇതര ലേഖനങ്ങളിലും (cf. കൊളോ 1:12-14; റോമാ 3:24; ഗലാ 3: 13; 2 കോറി 5:18-29) കാണുന്ന പ്രബോധനം അനുസരിച്ച് ഈ പദ്ധതി ക്രിസ്തുവിനോടും നിത്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിൽ സർവ്വരും ഉൾപ്പെടുന്നു. എങ്കിലും, പിതാവ് രക്ഷാകരകർമ്മം ഭരമേല്പിച്ച ക്രിസ്തുവിൻെറ അമ്മയായായ സ്ത്രീക്കുവേണ്ടി[18] ഒരു പ്രത്യേക സ്ഥാനം ഇതിൽ നീക്കിവച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: "ഉൽപത്തിപ്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, (cf. 3:15) പാപത്തിൽ നിപതിച്ചശേഷം ആദിമാതാപിതാക്കളോടു ചെയ്യപ്പെട്ട വാഗ്ദാനത്തിൽ മറിയം പ്രവചനാത്മകമായി നിഴലിച്ചിരിക്കുന്നു. അതുപോലെ, ഏശയ്യായുടെ വാക്കുകൾ അനുസരിച്ച്[26] (cf. 7:14) എമ്മാനുവേൽ എന്നു നാമകരണം ചെയ്യേണ്ട പുത്രനെ ഗർഭംധരിച്ചു പ്രസവിക്കാനിരുന്ന കന്യകയും അവൾ തന്നെ. ഇവ്വിധം, നമു

www.malankaralibrary.com



ക്ക് മക്കളെന്ന പദവി ലഭിക്കേണ്ടതിന് ദൈവം 'സ്ത്രീയിൽനിന്നു ജനിച്ച തന്റെ പുത്രനെ അയയ്ക്കുന്ന സമയത്തിന്റെ പൂർണ്ണത' സജ്ജീകരിക്കപ്പെടുന്നതായി പഴയനിയമത്തിൽ കാണാം. ദൈവപുത്രന്റെ ലോകത്തിലേക്കുള്ള ആഗമനം മത്തായിയും ലൂക്കായും എഴുതിയ സുവിശേഷങ്ങളുടെ പ്രഥമ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവമാണ്.

8. മറിയത്തെ നിയതമായി ക്രിസ്തുരഹസ്യത്തിലേക്ക് അവതരിപ്പിച്ചത് ഈ സംഭവത്തിലൂടെയാണ് — ദൈവദൂതൻ വഴിയുള്ള മംഗലവാർത്തയിലൂടെ. ഇതു സംഭവിക്കുന്നതോ, നസറത്തിൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ ആദ്യമായി ലഭിച്ച ജനതയായ ഇസ്രായേലിന്റെ മിഴിവുള്ള ചരിത്രപശ്ചാത്തലത്തിലും. ദൈവദൂതൻ കന്യകയോടു പറയുന്നു: "ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി! കർത്താവു നിന്നോടുകൂടെ" (ലൂക്കാ 1:28). ആ അറിയിപ്പു കേട്ട് മറിയം ഏറെ അസ്വസ്ഥയായി (ലൂക്കാ 1:29). എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥമെന്ന് അവൾ ചിന്തിച്ചു (ലൂക്കാ 1:29); അസാധാരണമായ ആ വാക്കുകളുടെ പൊരുൾ എന്തായിരിക്കും? പ്രത്യേകിച്ച്, "ദൈവകൃപനിറഞ്ഞവൾ"[21] (Kecharitomene) എന്ന പദപ്രയോഗത്തിന്റെ.

മറിയത്തോടൊപ്പം, ഈ വാക്കുകളെപ്പറ്റി, പ്രത്യേകിച്ച് 'ദൈവകൃപനിറഞ്ഞവളേ' എന്ന സംബോധനയെപ്പറ്റി, നാമും ധ്യാനിക്കുന്ന പക്ഷം, എഫേസോസുകാർക്കുള്ള ലേഖനത്തിലെ മേലുദ്ധരിച്ച വാക്കുകളിൽ അർത്ഥവത്തായ ഒരു അനുരണനം കേൾക്കാം. സ്വർഗ്ഗീയ ദൂതന്റെ അറിയിപ്പിനുശേഷം നസറത്തിലെ കന്യക 'സ്ത്രീകളിൽ അനുഗൃഹീത' (cf. ലൂക്കാ 1:42) എന്നു വിളിക്കപ്പെട്ടുവെങ്കിൽ, അത് സ്വർഗ്ഗീയതലങ്ങളിൽ പിതാവായ ദൈവം നമ്മിൽ നിറച്ച അതേ അനുഗ്രഹത്താലാണ്. എല്ലാ ജനങ്ങൾക്കുംവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും അതിൽത്തന്നെ പൂർണ്ണതയും സാർവ്വത്രികതയും (എല്ലാ അനുഗ്രഹങ്ങളും) ഉൾക്കൊള്ളുന്നതുമായ ആദ്ധ്യാത്മികാനുഗ്രഹമാണിത്. സത്തയിൽ സമനായ പുത്രനെ പരിശുദ്ധാത്മാവിൽ പിതാവിനോട് ഒന്നിപ്പിക്കുന്ന സ്നേഹത്തിൽനിന്നാണ് അതു നിർഗ്ഗളിക്കുന്നത്. അതേ സമയം, യുഗാന്ത്യംവരെ മാനവചരിത്രത്തിൻമേൽ, എല്ലാ മനുഷ്യരുടേയുംമേൽ, യേശുക്രിസ്തുവിലൂടെ ചൊരിയപ്പെടുന്ന

www.malankaralibrary.com



അനുഗ്രഹവും ആണിത്. ഈ അനുഗ്രഹം മറിയത്തിൽ സവിശേഷവും പ്രത്യേകവുമായ അളവിൽ അന്വർത്ഥമാണ്. അതുകൊണ്ടാണല്ലോ എലിസബത്ത് അവളെ 'സ്ത്രീകളിൽ അനുഗൃഹീത, എന്ന് അഭിസംബോധന ചെയ്യുന്നത്.

ഈ 'ദ്വിവിധ അഭിവാദന'ത്തിന്റെ ധ്വനി ഈ സീയോൻ പുത്രിയുടെ ആത്മാവിൽ ഒരർത്ഥത്തിൽ എല്ലാ കൃപാവരമഹിമയും സാക്ഷാത്കരിക്കപ്പെടുന്നു എന്നുള്ളതാണ്. തന്റെ പ്രിയപുത്രനിൽ ദൈവം നമുക്കേകിയ അതേ കൃപാവരം! ദൈവദൂതൻ മറിയത്തെ 'ദൈവകൃപ നിറഞ്ഞവരം' എന്നാണല്ലോ അഭിവാദനം ചെയ്യുന്നത്. അവളുടെ സാക്ഷാൽ പേര് വിളിക്കുന്നതുപോലെ; മററുള്ളവർ അവളെ വിളിച്ചിരുന്ന 'മിറിയാം' (മറിയം) എന്ന നാമത്താലല്ല, പിന്നെയോ, 'ദൈവകൃപ നിറഞ്ഞവരം' എന്ന പുതിയ നാമത്താൽത്തന്നെ. എന്താണ് ഈ പേരിനർത്ഥം? എന്തുകൊണ്ടാണ് മുഖ്യദൂതൻ നസറത്തിലെ കന്യകയെ ഇങ്ങനെ അഭിസംബോധന ചെയ്യുന്നത്?

വി. ഗ്രന്ഥത്തിന്റെ ഭാഷയിൽ, കൃപാവരം (grace) എന്നു വച്ചാൽ, ഒരു പ്രത്യേകദാനം എന്നാണ് അർത്ഥം, പുതിയനിയമം അനുസരിച്ച് ഇതിന്റെ ഉറവിടം സ്നേഹം തന്നെയായ ദൈവത്തിന്റെ ത്രിത്വൈക ജീവനിൽത്തന്നെയാണ്. ആ സ്നേഹത്തിന്റെ ഫലം എഫേസോസുകാർക്കുള്ള ലേഖനത്തിൽ പറയുന്ന 'തിരഞ്ഞെടുപ്പ്' ആകുന്നു. ദൈവത്തിന്റെ ഭാഗത്തുനിന്നു വീക്ഷിക്കുമ്പോരം ഈ 'തിരഞ്ഞെടുപ്പ്' തന്റെ സ്വന്തം ജീവൻ പങ്കുവയ്ക്കുക വഴി (2 പത്രോ 1:4) മനുഷ്യനെ ക്രിസ്തുവിൽ രക്ഷിക്കാനുള്ള നിത്യമായ അഭിവാഞ്ഛയാണു കാണിക്കുന്നത് (cf. പത്രോ 1:4). പ്രകൃത്യതീത ജീവനിൽ പങ്കുചേരുകവഴി കൈവരുന്ന രക്ഷയാണത്. ഈ നിത്യദാനത്തിന്റെ ഫലം ദൈവം മനുഷ്യനെ തിരഞ്ഞെടുക്കുന്ന കൃപാവരത്തിന്റെ, ഫലം പരിശുദ്ധിയുടെ വിത്തുപോലെയാണ്; അഥവാ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കൃപാവരത്തിലൂടെ ജീവനും വിശുദ്ധിയും നല്കുന്ന, ദൈവത്തിൽനിന്നുതന്നെയുള്ള, ഒരു ദാനമെന്നോണം ആത്മാവിൽ അലയടിച്ചുയരുന്ന നീർച്ചാലുപോലെയാണ്. സർവ്വ ആധ്യാത്മികാനുഗ്രഹങ്ങളോടുംകൂടിയുള്ള മനുഷ്യന്റെ ആ അനുഗ്രഹം, അതായത്, എന്നെന്നും പിതാവിന്റെ 'അരുമസുതനാ'യവ

www.malankaralibrary.com



നിൽ, ക്രിസ്തുവിൽ, തെരഞ്ഞെടുക്കപ്പെട്ട പുത്രന്മാരും പുത്രിമാരും ആയിരിക്കുക എന്നത് ഇങ്ങനെ നിറവേററപ്പെടുന്നു; യാഥാർത്ഥ്യമായി ഭവിക്കുന്നു.

ദൂതൻ മറിയത്തെ 'കൃപാവരം നിറഞ്ഞവൾ' എന്ന് അഭിസംബോധന ചെയ്യുന്നതായി നാം വായിക്കുമ്പോൾ, പഴയനിയമ വാഗ്ദാനങ്ങളും വെളിപാടുകളും സമ്മേളിക്കുന്ന ഈ സുവിശേഷ സന്ദർഭം ഒരു കാര്യം മനസ്സിലാക്കാൻ നമ്മെ പ്രാപ്തരാക്കുന്നു: ക്രിസ്തുവിലുള്ള എല്ലാ ആധ്യാത്മികനുഗ്രഹങ്ങളേയുംകാൾ ഇതൊരു 'സവിശേഷ അനുഗ്രഹ'മാണ്. മനുഷ്യാവതാരത്തിൽ തൻെറ പുത്രൻെറ 'അമ്മ'യായി ദൈവം തിരഞ്ഞെടുത്ത ഒരുവൾ എന്ന നിലയിൽ "ലോകസൃഷ്ടിക്കുമുമ്പു തന്നെ" ക്രിസ്തുരഹസ്യത്തിൽ മറിയം സന്നിഹിതയാണ്. അതുമാത്രമോ, പരിശുദ്ധിയുടെ ആത്മാവിന് അവളെ നിത്യമായി ഭരമേല്പിച്ചുകൊണ്ട്, പിതാവിനോടൊപ്പം പുത്രനും അവളെ തിരഞ്ഞെടുത്തു. തികച്ചും പ്രത്യേകവും സവിശേഷവുമായ വിധം മറിയം ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ, ഈ 'പ്രിയപുത്രനി'ൽ അവൾ നിത്യമായി സ്നേഹിക്കപ്പെടുകയും ചെയ്യുന്നു- എല്ലാ കൃപാവരങ്ങളുടേയും മഹിമ കേന്ദ്രീകരിച്ചിരിക്കുന്ന പിതാവിനോട് സത്തയിൽ ഒന്നായിരിക്കുന്ന പുത്രനിൽത്തന്നെ. അതേസമയം തന്നെ, 'ഉന്നതങ്ങളിൽ നിന്നുള്ള' (cf. യാക്കോ 1:17) ഈ അനുഗ്രഹം സ്വീകരിക്കാൻ അവൾ സർവ്വഥാ സന്നദ്ധയുമാണ്. കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, "കർത്താവിൽനിന്ന് ശരണത്തോടെ രക്ഷ പ്രതീക്ഷിക്കുകയും അതു സ്വീകരിക്കുകയും ചെയ്യുന്ന കർത്താവിൻെറ ദരിദ്രരുടേയും എളിയവരുടേയും മുൻപന്തിയിലാണു മറിയത്തിൻെറ നില."[22]

9. ദൂതൻെറ അഭിവാദനവും 'കൃപാവരം നിറഞ്ഞവൾ' എന്ന നാമധേയവും ഇതൊക്കെ അർത്ഥമാക്കുന്നതിനാൽ, ഇവ രണ്ടും മംഗലവാർത്തയിൽ ദൈവപുത്രൻെറ അമ്മയാകാനുള്ള മറിയത്തിൻെറ തിരഞ്ഞെടുപ്പിനെയാണ് പ്രഥമതഃ സൂചിപ്പിക്കുന്നത്. അതേസമയം 'കൃപാവരം നിറഞ്ഞവൾ' എന്ന പ്രയോഗം ക്രിസ്തുവിൻെറ അമ്മയായി തിരഞ്ഞെടുക്കപ്പെടാൻ വേണ്ടി ലഭിച്ച അതിസ്വാഭാവിക ഔദാര്യത്തേയും സൂചിപ്പിക്കുന്നു. ഈ തിരഞ്ഞെടുപ്പ് മനുഷ്യരാശിക്കുവേണ്ടിയുള്ള ദൈവത്തിൻെറ പരി

www.malankaralibrary.com



ത്രാണ പദ്ധതിയുടെ പൂർത്തീകരണത്തിന് അടിസ്ഥാനമാണെങ്കിൽ, ക്രിസ്തുവിലുള്ള നിത്യമായ തിരഞ്ഞെടുപ്പും ദത്തുപുത്രൻ എന്ന പദവിയിലേക്കുള്ള വിളിയും ഓരോരുത്തരുടേയും ഭാഗധേയമാണെങ്കിൽ, മറിയത്തിൻെറ തിരഞ്ഞെടുപ്പാകട്ടെ, തികച്ചും സവിശേഷവും നിസ്തുലവും ആണ്. അങ്ങനെ, ക്രിസ്തുരഹസ്യത്തിലുള്ള അവളുടെ തനിമയും അനന്യതയും പ്രകടമാകുന്നു.

സ്വർഗ്ഗീയദൂതൻ അവളോടു പറയുന്നു: ''മറിയമേ, നീ ഭയപ്പെടേണ്ടാ, ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ വലിയവനായിരിക്കും. അത്യുന്നതൻെറ പുത്രനെന്നു വിളിക്കപ്പെടും'' (ലൂക്കാ 1:30–32). അസാധാരണമായ ഈ അഭിവാദനം കേട്ടപ്പോൾ അസ്വസ്ഥയായ മറിയം ചോദിച്ചു: ''ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ''. ദൈവദൂതൻെറ തുടർന്നുള്ള വാക്കുകളിൽനിന്ന് അവൾക്കു സ്ഥിരീകരണവും വിശദീകരണവും ലഭിക്കുന്നു. ഗബ്രിയേൽ അവളോടു പറയുന്നു: ''പരിശുദ്ധാത്മാവ് നിൻെറമേൽ വരും; അത്യുന്നതൻെറ ശക്തി നിൻെറമേൽ ആവസിക്കും. ആകയാൽ ജനിക്കാൻപോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും'' (ലൂക്കാ 1:35).

മംഗലവാർത്ത മനുഷ്യാവതാര രഹസ്യം ഭൂമിയിൽ സാക്ഷാത്കരിക്കപ്പെടുന്നതിൻെറ പ്രാരംഭവെളിപാടാണ്. ദൈവം രക്ഷാകരമായി തന്നെയും, തൻെറ ജീവനെയും പരോക്ഷമായി സമസ്ത സൃഷ്ടികൾക്കും, പ്രത്യക്ഷമായി മനുഷ്യനും നല്കുന്നത് മനുഷ്യാവതാര രഹസ്യത്തിലെ ഉന്നതനിമിഷങ്ങളിലൊന്നിൽ എത്തിച്ചേരുന്നു; പ്രപഞ്ചത്തിൻേറയും മനുഷ്യൻേറയും ചരിത്രത്തിൽ ദൈവം നല്കിയ അനുഗ്രഹങ്ങളിൽ ഉൽകൃഷ്ടമായ ഒന്ന്. മറിയം 'കൃപാവരം നിറഞ്ഞവൾ' തന്നെ. കാരണം, അവളിൽത്തന്നെയാണ് വചനത്തിൻെറ അവതാരം – ദൈവപുത്രൻെറ മനുഷ്യപ്രകൃതിയുമായുള്ള സ്വഭാവത്തിനടുത്ത ഐക്യം **(Hypostatic union)** സംഭവിക്കുന്നതും പൂർണ്ണതയിലെത്തുന്നതും. കൗൺസിൽ ചൂണ്ടിക്കാണിക്കുന്നതുപോലെ, ദൈവപുത്രൻെറ 'അമ്മ'യാണ് മറിയം. അതിനാൽത്തന്നെ പിതാവിൻെറ പ്രിയപ്പെട്ട മകളും പരിശുദ്ധാത്മാവിൻെറ

www.malankaralibrary.com



പാവനാലയവും. ഉദാത്തമായ ഈ വരസിദ്ധിമൂലം അവൾ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ സൃഷ്ടികളെക്കാളും സമുന്നതയായിരിക്കുന്നു.[23]

10. തന്റെ പ്രിയപുത്രൻ വഴി പിതാവായ ദൈവം നമുക്കു നല്കിയ കൃപാവര മഹിമയെപ്പററി പ്രതിപാദിക്കുന്ന കൂട്ടത്തിൽ എഫേസോസുകാർക്കുള്ള ലേഖനം ഇങ്ങനെ തുടരുന്നു: "അവന്റെ രക്തംവഴി, അവനിൽ, നമുക്കു രക്ഷ കൈവന്നിരിക്കുന്നു" (എഫേ 1:7). സഭയുടെ ഔദ്യോഗിക പ്രമാണരേഖകളിൽ പ്രകാശിതമാകുന്ന വിശ്വാസമനുസരിച്ച്, "അവൾ കുറേക്കൂടി ഉൽക്കൃഷ്ടമായ രീതിയിൽ രക്ഷിക്കപ്പെട്ടിരിക്കുന്നു"[24] എന്ന വസ്തുതയിലൂടെ ഈ 'കൃപാവരമഹിമ' ദൈവമാതാവിൽ വെളിപ്പെടുന്നു. തന്റെ പ്രിയപുത്രന്റെ കൃപാവരസമൃദ്ധിയുടെ യോഗ്യതമൂലം, അവളുടെ പുത്രനായിത്തീരാൻ തിരുമനസ്സായവന്റെ രക്ഷാകരയോഗ്യതമൂലം, ഉദ്ഭവപാപം പരമ്പരയാ വന്നുഭവിക്കുന്നതിൽനിന്ന് മറിയം പരിരക്ഷിക്കപ്പെട്ടു. ഈ വിധത്തിൽ തന്റെ ഉദ്ഭവത്തിന്റെ അതായത് അസ്തിത്വമെടുത്തതിന്റെ, ആദ്യനിമിഷം മുതൽ മറിയം രക്ഷാകരവും പവിത്രീകരവുമായ കൃപാവരത്തിലും നിത്യപിതാവിന്റെ പ്രിയപുത്രനിൽ – അവതാരത്തിലൂടെ സ്വന്തം പുത്രനായിത്തീർന്നവനിൽ – ആരംഭമെടുത്ത സ്നേഹത്തിലും പങ്കുചേർന്ന് ക്രിസ്തുവിനുള്ളവളായിത്തീർന്നു. തത്ഫലമായി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവസ്വഭാവത്തിലുള്ള ഭാഗഭാഗിത്വമാകുന്ന കൃപാവരത്താൽ മറിയം, അമ്മ എന്ന നിലയിൽ ശാരീരികമായി താൻ ജന്മം നല്കിയവനിൽനിന്ന് ജീവൻ സ്വീകരിക്കുന്നു. "തന്നെ സൃഷ്ടിച്ചവന് ജന്മം കൊടുത്തവളേ" എന്നു മറിയത്തെ വിളിക്കാനും വി. ബർണാർഡിന്റെ അധരങ്ങളിലൂടെ "സ്വന്തം മകനു മകളാകുന്നവളേ" എന്നു വിളിച്ച ഡാന്റെയുടെ വാക്കുകളാൽ[27] അവളെ വാഴ്ത്താനും ആരാധനക്രമം മടിക്കുന്നില്ല. പുത്രന് അമ്മയോടുള്ള സ്നേഹത്തിന് അനുയോജ്യമാംവിധം അത്രയ്ക്കു തികവിൽ, ദൈവമാതൃത്വത്തിന്റെ അന്തസ്സിന് അനുയോജ്യമാംവിധം, മറിയം ഈ 'പുതുജീവൻ' സ്വീകരിക്കുന്നതുകൊണ്ട് മംഗലവാർത്തയിൽ ദൂതൻ അവളെ 'കൃപാവരം നിറഞ്ഞവളേ' എന്നു വിളിക്കുന്നു.

www.malankaralibrary.com



11. പരിശുദ്ധ ത്രിത്വത്തിന്റെ രക്ഷാകരപദ്ധതിയിൽ ഉദ്ഭവ പാപത്തിനുശേഷം മനുഷ്യനു ദൈവം നല്കിയ വാഗ്ദാനത്തിന്റെ സമൃദ്ധമായ സാക്ഷാൽക്കാരമാണ് അവതാരരഹസ്യം. ആദ്യപാപത്തിന്റെ ഫലങ്ങളാണല്ലോ മാനവചരിത്രത്തിലുടനീളം (ഉൽപ 3:15) മനുഷ്യവംശത്തെ ഞെരുക്കുന്നത്. പാപമാകുന്ന തിന്മയെ സമൂലം ഞെരിച്ചുകളയുന്ന 'സ്ത്രീയുടെ സന്തതി' അങ്ങനെ ഇതാ, ലോകത്തിലേക്കു സമാഗതനാകുന്നു. ''അവൻ സർപ്പത്തിന്റെ തല തകർക്കും'' എന്ന് പ്രാക് സുവിശേഷ (proto-gospel) ത്തിൽ കാണുന്നതുപോലെ, സ്ത്രീയുടെ മകന്റെ വിജയം ഒരു പൊരിഞ്ഞ പോരാട്ടംകൂടാതെ സംഭവിക്കുകയില്ല— മനുഷ്യവർഗ്ഗത്തോളം നീണ്ടുനില്ക്കുന്ന ഒരു പോരാട്ടം. ആദിയിലേതന്നെ മുൻകൂട്ടി പറയപ്പെട്ട ഈ 'ശത്രുത' സഭയുടേയും ലോകത്തിന്റേയും അന്ത്യസംഭവങ്ങൾ വിവരിക്കുന്ന വെളിപാടിന്റെ പുസ്തകത്തിൽ സ്ഥിരീകരിക്കപ്പെടുന്നു. അതിൽ പ്രസ്തുത സ്ത്രീയുടെ, 'സൂര്യനെ ഉടയാടയാക്കിയ (വെളി 12:1) സ്ത്രീ'യുടെ, അടയാളം വീണ്ടും കാണുന്നു.

ഈ ശത്രുതയുടെ, ഭൂമിയിലെ മാനവചരിത്രത്തെ — രക്ഷാകര ചരിത്രത്തെത്തന്നെ — പിന്തുടരുന്ന ഈ പോരാട്ടത്തിന്റെ, നടുനായക സ്ഥാനത്ത് അവതാരമെടുത്ത വചനത്തിന്റെ അമ്മയായ മറിയത്തെ അവരോധിച്ചിരിക്കുന്നു. കർത്താവിന്റെ ബലഹീനരിലും ദരിദ്രരിലുംപെട്ട അവൾ പിതാവ് തന്റെ ''പ്രിയപുത്രനിലൂടെ നമ്മിൽ ചൊരിഞ്ഞ'' അതേ കൃപാവരത്തിന്റെ മഹിമ,- മനുഷ്യവർഗ്ഗത്തിൽ മററാരേയുംപോലെ അല്ലാതെ, തന്നിൽത്തന്നെ സംവഹിക്കുന്നു. ഈ കൃപാവരമാണ് അവളുടെ അസ്തിത്വത്തിന്റെ അതിവിശേഷമായ മഹത്വവും അഴകും നിർണ്ണയിക്കുന്നത്. പൗലോസിന്റെ ലേഖനത്തിൽ പരാമർശിക്കുന്ന ദൈവതിരഞ്ഞെടുപ്പിന്റെ— ''ലോകസ്ഥാപനത്തിനുമുമ്പേതന്നെ.... തന്റെ മക്കളായിരിക്കേണ്ടതിന്.... അവിടുന്ന്.... ക്രിസ്തുവിൽ.... നമ്മെ തിരഞ്ഞെടുത്തു'' (എഫേ. 1:4–5) മാററമില്ലാത്ത, അലംഘനീയമായ അടയാളമായി മറിയം ദൈവത്തിന്റേയും മനുഷ്യവംശം മുഴുവന്റേയും മുമ്പിൽ പരിലസിക്കുന്നു. തിന്മയുടേയും പാപത്തിന്റേയും ഏത് അനുഭവത്തേയും മനുഷ്യചരിത്രത്തെ തീണ്ടുന്ന ഏതു 'ശത്രുത'യേയും വെല്ലുന്നതാണ് ഈ

www.malankaralibrary.com



തിരഞ്ഞെടുപ്പ്. ഈ ചരിത്രത്തിൽ മറിയം ഉറപ്പുള്ള പ്രത്യാശയുടെ അടയാളമായി പ്രശോഭിക്കുന്നു.

## 2. വിശ്വസിച്ചവൾ ഭാഗ്യവതി

12. മംഗലവാർത്താ വിവരണത്തെത്തുടർന്ന്, സുവിശേഷകനായ ലൂക്കാ നസറത്തിലെ കന്യകയുടെ കാലടിപ്പാടുകളിലൂടെ നമ്മെ ഒരു യൂദയാനഗരത്തിലേക്ക് ആനയിക്കുന്നു. (ലൂക്കാ 1:39). പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഈ നഗരം, ജറുസലെമിൽനിന്നു വളരെ അകലെയല്ലാതെ മലപ്രദേശത്തു സ്ഥിതിചെയ്യുന്ന ഇപ്പോഴത്തെ 'അയിൻ കരിം' (Ain karim) ആയിരിക്കണം. തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിക്കുവാൻ മറിയം 'തിടുക്ക'ത്തിൽ അവിടെ എത്തി. ദൈവശക്തിയാൽ, ഭർത്താവായ സഖറിയാസിൽനിന്നു വാർദ്ധക്യകാലത്ത് എലിസബത്ത് ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു എന്നു ഗബ്രിയേൽ മംഗലവാർത്തയിൽ പ്രത്യേകം പരാമർശിച്ചതുകൊണ്ടു കൂടിയാണ് ഈ സന്ദർശനം. "നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്നു പറഞ്ഞിരുന്ന അവൾക്ക് ഇത് ആറാംമാസമാണ്. ദൈവത്തിന് ഒന്നും അസാധ്യമല്ല" (ലൂക്കാ 1:36–37). "ഇതെങ്ങനെ സംഭവിക്കും; ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" (ലൂക്കാ 1:34) എന്ന മറിയത്തിന്റെ ചോദ്യത്തിനു മറുപടി ആയിട്ടാണ് എലിസബത്തിൽ സംഭവിച്ച കാര്യം ദൈവദൂതൻ എടുത്തു പറഞ്ഞത്. എലിസബത്തിന്റെ കാര്യത്തിൽ എന്നതുപോലെ, അതിനെക്കാൾ കൂടുതലായി, അത്യുന്നതന്റെ ശക്തിയാലാണ് ഇതു സംഭവിക്കേണ്ടിയിരുന്നത്.

പരസ്നേഹത്താൽ പ്രേരിതയായി മറിയം തന്റെ ചാർച്ചക്കാരിയുടെ വീട്ടിലേക്കു പോകുന്നു. അവൾ ഭവനത്തിൽ പ്രവേശിക്കുമ്പോൾ എലിസബത്ത് പ്രത്യഭിവാദനം ചെയ്യുന്നു. തന്റെ ഉദരത്തിലെ ശിശു കുതിച്ചുചാടുന്നത് അറിയുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട് അവൾ ഉച്ചൈസ്തരം പ്രഘോഷിക്കുന്നു: "സ്ത്രീകളിൽ അനുഗൃഹീതയാണു നീ: നിന്റെ ഉദരഫലവും അനുഗൃഹീതം!" (cf. ലൂക്കാ 1: 40–42). എലിസബത്തിന്റെ ആശ്ചര്യം അഥവാ വാഴ്ത്തി സ്തു

www.malankaralibrary.com



തിക്കൽ, ദൈവദൂതൻെറ അഭിവാദനത്തിൻെറ തുടർച്ചപോലെ ആയിത്തീർന്ന് പില്ക്കാലത്ത് പ്രചുരപ്രചാരം നേടിയ 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയുടെ ഭാഗമായിത്തീരേണ്ടിയിരുന്നു. എന്നാൽ, എലിസബത്തിൻെറ തുടർന്നുള്ള ചോദ്യത്തിലെ വാക്കുകൾ കൂടുതൽ ശ്രദ്ധേയമാണ്: "എൻെറ കർത്താവിൻെറ അമ്മ എൻെറ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്ന്?" (ലൂക്കാ 1:43). എലിസബത്ത് മറിയത്തിനു സാക്ഷ്യം നല്കുകയാണിവിടെ. തൻെറ മുമ്പിൽ നില്ക്കുന്നത് കർത്താവിൻെറ അമ്മ, മിശിഹായുടെ അമ്മ, ആണെന്ന് അവൾ തിരിച്ചറിയുകയും ഉദ്ഘോഷിക്കുകയും ചെയ്യുന്നു. എലിസബത്തിൻെറ ഉദരത്തിലെ ശിശുവും ഈ സാക്ഷ്യത്തിൽ പങ്കുചേരുന്നു: "ശിശു എൻെറ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി" (ലൂക്കാ 1:44). ഈ ശിശുതന്നെയാണ് പിൽക്കാലത്ത് ജോർദ്ദാൻ നദീതീരത്തുവച്ച് യേശുവിനെ 'മിശിഹാ' ആയി ചൂണ്ടിക്കാണിച്ച സ്നാപകയോഹന്നാൻ.

എലിസബത്തിൻെറ അഭിവാദനത്തിലെ ഓരോ വാക്കും അർത്ഥവത്താണ്; എങ്കിലും, അവസാന വാക്കുകൾക്കാണ് അടിസ്ഥാനപരമായ പ്രാധാന്യം." കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്നു വിശ്വസിച്ചവൾ ഭാഗ്യവതി"[28] (ലൂക്കാ. 1:45). ഈ വാക്കുകൾ ദൂതൻെറ അഭിവാദനത്തിലെ 'കൃപാവരം നിറഞ്ഞവൾ' എന്ന പ്രയോഗത്തോട് കൂട്ടിയിണക്കാം. ഈ രണ്ടു പ്രസ്താവങ്ങളും മരിയശാസ്ത്രത്തിൻെറ കാതലായ ഉള്ളടക്കം വെളിവാക്കുന്നു; അതായത്, 'വിശ്വസിച്ചതുകൊണ്ടു'തന്നെ ക്രിസ്തുരഹസ്യത്തിൽ യഥാർത്ഥമായും മറിയം സന്നിഹിതയായിത്തീർന്നു എന്ന സത്യം. മാലാഖ അരുളിച്ചെയ്ത 'കൃപാവരപൂർണ്ണത' ദൈവത്തിൻെറ സ്വയം ദാനത്തെയാണു സൂചിപ്പിക്കുന്നത്. ഈ ദാനത്തോട് നസറത്തിലെ കന്യക പ്രതികരിച്ച രീതിയിലൂടെ അവളുടെ വിശ്വാസം പ്രകടമാകുന്നു. ഈ വിശ്വാസം തന്നെയാണ് അവളുടെ സന്ദർശനവേളയിൽ എലിസബത്ത് ഉദ്ഘോഷിച്ചതും.

13. കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, 'വിശ്വാസത്തിൽനിന്നു വരുന്ന അനുസരണം' (റോമാ 16:26 ; cf. റോമാ 1:5; 2 കോറി 10: 5–6) സ്വയം വെളിപ്പെടുത്തിയ ദൈവത്തിനു മനുഷ്യൻ കൊടുക്കേണ്ടിയിരിക്കുന്നു. ഈ

www.malankaralibrary.com



അനുസരണംവഴി അവൻ തന്നെത്തന്നെ മുഴുവനായും സ്വതന്ത്രമായും ദൈവത്തിനു ഭരമേല്പിക്കുന്നു.[29] ഈ വിശ്വാസവിവരണം തികച്ചും അന്വർത്ഥമായിക്കാണുന്നത് മറിയത്തിലാണ്. മംഗലവാർത്തയാണ് "നിർണ്ണായക"നിമിഷം. "വിശ്വസിച്ചവൾ അനുഗൃഹീത" എന്ന എലിസബത്തിൻെറ വാക്കുകൾ പ്രഥമത: ആ നിർണ്ണായക നിമിഷത്തെയാണ്[30] കുറിക്കുന്നത്.

ദൂതൻവഴി തന്നോടു സംസാരിച്ച ദൈവത്തിന്[31] 'വിശ്വാസത്തിൽനിന്ന് ഉളവാകുന്ന അനുസരണം' പ്രകടമാക്കുമാറ് തൻെറ "ബുദ്ധിയും മനസ്സും മുഴുവനായി സമർപ്പിച്ചുകൊണ്ട്" മംഗലവാർത്തയിൽ മറിയം തന്നെത്തന്നെ പൂർണ്ണമായി ദൈവത്തിനു ഭരമേല്പിച്ചു, മാനുഷികവും സ്ത്രൈണവുമായ തൻെറ മുഴുവൻ അസ്തിത്വത്തോടും കൂടി അവൾ പ്രത്യുത്തരിച്ചു. വിശ്വാസത്തിൻെറ ഈ പ്രത്യുത്തരത്തിൽ രണ്ടു കാര്യങ്ങൾ ഉൾപ്പെടുന്നു: 1. മാർഗ്ഗദർശകവും സഹായകവുമായ 'കൃപാവര'ത്തോടുള്ള പരിപൂർണ്ണ സഹകരണം 2. തൻെറ ദാനങ്ങളാൽ[32] നിരന്തരം വിശ്വാസത്തെ പൂർണ്ണമാക്കുന്ന പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തിനു തന്നെത്തന്നെ സമർപ്പിക്കാനുള്ള സന്നദ്ധത.

ജീവിക്കുന്ന ദൈവത്തിൻെറ വചനത്തിലൂടെ ദൂതൻ മറിയത്തെ അറിയിച്ചു: "നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും" (ലൂക്കാ 1:31). ഈ അറിയിപ്പ് സ്വീകരിക്കുകവഴി അവൾ 'കർത്താവിൻെറ അമ്മ'യായിത്തീരുകയും അങ്ങനെ, മനുഷ്യാവതാരമെന്ന ദിവ്യരഹസ്യം അവളിൽ നിവർത്തിതമാക്കുകയും ചെയ്യേണ്ടിയിരുന്നു: "മനുഷ്യാവതാരത്തിനു മുമ്പുതന്നെ മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ടിരുന്ന ഈ അമ്മയുടെ സമ്മതം നേടാൻ കാരുണ്യവാനായ പിതാവ് തിരുമനസ്സായി".[33] ദൂതനു പറയാനുള്ളതെല്ലാം കേട്ടിട്ട് മറിയം ഇങ്ങനെ സമ്മതം നല്കി: "ഇതാ കർത്താവിൻെറ ദാസി. നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1:38). "നിറവേറട്ടെ" **(fiat)** എന്ന ഈ മറുപടി ദിവ്യരഹസ്യം നിവർത്തിതമാകാൻ മാനുഷികതലത്തിൽ നിർണ്ണായകമായിരുന്നു. ഹെബ്രായർക്കുള്ള ലേഖനത്തിൽ, അവതീർണനായ പുത്രൻ പിതാവിനോടു പറയുന്നതിലും ഇതു തന്നെയാണു മുഴങ്ങിക്കേൾക്കുക: "ബലികളും കാഴ്ചവസ്തുക്കളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ,

www.malankaralibrary.com



അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു.... ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേററാൻ ഇതാ ഞാൻ വന്നിരിക്കുന്നു'' (ഹെബ്രാ 10:5–7). മറിയം 'നിറവേറട്ടെ' എന്ന് ഉച്ചരിച്ചതോടെ, മനുഷ്യാവതാര രഹസ്യം ഒരു യാഥാർത്ഥ്യമായി. ''നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ'' എന്ന മറുപടിവഴി പുത്രന്റെ ആഗ്രഹം സഫലമാക്കുക എന്നതിൽ ദൈവികപദ്ധതിയിൽ തനിക്കു ചെയ്യാനുള്ളതെല്ലാം മറിയം സാധ്യമാക്കിത്തീർത്തു.

വിശ്വാസത്താലാണ് മറിയം ''നിറവേറട്ടെ'' എന്ന് ഉച്ചരിച്ചത്. ഇതേ വിശ്വാസത്താൽത്തന്നെ, അവൾ കലവറയില്ലാതെ ദൈവത്തിനു തന്നെത്തന്നെ ഭരമേല്പിച്ചുകൊടുക്കുകയും തന്റെ പുത്രനും അവിടുത്തെ ദൗത്യത്തിനും വേണ്ടി കർത്താവിന്റെദാസി എന്നനിലയിൽ പൂർണ്ണമായി സമർപ്പിക്കുകയും ചെയ്തു[34]. ഈ പുത്രനെ– സഭാപിതാക്കൻമാർ പഠിപ്പിക്കുന്നതുപോലെ– അവൾ ഗർഭംധരിക്കുന്നതിനുമുമ്പേ തന്റെ മനസ്സിൽ സംവഹിച്ചു; അതും വിശ്വാസം വഴിതന്നെ[35]. തന്നിമിത്തം ന്യായമായും മറിയത്തെ എലിസബത്ത് ഇങ്ങനെ വാഴ്ത്തി: ''കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്നു വിശ്വസിച്ചവൾ ഭാഗ്യവതി!'' ഈ വാക്കുകൾ ദൈവപുത്രന്റെ അമ്മ എന്നനിലയിൽ മറിയം എലിസബത്തിന്റേയും സഖറിയായുടേയും ഭവനത്തിന്റെ പടിവാതിലിൽ കാലുകുത്തുന്നതിനു മുമ്പേതന്നെ നിറവേറിക്കഴിഞ്ഞിരുന്നു. ഇക്കാര്യം ഗ്രഹിച്ച് എലിസബത്ത് ആഹ്ളാദത്തോടെ ഉദ്ഘോഷിച്ചു: ''കർത്താവിന്റെ അമ്മ എന്റെ അടുത്തേക്കു വന്നിരിക്കുന്നു!''

14. 'വിശ്വാസത്തിലെ നമ്മുടെ പിതാവ്' എന്ന് വി. പൗലോസ് വിളിക്കുന്ന അബ്രാഹത്തിന്റെ വിശ്വാസത്തോടു മറിയത്തിന്റെ വിശ്വാസത്തെ ഉപമിക്കാം (cf. റോമാ 4:12). ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ വെളിപ്പെടുത്തലിൽ അബ്രാഹത്തിന്റെ വിശ്വാസം പഴയ ഉടമ്പടിയുടെ ആരംഭത്തേയും, മംഗലവാർത്തയിൽ മറിയത്തിന്റെ വിശ്വാസം പുതിയ ഉടമ്പടിയുടെ ഉദ്ഘാടനത്തേയും കുറിക്കുന്നു. പ്രതീക്ഷയ്ക്കു സാധ്യത ഇല്ലാതിരുന്നിട്ടും, താൻ ജനപദങ്ങളുടെ പിതാവാകുമെന്ന് (cf. റോമാ 4:18) അബ്രാഹം വിശ്വസിച്ചതുപോലെതന്നെ, മംഗലവാർത്തയിൽ തന്റെ കന്യകാത്വം പ്രഖ്യാപിച്ചിട്ട് (ഇതെങ്ങനെ സംഭ

www.malankaralibrary.com



വിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ!) മറിയവും വിശ്വസിച്ചു, "ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1: 35) എന്ന മാലാഖയുടെ വെളിപ്പെടുത്തൽ അനുസരിച്ച് അത്യുന്നതന്റെ ശക്തിയാൽ, പരിശുദ്ധാത്മാവിന്റെ പ്രാഭവത്താൽ, താൻ ദൈവപുത്രന്റെ അമ്മ ആകുമെന്ന്!

ഏതായാലും, "വിശ്വസിച്ചവൾ ഭാഗ്യവതി" എന്ന എലിസബത്തിന്റെ വാക്കുകൾ മംഗലവാർത്താവേളയിലെ ആ പ്രത്യേക നിമിഷത്തെക്കുറിച്ചു മാത്രമുള്ളതല്ല. തീർച്ചയായും, മംഗലവാർത്ത ക്രിസ്തുവിനു വേണ്ടിയുള്ള മറിയത്തിന്റെ കാത്തിരിപ്പിന്റെ പരമകാഷ്ഠതന്നെ. അതോടൊപ്പം, "ദൈവോന്മുഖമായ തന്റെ യാത്ര", തന്റെ "വിശ്വാസത്തിന്റെ തീർത്ഥാടനം" ആരംഭിക്കുന്ന ഒരു വഴിത്തിരിവ് കൂടിയാണത്. ഈ യാത്രയിൽ വളരെ ശ്രേഷ്ഠമായി, തികച്ചും വീരോചിതമായി – വിശ്വാസത്തിൽ മുമ്പെന്നതിനെക്കാൾ വീരോചിതമായി – ദൈവം വെളിപ്പെടുത്തിയ വചനത്തോട് അവൾ പ്രഖ്യാപിച്ച 'അനുസരണം' സാക്ഷാത്കരിക്കപ്പെടും. തന്റെ തീർത്ഥാടനത്തിൽ ഉടനീളം മറിയം പ്രകടിപ്പിക്കുന്ന "വിശ്വാസത്തിന്റെ അനുസരണ"ത്തിന് അബ്രാഹത്തിന്റെ വിശ്വാസത്തോട് വളരെ അടുത്ത സാദൃശ്യം ഉണ്ട്. ദൈവജനത്തിന്റെ ഗോത്രപിതാവായ അബ്രാഹത്തെപ്പോലെതന്നെ മറിയവും മകൾ, അമ്മ എന്നീ നിലകളിൽ പ്രത്യുത്തരം നല്കിക്കൊണ്ടുള്ള തീർത്ഥാടനത്തിൽ പ്രതീക്ഷയ്ക്കു വകയില്ലാതിരുന്നിട്ടും പ്രതീക്ഷയർപ്പിക്കുന്നു; പ്രത്യേകിച്ച്, ഈ യാത്രയുടെ ചില ഘട്ടങ്ങളിൽ 'വിശ്വസിച്ചവൾ'ക്കായി നല്കപ്പെട്ട അനുഗ്രഹം പ്രത്യേകം സജീവമായി വെളിപ്പെടുന്നുണ്ട്. വിശ്വസിക്കുക എന്നത് ജീവിക്കുന്ന ദൈവത്തിന്റെ വിധികൾ ദുർഗ്രഹവും അവിടുത്തെ വഴികൾ ദുർജ്ഞേയവുമാണെന്നറിഞ്ഞ് താഴ്മയോടെ അത് അംഗീകരിച്ച് അവിടുത്തെ വചനത്തിന്റെ പൊരുളിന് തന്നെത്തന്നെ വിട്ടുകൊടുക്കുക' (റോമാ 11:33) എന്നതാണ്. അങ്ങനെ, മറിയവും ദൈവത്തിന്റെ ദുർജ്ഞേയമായ മാർഗ്ഗങ്ങളുടേയും ദുർഗ്രഹമായ വിധികളുടേയും കേന്ദ്രസ്ഥാനത്ത് വിശ്വാസം തനിക്ക് നല്കിയ അരണ്ട വെളിച്ചത്തിൽ അവയോടു പൊരുത്തപ്പെട്ടുകൊണ്ട് ദൈവിക പദ്ധതിയിൽ തനിക്കായി നിശ്ചയിക്കപ്പെട്ടവയെല്ലാം

www.malankaralibrary.com



പൂർണ്ണമായും ഹൃദയസന്നദ്ധതയോടെയും സ്വീകരിച്ചു കൊണ്ടു നിലകൊള്ളുന്നു എന്നു പറയാം.

15. യേശുവിന്റെ അമ്മയാകേണ്ടവളും അവനെ ഈശോ (രക്ഷകൻ) എന്നു വിളിക്കേണ്ടവളുമായ മറിയം, തന്റെ പുത്രനെക്കുറിച്ച് മംഗലവാർത്താവേളയിൽ ഇക്കാര്യം കൂടി മനസ്സിലാക്കുന്നു: "പിതാവായ ദാവീദിന്റെ സിംഹാസനം കർത്താവായ ദൈവം അവനു കൊടുക്കും", "യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും", "അവന്റെ ഭരണത്തിന് അവസാനം ഉണ്ടാകുകയില്ല" (ലൂക്കാ 1:32-33). ഇതിലേക്കായിരുന്നല്ലോ, ഇസ്രായേൽജനം മുഴുവൻ ഉററുനോക്കിയിരുന്നത്. വാഗ്ദാനം ചെയ്യപ്പെട്ട 'മിശിഹാ വലിയവനാണ്. സ്വർഗ്ഗീയദൂതൻ അരുളിച്ചെയ്യുന്നതും "അവൻ വലിയവനായിരിക്കും" എന്നാണ് – "അത്യുന്നതന്റെ പുത്രൻ" എന്ന നാമധാരിയായതുകൊണ്ടും ദാവീദിന്റെ സിംഹാസനത്തിന് അനന്തരാവകാശിയാകും എന്നതുകൊണ്ടും വലിയവൻ. അതുകൊണ്ട്, അവിടുന്നു രാജാവായിരിക്കണം, യാക്കോബിന്റെ ഭവനത്തിന്മേൽ ഭരണം നടത്തണം. തന്റെ ജനത്തിന്റെ ഇവ്വിധ പ്രതീക്ഷകൾക്കു മധ്യേയാണ് അവൻ വളർന്നുവന്നത്. മംഗലവാർത്തയുടെ നിമിഷത്തിൽ മാലാഖയുടെ വാക്കുകളുടെ മർമ്മപ്രാധാന്യം മറിയം ഗ്രഹിച്ചിരിക്കുമോ? 'അവസാനമില്ലാത്ത ആ രാജ്യത്തെ'ക്കുറിച്ച് അവൾ എങ്ങനെയാണു മനസ്സിലാക്കുക?'

ഏതായാലും, താൻ "മിശിഹാ – രാജാവി"ന്റെ അമ്മ ആകേണ്ടവളാണെന്നു വിശ്വാസത്താൽ തൽക്ഷണം അവൾ മനസ്സിലാക്കിയിരിക്കണം. അവളുടെ മറുപടി നോക്കുക: "ഇതാ, കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1:38). മംഗലവാർത്താവേളയിൽ ദൈവത്തിന്റെ വാക്കുകൾക്ക് അവിടുന്നു തന്നെ നല്കിയ പൊരുളിന് തന്നെത്തന്നെ വിട്ടുകൊടുത്തുകൊണ്ട്, ആ നിമിഷം മുതല്ക്കേ വിശ്വാസത്തിൽനിന്നു വരുന്ന അനുസരണം സർവ്വോപരി അവൾ പ്രഖ്യാപിച്ചു.

16. പിന്നീട്, വിശ്വാസത്തിൽനിന്നു വരുന്ന അനുസരണത്തിന്റെ പാതയിലൂടെ അല്പം മുന്നേറിയപ്പോൾ മറിയം വീണ്ടും കേൾക്കുന്നു, ജറുസലെം ദൈവാലയത്തിൽവച്ച് ശിമയോന്റെ വാക്കുകൾ. യേശു ജനിച്ചിട്ടു

www.malankaralibrary.com



നാല്പതു ദിവസം കഴിഞ്ഞപ്പോഠം, മോശയുടെ നിയമം അനുസരിച്ച് മറിയവും ജോസഫും അവനെ 'കർത്താവിനു സമർപ്പിക്കാൻ ജറുസലത്തേക്കു കൊണ്ടുപോയ' (ലൂക്കാ 2:22) സന്ദർഭത്തിലാണിത്. ഏററം ദരിദ്രാവസ്ഥയിലായിരുന്നല്ലോ യേശുവിൻെറ ജനനം. റോമൻ അധികാരികളുടെ കല്പനയനുസരിച്ച്, 'കന്യേഷുമാരി'ക്ക് ജോസഫിനോടൊത്ത് മറിയം ബത്ലേഹെമിലേക്കു പോയി എന്നും "സത്രത്തിൽ സ്ഥലം ലഭിക്കായ്കയാൽ ഒരു കാലിത്തൊഴുത്തിൽ തൻെറ പുത്രനെ പ്രസവിച്ച് പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി"യെന്നും ലൂക്കായുടെ സുവിശേഷത്തിൽ നിന്നു നാം മനസ്സിലാക്കുന്നു (ലൂക്കാ 2:7).

മറിയത്തിൻെറ വിശ്വാസപ്രയാണത്തിൻെറ തുടക്കത്തിൽ ദൈവഭക്തനും നീതിമാനുമായ ശിമയോനെ നാം കാണുന്നു. അദ്ദേഹത്തിൻെറ ആത്മപ്രചോദിതമായ വാക്കുകഠം മംഗലവാർത്തയുടെ സത്യത്തെ സ്ഥിരീകരിക്കുന്നു (cf. ലൂക്കാ 2: 25-27). ദൈവദൂതൻെറ നിർദ്ദേശപ്രകാരം യേശു എന്നു പേരിട്ട ശിശുവിനെ അദ്ദേഹം കരങ്ങളിൽ വഹിച്ചതായി നാം വായിക്കുന്നു (cf. ലൂക്കാ 2:21). 'രക്ഷകൻ: ദൈവം രക്ഷയാകുന്നു' എന്നർത്ഥമുള്ള ഈ പേരിനോട് ഇണങ്ങുന്നതാണ് ശിമയോൻെറ വാക്കുകഠം. കർത്താവിലേക്ക് കണ്ണുകഠം ഉയർത്തി അദ്ദേഹം പറയുന്നു: "സകല ജനതകഠംക്കും വേണ്ടി അങ്ങ് ഒരുക്കിയ രക്ഷ എൻെറ കണ്ണുകഠം കണ്ടുകഴിഞ്ഞു. അത് വിജാതീയർക്കു വെളിപാടിൻെറ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിൻെറ മഹിമയും ആണ്" (ലൂക്കാ 2; 30-32). അതേസമയം, മറിയത്തെ നോക്കി അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവും ആയിരിക്കും. അങ്ങനെ, അനേകരുടെ ഹൃദയവിചാരങ്ങഠം വെളിപ്പെടും". എന്നിട്ട്, മറിയത്തെ സംബന്ധിച്ച് ശിമയോൻ ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: "നിൻെറ ഹൃദയത്തിലൂടെ ഒരു വാഠം തുളച്ചുകയറുകയും ചെയ്യും" (cf. ലൂക്കാ 2:34-35).

'യേശുവാണ് രക്ഷകൻ'; അവിടുന്ന് മാനവരാശിക്ക് "വെളിപാടിൻെറ പ്രകാശമാണ്" എന്ന് ദൈവദൂതനിൽ

www.malankaralibrary.com



നിന്ന് മറിയം കേട്ട അരുളപ്പാടിന് ശിമയോന്റെ വാക്കുകൾ പുതിയ വെളിച്ചം നല്കുന്നു. ഇതു തന്നെയല്ലേ ഒരർത്ഥത്തിൽ ക്രിസ്മസ് രാത്രി ഇടയന്മാർ കാലിത്തൊഴുത്തിലേക്കു വന്നപ്പോൾ അവർക്കു കാണപ്പെട്ടതും (cf· ലൂക്കാ 2: 8–20)? ഇതു തന്നെയല്ലേ, കിഴക്കുനിന്നുള്ള ജ്ഞാനികൾ വന്നപ്പോൾ കുറേക്കൂടി വ്യക്തമായി വെളിവാക്കപ്പെട്ടതും (cf. മത്താ 2: 1–12)? അതേസമയം, തന്റെ ജീവിതാരംഭത്തിൽത്തന്നെ മറിയത്തിന്റെ പുത്രനും പുത്രനോടൊപ്പം അമ്മയും 'വിവാദവിഷയമായ അടയാളം' എന്ന ശിമയോന്റെ വാക്കുകളുടെ പൊരുൾ അനുഭവിച്ചറിയുന്നുണ്ട് (cf. ലൂക്കാ 2:34). ശിമയോന്റെ വാക്കുകൾ മറിയത്തെ സംബന്ധിച്ചിടത്തോളം ഒരു രണ്ടാം മംഗലവാർത്തയാണെന്നു പറയാം. കാരണം, തെററിദ്ധരിക്കപ്പെടലിലും ദുഃഖത്തിലും തന്റെ ദൗത്യം പുത്രൻ നിറവേററുന്ന യഥാർത്ഥത്തിലുള്ള ചരിത്രപരമായ സാഹചര്യത്തെയാണ് ആ വാക്കുകൾ അവൾക്ക് വ്യക്തമാക്കുന്നത്. ശിമയോന്റെ പ്രവചനം, ആദ്യമായി രക്ഷയുടെ ദൈവിക വാഗ്ദാനം നിറവേറുമെന്നതിൽ മറിയത്തിനുള്ള വിശ്വാസം സ്ഥിരീകരിക്കുന്നു. രണ്ടാമതായി, പീഡകൾ സഹിക്കുന്ന രക്ഷകന്റെ അടുത്ത് പീഡകൾ സഹിച്ചുകൊണ്ടു തന്നെ അവൾ വിശ്വാസത്തിൽനിന്നുവരുന്ന അനുസരണം പ്രാവർത്തികമാക്കണമെന്നും അവളുടെ മാതൃത്വം രഹസ്യാത്മകവും ദുഃഖപൂരിതവും ആയിരിക്കുമെന്നും. കിഴക്കുനിന്നുള്ള ജ്ഞാനികൾ വന്ന് വണങ്ങി (അവർ അവനെ കുമ്പിട്ടാരാധിച്ചു) കാഴ്ചകൾ അർപ്പിച്ച (cf. മത്താ 2:11) ശേഷം മറിയത്തിന് ശിശുവിനോടൊത്ത് ജോസഫിന്റെ സംരക്ഷണയിൽ ഈജിപ്തിലേക്ക് പലായനം ചെയ്യേണ്ടിയിരുന്നു. കാരണം, ''ഹേറോദേസ് ശിശുവിനെ വധിക്കാൻ വേണ്ടി അന്വേഷണം തുടങ്ങും'' (cf. മത്താ 2:13). ഹേറോദേസിന്റെ മരണംവരെ അവർക്ക് ഈജിപ്തിൽത്തന്നെ കഴിഞ്ഞുകൂടേണ്ടിവന്നു (cf മത്താ 2:15).

17. ഹേറോദേസിന്റെ കാലശേഷം നസറത്തിലേക്കു തിരുക്കുടുംബം തിരിച്ചുവന്നു. അതോടെ, നീണ്ടുനിന്ന രഹസ്യജീവിതം ആരംഭിക്കുന്നു. 'കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ച' (ലൂക്കാ 1:45) മറിയം ആ വാക്കുകളുടെ യാഥാർത്ഥ്യം അനുദിനജീവിത

www.malankaralibrary.com



ത്തിൽ അനുഭവിക്കുന്നു. താൻ 'യേശു' എന്ന് പേരു വിളിച്ച പുത്രനും എന്നും അവളുടെ അരികെ ഉണ്ടായിരുന്നു. അനുദിനജീവിതത്തിൽ എത്രയോ തവണ മറിയം ആ പേര് വിളിച്ചിട്ടുണ്ടാവണം! അതിൽ ആർക്കും അസാധാരണത്വം തോന്നിയില്ല. കാരണം, ഇസ്രായേലിൽ അത്ര സർവ്വസാധാരണമായിരുന്നു ആ പേര്. മറിയത്തിനാകട്ടെ, യേശു എന്ന പേരിന്റെ ഉടമയെ "അത്യുന്നതന്റെ പുത്രൻ" എന്നു ദൈവദൂതൻ അഭിസംബോധനചെയ്ത കാര്യം അറിയാമായിരുന്നു (cf. ലൂക്കാ 1:32). പുത്രനു താൻ ജന്മം നല്കിയത് "ഭർത്തൃമതിയാകാതെ" പരിശുദ്ധാത്മാവിന്റെ പ്രാഭവത്താൽ, അത്യുന്നതന്റെ ശക്തി തന്റെ മേൽ ആവസിച്ചിട്ടാണെന്ന് (cf. ലൂക്കാ 1;35) അവരംക്കറിയാമായിരുന്നു, മോശയുടേയും ഗോത്രപിതാക്കന്മാരുടേയും കാലത്ത് ദൈവസന്നിധിയിൽ മേഘം ചൂഴ്ന്നുനിന്നതുപോലെ (cf. പുറ 24;16; 40:34_35; 1 രാജാ 8:10_12). അതുകൊണ്ട് കന്യക എന്ന നിലയിൽ താൻ ജന്മം നല്കിയ പുത്രൻ മാലാഖ പരാമർശിച്ച "പരിശുദ്ധൻ" "ദൈവപുത്രൻ" ആണെന്ന് മറിയത്തിന് സുനിശ്ചിതമായിരുന്നു.

നസറത്തിലെ വീട്ടിൽ യേശു രഹസ്യജീവിതം നയിച്ചപ്പോരം മറിയവും വിശ്വാസത്തിലൂടെ ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ നിഗൂഢമായ ജീവിതം നയിച്ചുപോന്നു (cf. കൊളോ 3,3). വിശ്വാസമെന്നത് ദൈവരഹസ്യവുമായുള്ള സമ്പർക്കമാണല്ലോ. ദൈവം മനുഷ്യനായിത്തീർന്ന അവാച്യമായ രഹസ്യവുമായി നിരന്തരം സമ്പർക്കപ്പെട്ടുള്ളതായിരുന്നു മറിയത്തിന്റെ അനുദിന ജീവിതം. പഴയനിയമത്തിൽ വെളിപ്പെടുത്തിയ എല്ലാററിനേയുംകാരം ഉത്കൃഷ്ടമാണ് മനുഷ്യാവതാരം. മംഗലവാർത്തയുടെ നിമിഷംമുതൽ ഈ കന്യകയുടെ മനസ്സ് ആകമാനം ദൈവത്തിന്റെ പുതുമയാർന്ന സ്വയംവെളിപ്പെടുത്തലിലേക്ക് ആനീതമാവുകയും ആ രഹസ്യത്തെക്കുറിച്ച് ബോധ്യം ഉള്ളതാവുകയും ചെയ്തു. പില്ക്കാലത്ത് യേശു "പിതാവേ, നീ ഇക്കാര്യങ്ങരം ബുദ്ധിമാന്മാരിലും വിവേകികളിലുംനിന്നു മറച്ച് ശിശുക്കരംക്കു വെളിപ്പെടുത്തിയിരിക്കുന്നുവല്ലോ" (മത്താ 11:25) എന്നു പരാമർശിച്ച ചെറിയവരിൽ പ്രഥമഗണനീയയാണ് അവരം. കാരണം, "പിതാവല്ലാതെ മററാരും പുത്രനെ അറിയുന്നില്ല" (മത്താ

www.malankaralibrary.com



11:27). അങ്ങനെയെങ്കിൽ എങ്ങനെ മറിയം പുത്രനെ അറിയും? തീർച്ചയായും പിതാവ് അറിയുന്നതുപോലെ അവരം അവനെ അറിയുന്നില്ല. എങ്കിലും പുത്രനെ വെളിപ്പെടുത്താൻ പിതാവ് തിരഞ്ഞെടുത്തവരിൽ ആദ്യത്തെ ആളാണ് മറിയം (മത്താ 11,26–27; 1 കോറി 2,11). നിത്യമായ "ഇന്നിൽ" (സങ്കീ 2:7), താൻ ജനിപ്പിക്കുകയും പൂർണ്ണമായി അറിയുകയും ചെയ്യുന്ന പുത്രനെ മംഗലവാർത്തയുടെ നിമിഷംമുതൽ പിതാവ് മറിയത്തിന് വെളിപ്പെടുത്തിയെങ്കിലും, അമ്മ എന്ന നിലയിൽ പുത്രനെപ്പററിയുള്ള സത്യവുമായി സമ്പർക്കത്തിലായിരുന്ന മറിയം, വിശ്വാസത്തിലും, വിശ്വാസത്തിലൂടെയും മാത്രം, ആണ് അവനെ അറിഞ്ഞിരുന്നത്. അതിനാൽ അവരം "ഭാഗ്യവതി"യാണ്. കാരണം, "അവരം വിശ്വസിച്ചു". ദുഃഖദുരിതങ്ങരം നിറഞ്ഞ യേശുവിൻെറ കുട്ടിക്കാലത്തും "അവർക്കു കീഴ്‌വഴങ്ങി" (ലൂക്കാ 2–5) അവൻ നസറത്തിൽ കഴിഞ്ഞുകൂടിയ രഹസ്യജീവിതകാലത്തും അനുദിനം അവരം വിശ്വാസത്തിൽ ജീവിച്ചുപോന്നു. മറിയത്തിനു മാത്രമല്ല, ജോസഫിനും യേശു കീഴ്‌വഴങ്ങി. കാരണം, ലോകരുടെ ദൃഷ്ടിയിൽ ജോസഫ് ആയിരുന്നല്ലോ അവൻെറ പിതാവ്. അതുകൊണ്ട് മറിയത്തിൻെറ പുത്രനെ ആളുകരം "തച്ചൻെറ മകൻ" (മത്താ 13,55) എന്നു കരുതി.

'ആ മകൻെറ' അമ്മയാകട്ടെ, മംഗലവാർത്തയിലും അനന്തരസംഭവങ്ങളിലും പറയപ്പെട്ട കാര്യങ്ങളെക്കുറിച്ച് അവബോധം ഉള്ളവളായി "വിശ്വാസത്തിൻെറ സമൂലമായ നവ്യത", "പുതിയ ഉടമ്പടിയുടെ തുടക്കം" ആന്തരാ വഹിക്കുന്നു. ഇതാണ് സുവിശേഷത്തിൻെറ, സന്തോഷപ്രദമായ സദ്വാർത്തയുടെ, തുടക്കം. എങ്കിലും, ആ ആദ്യകാലഘട്ടങ്ങളിൽ കുരിശിൻെറ വി. യോഹന്നാൻ പറയുംപോലെ, "വിശ്വാസത്തിൻെറ രാത്രി"യുമായി ബന്ധപ്പെട്ട ഒരുതരം ഹൃദയഭാരം– അദൃശ്യനായവനെ ദർശിക്കാനും ആ രഹസ്യവുമായി അടുക്കാനും തടസ്സമായി നില്ക്കുന്ന ഒരു വിരി–മറിയത്തിൽ ഉള്ളതായിക്കാണാം. ഈ വിധമാണ് അനേകവർഷത്തേക്ക് പുത്രൻെറ രഹസ്യവുമായി ബന്ധപ്പെട്ടു വിശ്വാസ തീർത്ഥാടനത്തിൽ മുന്നേറിക്കൊണ്ട് മറിയം ജീവിച്ചുപോന്നത്. യേശുവാകട്ടെ, "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിൻേറയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നുവന്നു" (ലൂക്കാ 2,52). ദൈവത്തിന് അവനോടുള്ള

www.malankaralibrary.com



പ്രത്യേക വാത്സല്യം (Predilection) ലോകദൃഷ്ടിയിൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരുന്നു. നസറത്തിലെ വീട്ടിൽ ജോസഫിനോടൊത്ത് ജീവിച്ച മറിയമാണ് ക്രിസ്തുവിനെ ആദ്യമായി കണ്ടെത്താൻ ഭാഗ്യം ലഭിച്ച മനുഷ്യവ്യക്തി.

ദൈവാലയത്തിൽ മകനെ കണ്ടെത്തിയപ്പോൾ അമ്മ ചോദിച്ചു: "മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്?" പന്ത്രണ്ടു വയസ്സുകാരനായ യേശു മറുപടി പറഞ്ഞു: "ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടവനാണെന്ന് നിങ്ങൾ അറിയുന്നില്ലേ?" സുവിശേഷകൻ തുടർന്നു പറയുന്നു: "അവർ (ജോസഫും മറിയവും) അവൻ പറഞ്ഞതെന്തെന്ന് ഗ്രഹിച്ചില്ല" (ലൂക്കാ 2: 48-50). "പിതാവല്ലാതെ മററാരും പുത്രനെ അറിയുന്നില്ല" (cf. മത്താ 11:27) എന്ന് യേശുവിന് അറിയാമായിരുന്നു. ദൈവ പുത്രത്വത്തിന്റെ രഹസ്യം ഏററം പരിപൂർണ്ണമായിത്തന്നെ വെളിപ്പെട്ടു കിട്ടിയ അവിടുത്തെ അമ്മപോലും വിശ്വാസത്തിലൂടെ മാത്രമാണ് ആ രഹസ്യവുമായി ബന്ധപ്പെട്ടു ജീവിച്ചത്. ഒരേ വീട്ടിൽ ഒപ്പം ജീവിച്ച് പുത്രനുമായുള്ള ആ ബന്ധം വിശ്വസ്തമായി കാത്തുസൂക്ഷിച്ചുകൊണ്ട് –കൗൺസിൽ ഊന്നിപ്പറയുംപോലെ[37]– വിശ്വാസതീർത്ഥാടനത്തിൽ മറിയം മുന്നേറി. അങ്ങനെ, തന്നെ സന്ദർശിച്ച മറിയത്തോട് 'വിശ്വസിച്ചവൾ ഭാഗ്യവതി' എന്നു പറഞ്ഞ എലിസബത്തിന്റെ ആശംസ ക്രിസ്തുവിന്റെ പരസ്യജീവിതകാലത്തും (cf. മർക്കോ 3:21-35) അനുദിനം മറിയത്തിൽ നിറവേറിക്കൊണ്ടിരുന്നു.

18. മറിയം പുത്രന്റെ കുരിശിൻ ചുവട്ടിൽ നിന്നപ്പോഴാണ് ഈ അനുഗ്രഹം അതിന്റെ പൂർണ്ണ അർത്ഥത്തിലെത്തുന്നത് (cf. യോഹ 18:25). കൗൺസിൽ പറയുന്നു: ദൈവത്തിന്റെ മുൻകൂട്ടിയുള്ള അറിവുകൂടാതെയല്ല ഇങ്ങനെ സംഭവിച്ചത്. തന്റെ ഒരേയൊരു പുത്രനോടൊപ്പം പീഡകൾ സഹിച്ചുകൊണ്ട്. അവിടുത്തെ ബലിയോട് അമ്മയുടെ അരൂപിയിൽ ഐക്യപ്പെട്ട് താൻ ജന്മം കൊടുത്തവന്റെ ആത്മത്യാഗത്തിന് സ്നേഹപൂർവ്വം സമ്മതിച്ചുകൊണ്ട്, കുരിശോളം തന്റെ പുത്രനുമായുള്ള ബന്ധം മറിയം വിശ്വസ്തമായി കാത്തുസൂക്ഷിച്ചു.[38] ഇത് വിശ്വാസത്തിലൂടെയുള്ള ഐക്യമാണ്– മംഗലവാർത്തയിൽ ദൂതന്റെ വെളിപാട് സ്വീകരിച്ചത് ഏതു വിശ്വാ

www.malankaralibrary.com



സത്തോടെയാണോ അതേ വിശ്വാസം. തദവസരത്തിൽ മറിയം ഇങ്ങനെയും ശ്രവിച്ചുവല്ലോ: "അവൻ വലിയവൻ ആയിരിക്കും.... അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിൻെറ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവൻെറ രാജ്യത്തിന് അവസാനം ഉണ്ടായിരിക്കുകയില്ല" (ലൂക്കാ 1:32–33).

മാനുഷികമായിപ്പറഞ്ഞാൽ ഇതിനു വിപരീതമായാണല്ലോ സംഭവിച്ചത്; അതിനു കുരിശിൽ ചുവട്ടിൽനിന്ന മറിയം സാക്ഷിയുമാണ്. ശിക്ഷയ്ക്കു വിധിക്കപ്പെട്ടവനെപ്പോലെ മരക്കുരിശിൽക്കിടന്ന് തൻെറ മകൻ പ്രാണവേദന അനുഭവിക്കുന്നു. "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു; അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു.... അവൻ നിന്ദിക്കപ്പെട്ടു; നാം അവനെ ബഹുമാനിച്ചതുമില്ല" ധ്വംസിക്കപ്പെട്ടവനെപ്പോലെ (cf. ഏശ 53:3–5). ദൈവത്തിൻെറ 'ദുർജ്ഞേയമായ വിധി'ക്കു മുമ്പിൽ മറിയം പ്രകടിപ്പിച്ച 'വിശ്വാസത്തിൽനിന്ന് ഉളവാകുന്ന അനുസരണം' എത്ര മഹത്തരമാണ്, എത്ര വീരോചിതമാണ്! കലവറയില്ലാതെ, അവൾ തന്നെത്തന്നെ ദൈവതിരുമനസ്സിനു വിട്ടുകൊടുക്കുകയാണ്; ആരുടെ വഴികൾ നമുക്കു ദുർഗ്രഹമാണോ ആ ദൈവത്തിന് തൻെറ 'ബുദ്ധിയും മനസ്സും പൂർണ്ണമായി അടിയറവച്ചുകൊണ്ട്"[39] (cf. റോമാ 11:35). അവളുടെ ആത്മാവിലെ കൃപാവരത്തിൻെറ പ്രവർത്തനം എത്ര ശക്തമാണ്! പരിശുദ്ധാത്മാവിൻെറ പ്രകാശത്തിൻേറയും ശക്തിയുടേയും സ്വാധീനം എത്രയോ സർവ്വവ്യാപകം!

ഈ വിശ്വാസത്തിലൂടെയാണ്, ക്രിസ്തുവിൻെറ സ്വയം ശൂന്യവത്കരണത്തോട് മറിയം പരിപൂർണ്ണമായി ഐക്യപ്പെട്ടിരിക്കുന്നത്. കാരണം, യേശുക്രിസ്തു ദൈവരൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസൻെറ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു. അതിൻെറ പാരമ്യമെന്നോണം ഗാഗുൽത്തായിൽ "മരണംവരെ, അതെ കുരിശു മരണംവരെ, അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (cf. ഫിലി 2:5–8). കുരിശിൻ ചുവട്ടിൽവച്ച്, ഈ സ്വയംശൂന്യവത്ക്കരണത്തിൻെറ ഞെട്ടിപ്പി

www.malankaralibrary.com



ക്കുന്ന രഹസ്യം വിശ്വാസത്തിലൂടെ മറിയം പങ്കുവഹിച്ചു. ഒരു പക്ഷേ, ഇതായിരിക്കാം മാനവചരിത്രം കണ്ടിട്ടുള്ളതിൽ വച്ച്, ഏററം അഗാധമായ വിശ്വാസംനിമിത്തമുള്ള ശൂന്യവൽക്കരണം. വിശ്വാസത്തിലൂടെ തന്റെ മരണത്തിൽ, രക്ഷാകരമായ മരണത്തിൽ, ആ അമ്മ പങ്കുചേരുന്നു. ഭയചകിതരായി ഓടിയകന്ന അപ്പസ്തോലന്മാരുടെ വിശ്വാസവുമായി തട്ടിച്ചുനോക്കുമ്പോൾ അവളുടെ വിശ്വാസം എത്ര പ്രബുദ്ധമാണ്! 'വിവാദത്തിന്റെ അടയാള'മാണെന്ന ശിമയോന്റെ പ്രവചനം യേശു കുരിശിലൂടെ നിയതമായി സ്ഥിരീകരിച്ചു. അതേ സമയം, "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും" എന്നു ശിമയോൻ മറിയത്തോടായി പറഞ്ഞ കാര്യവും ഗാഗുൽത്തായിൽ നിറവേറുകയായിരുന്നു[40].

19. അതേ, "വിശ്വസിച്ചവൾ ഭാഗ്യവതി" തന്നെ. മംഗലവാർത്തയ്ക്കുശേഷം എലിസബത്ത് പറഞ്ഞ വാക്കുകൾ ഇവിടെ, കുരിശിൻ ചുവട്ടിൽവച്ച്, അഞ്ഞേയററം വാചാലമായി മാറെറാലിക്കൊള്ളുകയാണ്. എത്ര നിശിതമാണ് ആ വാക്കുകൾ ഉൾക്കൊള്ളുന്ന ശക്തി! കുരിശിൽനിന്നാണ്, അതായത് പരിത്രാണ രഹസ്യത്തിന്റെ മർമ്മസ്ഥാനത്തുനിന്നാണ്, വിശ്വാസാനുഗ്രഹത്തിന്റെ സത്ഫലം പ്രസരിക്കുകയും വ്യാപിക്കുകയും ചെയ്യുന്നത്. അത് നേരെ 'ആദിയിലേക്ക്' കടന്നുചെല്ലുന്നു; പുതിയ ആദമായ ക്രിസ്തുവിന്റെ ബലിയിൽ പങ്കുചേർന്ന്, ആദി മാതാപിതാക്കളുടെ പാപമായിത്തീർന്ന അനുസരണക്കേടിനും അവിശ്വാസത്തിനും ഒരർത്ഥത്തിൽ പരിഹാരമായി ഭവിക്കുന്നു[36]. സഭാപിതാക്കന്മാരുടെ, പ്രത്യേകിച്ച് വി. ഇറണേവൂസിന്റെ, പ്രബോധനം 'ലൂമെൻ ജൻസിയും' എന്ന കോൺസ്ററിററ്യുഷൻ ഉദ്ധരിക്കുംപോലെ "ഹവ്വായുടെ അനുസരണക്കേടിന്റെ കെട്ട് മറിയത്തിന്റെ അനുസരണം അഴിച്ചു; കന്യകയായ ഹവ്വാ തന്റെ അവിശ്വാസംവഴി ബന്ധിച്ചത് മറിയം തന്റെ വിശ്വാസത്താൽ ബന്ധന വിമുക്തമാക്കി"[41]. ഈ ഉപമയുടെ വെളിച്ചത്തിൽ സഭാപിതാക്കന്മാരും, കൗൺസിൽ തന്നെയും മറിയത്തെ 'ജീവിക്കുന്നവരുടെ അമ്മ' എന്നു വിളിക്കുന്നു. "മരണം ഹവ്വാ വഴിയും ജീവൻ മറിയം വഴിയും" എന്ന് അവർ പലപ്പോഴും പരാമർശിക്കുന്നു[42].

www.malankaralibrary.com



ദൂതൻ 'കൃപാവരം നിറഞ്ഞവരം' എന്നു വാഴ്ത്തിയ മറിയം ആരാണെന്നുള്ള യാഥാർത്ഥ്യത്തിന്റെ കവാടം തുറക്കാനുതകുന്ന ഒരു തരം താക്കോലാണ് 'വിശ്വസിച്ചവരം ഭാഗ്യവതി' എന്ന പ്രസ്താവം. 'കൃപാവരം നിറഞ്ഞവരം, എന്ന നിലയിൽ ക്രിസ്തുരഹസ്യത്തിൽ അവരം എന്നെന്നും സന്നിഹിതയാണെങ്കിൽ, തന്റെ ലോകയാത്രയുടെ ഓരോ അടിവെയ്പിലും വിശ്വാസംവഴി അവരം ആ രഹസ്യത്തിൽ ഓഹരിക്കാരിയായിത്തീരുന്നു. തന്റെ വിശ്വാസ തീർത്ഥാടനത്തിൽ അവരം മുന്നേറി. അതേ സമയം, വിവേക പൂർവം, എന്നാൽ നേരിട്ട് ഫലപ്രദമായി, ക്രിസ്തു രഹസ്യം അവരം മനുഷ്യരാശിക്ക് പ്രത്യക്ഷമാക്കിക്കൊടുത്തു. ഇത് അവരം തുടർന്നുകൊണ്ടേയിരിക്കുന്നു. ക്രിസ്തു രഹസ്യത്തിലൂടെ അവളും മാനവരാശിയിൽ സന്നിഹിതയാണ്. അങ്ങനെ, പുത്രന്റെ രഹസ്യത്തിലൂടെ അമ്മയുടെ രഹസ്യവും വെളിവാകുന്നു.

## 3. ഇതാ, നിന്റെ അമ്മ!

20. ലൂക്കാ തന്റെ സുവിശേഷത്തിൽ ഒരു സന്ദർഭം വിവരിക്കുന്നു- ജനക്കൂട്ടത്തിൽ നിന്ന് ഒരു സ്ത്രീ ഉച്ചത്തിൽ യേശുവിനോടു പറഞ്ഞു: "നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ സ്തനങ്ങളും ഭാഗ്യമുള്ളവ!" (ലൂക്കാ 11:27) – യേശുവിനു ശാരീരികമായി ജന്മം നല്കിയ മറിയത്തെ വാഴ്ത്തിക്കൊണ്ടുള്ള വാക്കുകരം. യേശുവിന്റെ അമ്മയെ വ്യക്തിപരമായി ഈ സ്ത്രീക്കു പരിചയം കാണാൻ ഇടയില്ല. വാസ്തവത്തിൽ, യേശു പരസ്യജീവിതം ആരംഭിച്ചപ്പോരം മറിയം അവിടുത്തെ അനുഗമിക്കാതെ നസറത്തിൽത്തന്നെ കഴിഞ്ഞുകൂടുകയായിരുന്നു. മേല്പറഞ്ഞ സ്ത്രീയുടെ വാക്കുകരം ഒരുവിധത്തിൽ മറിയത്തെ അജ്ഞാതവാസത്തിൽ നിന്നു പുറത്തേക്കു കൊണ്ടുവന്നു.

ഈ സ്ത്രീയുടെ വാക്കുകളിലൂടെ ഒരു നിമിഷത്തേക്കെങ്കിലും യേശുവിന്റെ ബാല്യകാല സുവിശേഷം ജനക്കൂട്ടത്തിനിടയിൽ മിന്നിപ്പൊലിഞ്ഞു. ഈ സുവിശേഷത്തിൽ, യേശുവിനെ ഗർഭം ധരിച്ചു പ്രസവിച്ച്, പാലൂട്ടി വളർത്തിയ മറിയം അമ്മ എന്ന നിലയിൽ സന്നിഹിതയായിരിക്കുന്നു. ഈ മാതൃത്വംവഴി അത്യുന്നതന്റെ പുത്രനായ (cf. ലൂക്കാ 1:32) യേശു തികച്ചും ഒരു മനുഷ്യ

www.malankaralibrary.com



പുത്രൻ ആയിത്തീർന്നു. മററാരേയും പോലെ അവനും 'മനുഷ്യൻ' ആണ്; ''മാംസമായിത്തീർന്ന വചനം'' (cf. യോഹ 1:14). മറിയത്തിൻെറ മാംസവും രക്തവുമാണ് അവിടുന്ന്![48]

യേശുവിനു ശാരീരികമായി ജന്മം നല്കിയ മറിയത്തിൻെറമേൽ ആ സ്ത്രീ ചൊരിഞ്ഞ സ്തുതി വചനം കേട്ട് അവിടുന്ന് അർത്ഥവത്തായി പ്രതിവചിച്ചു: ''ദൈവവചനം കേട്ട് അതു പാലിക്കുന്നവരാണ് കൂടുതൽ ഭാഗ്യവാന്മാർ'' (ലൂക്കാ 11:28). ശാരീരികമായ ബന്ധം എന്ന നിലയിൽ നാം മനസ്സിലാക്കുന്ന മാതൃത്വത്തിൽ നിന്ന്, ദൈവവചനം കേൾക്കുകയും പാലിക്കുകയും ചെയ്യുന്നതിൽനിന്ന് രൂപം കൊള്ളുന്ന ആത്മാവിൻെറ രഹസ്യാത്മക ബന്ധത്തിലേക്ക് ശ്രദ്ധ തിരിച്ചുവിടാൻ അവിടുന്ന് ആഗ്രഹിക്കുന്നു.

ആധ്യാത്മിക മൂല്യങ്ങളുടെ മണ്ഡലത്തിലേക്കുള്ള ഈ ശ്രദ്ധ തിരിച്ചുവിടൽ യേശുവിൻെറ മറെറാരു പ്രത്യുത്തരത്തിൽനിന്ന് കുറേക്കൂടി വ്യക്തമായിക്കാണാം. സമാന്തര സുവിശേഷകർ എല്ലാവരും ഇതു രേഖപ്പെടുത്തുന്നുണ്ട്. അമ്മയും സഹോദരന്മാരും പുറത്തു കാത്തുനില്ക്കുന്നുവെന്നും അവർ കാണാൻ ആഗ്രഹിക്കുന്നുവെന്നും യേശുവിനെ അറിയിച്ചപ്പോൾ അവിടുന്നു മറുപടി പറഞ്ഞു: ''ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എൻെറ അമ്മയും സഹോദരരും'' (cf. ലൂക്കാ 8:20–21). ഇത് അവിടുന്നു പറഞ്ഞത്, മർക്കോസിൻെറ സുവിശേഷത്തിൽ കാണുന്നതു പോലെ (cf. 3:34) തൻെറ ''ചുററും ഇരുന്നവരെ നോക്കിക്കൊണ്ടാ''ണ്; അഥവാ, മത്തായിയുടെ സുവിശേഷത്തിൽ വായിക്കുന്നതുപോലെ, (12:49) ''തൻെറ ശിഷ്യരുടെ നേരെ കൈചൂണ്ടിക്കൊണ്ടാ''ണ്.

ഈ പ്രസ്താവങ്ങൾ, മൂന്നാം ദിവസം ജറുസലെം ദൈവാലയത്തിൽ തന്നെ കണ്ടെത്തിയ മറിയത്തിനും ജോസഫിനും പന്ത്രണ്ടുവയസ്സുകാരനായ യേശു നല്കിയ മറുപടിയോട് തികച്ചും പൊരുത്തപ്പെട്ടു പോകുന്നു.

നസറത്തിനോടു വിട പറഞ്ഞ് പലസ്തീനായിൽ ചുററിസഞ്ചരിച്ച് പരസ്യജീവിതം നയിച്ച യേശു പൂർണ്ണ

www.malankaralibrary.com



മായും "പിതാവിൻെറ കാര്യങ്ങളിൽ മാത്രം വ്യാപൃതനായി" (cf. ലൂക്കാ 2:49). അവിടുന്ന് രാജ്യത്തെയും അതായത്, "ദൈവരാജ്യത്തെ"യും "പിതാവിൻെറ കാര്യങ്ങളെയുംപററി പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം" എല്ലാററിനും, അങ്ങനെ മാനുഷികമായ എല്ലാ ബന്ധങ്ങൾക്കും, ഒരു പുതിയ അർത്ഥവും വീക്ഷണവും നല്കുന്നു. ഓരോ മനുഷ്യവ്യക്തിക്കും നല്കപ്പെടുന്ന ദൗത്യത്തിൻെറയും ലക്ഷ്യത്തിൻെറയും തോതനുസരിച്ചുള്ളതാണ് ഈ വീക്ഷണം.

ഈ പുതിയ കാഴ്ചപ്പാടിൽ നിന്ന് ഉദ്ഭൂതമാകുന്ന സഹോദരത്വം ഒരേ മാതാപിതാക്കളിൽനിന്നു ജനിക്കുക വഴി ലഭിക്കുന്ന സഹോദരത്വത്തിൽനിന്നു വിഭിന്നമാണ്. 'മാതൃത്വം' പോലും ദൈവരാജ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലും ദൈവപിതൃത്വത്തിൻെറ പരിധിക്കുള്ളിലും ഒരു പുതിയ അർത്ഥം കൈവരിക്കുന്നു. ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നതു തന്നെയാണ് മാതൃത്വത്തിൻെറ ഈ പുതിയ അർത്ഥത്തെക്കുറിച്ച് യേശു പഠിപ്പിക്കുന്നതും.

ശാരീരികമായി തനിക്കു ജന്മം നല്കിയ അമ്മയിൽ നിന്നും ഇക്കാരണത്താൽ യേശു അകലുകയാണോ? അതോ, അവൾ സ്വയം തിരഞ്ഞെടുത്ത അറിയപ്പെടാത്ത അവസ്ഥയിൽ ജീവിക്കുക എന്ന ഇഷ്ടത്തിന് അവിടുന്ന് അവളെ അനുവദിക്കുകയായിരുന്നുവോ? ക്രിസ്തുവിൻെറ മേൽപ്പറഞ്ഞ വാക്കുകളിൽ ഇങ്ങനെയൊക്കെയുള്ള ധ്വനി ഉണ്ടെങ്കിൽ, അവിടുന്ന് ശിഷ്യരോടു പറയുന്ന പുതിയതും വിഭിന്നവുമായ മാതൃത്വം മറിയത്തെ സംബന്ധിച്ച് സവിശേഷമാം വിധം അന്വർത്ഥമാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

"ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരിൽ" ആദ്യത്തെ ആളല്ലേ അവൾ? ആ നിലയ്ക്കു ജനക്കൂട്ടത്തിലെ ആ സ്ത്രീയുടെ വാക്കുകൾക്കു മറുപടിയായി യേശു പറയുന്ന 'സൗഭാഗ്യം' (blessing) പ്രധാനമായും മറിയത്തെ സംബന്ധിച്ചല്ലേ അന്വർത്ഥമാകുക? ശാരീരികമായി യേശുവിനു ജന്മം നല്കിയ അമ്മ എന്ന ഒററക്കാരണത്താൽതന്നെ അവൾ 'സൗഭാഗ്യത്തിന്' അർഹയാണ്. ("നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ സ്തനങ്ങളും ഭാഗ്യമുള്ളവ!") പക്ഷേ, അതുകൊണ്ടു മാത്രമല്ല അവൾ ഭാഗ്യവതിയായത്;

www.malankaralibrary.com



പിന്നെയോ, മംഗലവാർത്തയിൽ ദൈവവചനം വിശ്വസിച്ചു സ്വീകരിച്ചതുകൊണ്ട്, ദൈവഹിതത്തിനു കീഴ്‌വഴങ്ങിയതുകൊണ്ട്, ദൈവവചനം കാത്തുസൂക്ഷിച്ച് ഹൃദയത്തിൽ സംഗ്രഹിച്ചതുകൊണ്ട് (cf. ലൂക്കാ 1:38, 45; 2: 19, 51), അങ്ങനെ, തന്റെ ജീവിതത്തിൽ മുഴുവനും അതു പ്രാവൃത്തികമാക്കിയതുകൊണ്ടാണ്. അപ്പോൾ, ക്രിസ്തു പ്രഖ്യാപിച്ച സൗഭാഗ്യം അജ്ഞാതയായ ആ സ്ത്രീ ചൂണ്ടിക്കാണിച്ച സൗഭാഗ്യത്തിൽനിന്ന് വിഭിന്നമാണെന്നു തോന്നുമെങ്കിലും അവ രണ്ടും പരസ്പര വിരുദ്ധമല്ല; മാത്രമല്ല, "കർത്താവിന്റെ ദാസി" (ലൂക്കാ1:38) എന്നു മാത്രം സ്വയം വിശേഷിപ്പിച്ച കന്യകാമാതാവിൽ ഈ ദ്വിവിധ സൗഭാഗ്യവും ഒന്നിക്കുകകൂടി ചെയ്യുന്നു. "സകല തലമുറകളും അവളെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും" (cf. ലൂക്കാ 1:48) എന്നത് ശരിയാണെങ്കിൽ, അജ്ഞാതനാമാവായ ആ സ്ത്രീയാണ് അറിഞ്ഞുകൊണ്ടല്ലെങ്കിലും മറിയത്തിന്റെ സ്തുതിഗീതത്തിലെ പ്രവചനാത്മകത ആദ്യമായി സ്ഥിരീകരിച്ചതും തലമുറകളുടെ പ്രാർത്ഥന എന്ന നിലയിൽ ആദ്യം ആ ഗീതം ആലപിച്ചതും.

വിശ്വാസത്തിലൂടെയാണ് അവൾ തന്റെ കന്യകാത്വത്തിനു ഭംഗം വരാതെ പിതാവേകിയ പുത്രനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സംവഹിച്ചത്. എങ്കിൽ, അതേ വിശ്വാസത്തിലൂടെതന്നെയാണ് യേശു തന്റെ ദൗത്യനിർവ്വഹണത്തിനിടയിൽ വെളിപ്പെടുത്തിയ മാതൃത്വത്തിന്റെ വ്യാപ്തി അവൾ കണ്ടെത്തുകയും സ്വീകരിക്കുകയും ചെയ്തത്. മാതൃത്വത്തിന്റെ ഈ മാനമാകട്ടെ ആദ്യം മുതൽ തന്നെ മറിയത്തിൽ പ്രകാശിച്ചിരുന്നു; അതായത്, പുത്രനെ ഗർഭംധരിച്ചു പ്രസവിച്ച നിമിഷം മുതൽ തന്നെ. ആ സമയം മുതൽ അവൾ 'വിശ്വസിച്ചവൾ' ആയിത്തീർന്നു. പക്ഷേ, പുത്രന്റെ രക്ഷാകരദൗത്യം തന്റെ കണ്ണിനും ഉൾക്കണ്ണിനും കൂടുതൽ തെളിഞ്ഞു വന്നതോടെ, പുത്രനോടു ചേർന്നു താൻ നിർവ്വഹിക്കേണ്ട പങ്കു നിർണയിക്കുന്ന മാതൃത്വത്തിന്റെ ഈ പുതിയ മാനത്തോട് അവൾ തുറവിയുള്ളവളായി. "ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (cf. ലൂക്കാ 1:38) എന്ന് ആദ്യമേതന്നെ അവൾ പറഞ്ഞതല്ലേ? വിശ്വാസത്തിലൂടെ ആ വാക്ക് അവൾ തുടർന്നു കേൾക്കുകയും അതേപ്പററി ധ്യാനിക്കുകയും ചെയ്തു. അങ്ങനെ, ജീവിക്കുന്ന ദൈവ

www.malankaralibrary.com



ത്തിൻെറ സ്വയം വെളിപ്പെടുത്തൽ "അറിവിനെ അതിശയിക്കും" (എഫേ 3:19) വിധം മറിയത്തിനു മുമ്പത്തേക്കാറം കൂടുതൽ സ്പഷ്ടമായി. ഒരർത്ഥത്തിൽ, അമ്മയായ മറിയമാണ് പുത്രൻെറ ആദ്യ ശിഷ്യ. അപ്പസ്തോലൻമാരെയോ മററാരെയെങ്കിലുമോ വിളിക്കുന്നതിനു മുമ്പ് "എന്നെ അനുഗമിക്കുക" (cf. യോഹ 1:43) എന്നു ക്രിസ്തു ഈ ശിഷ്യയെ വിളിക്കുന്നതായിത്തോന്നും.

21. ഇങ്ങനെ വീക്ഷിക്കുമ്പോറം, കാനായിലെ കല്യാണവിരുന്നിനെക്കുറിച്ചുള്ള യോഹന്നാൻെറ വിവരണത്തിൽ മറിയത്തെപ്പററി പറയുന്ന ഭാഗം പ്രത്യേകം അർത്ഥവത്താണെന്നു കാണാം. യേശുവിൻെറ പരസ്യജീവിതാരംഭത്തിൽ അവിടുത്തെ അമ്മ എന്ന നിലയിൽ മറിയത്തെ നാം അവിടെ കണ്ടുമുട്ടുന്നു. "ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിൻെറ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവും ശിഷ്യൻമാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു" (യോഹ 2:1–2). യേശുവിനേയും ശിഷ്യൻമാരേയും മറിയത്തോടൊപ്പം ക്ഷണിച്ചത്, കല്യാണാഘോഷത്തിൽ അവരുടെ സാന്നിധ്യം അനിവാര്യമായതുകൊണ്ടാണെന്നു തോന്നും സുവിശേഷഭാഗം വായിച്ചാൽ; മറിയത്തോടുള്ള ചാർച്ച കാരണം മകനേയും ക്ഷണിച്ചതുപോലെ. ആ ക്ഷണത്തെത്തുടർന്നുണ്ടായ സംഭവഗതി നമുക്കു പരിചിതമാണ്; യേശു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭം – വെള്ളം വീഞ്ഞാക്കിയ അദ്ഭുതം. ഇതേപ്പററി, യേശു "തൻെറ മഹത്വം വെളിപ്പെടുത്തി; ശിഷ്യൻമാർ അവനിൽ വിശ്വസിച്ചു" (യോഹ 2:11) എന്നു പറയാനാണ് യോഹന്നാൻ സുവിശേഷകൻ പ്രേരിതനായത്.

ഗലീലിയിലെ കാനായിൽ മറിയത്തിൻെറ സാന്നിധ്യം യേശുവിൻെറ അമ്മ എന്ന നിലയിലാണ്. മകൻെറ മിശിഹായ്ക്കടുത്ത പ്രാഭവം വെളിവാക്കുന്ന അടയാളങ്ങറം ആരംഭിക്കുന്നതിൽ ഇവിടെ അവറംക്കു സവിശേഷമായ പങ്കുണ്ട്. നാം വായിക്കുന്നു: "അവിടെ വീഞ്ഞു തീർന്നുപോയപ്പോറം, യേശുവിൻെറ അമ്മ അവനോടു പറഞ്ഞു: "അവരുടെ വീഞ്ഞു തീർന്നുപോയി". യേശു അവളോടു ചോദിച്ചു: "സ്ത്രീയേ, ഇത് എന്നോടു പറയുന്നത് എന്തിന്? എൻെറ സമയം ഇനിയും ആയിട്ടില്ല" (യോഹ 2:3–4). യോഹന്നാൻെറ സുവിശേഷത്തിൽ 'സമയം' എന്നു വിവക്ഷിക്കുന്നത് പുത്രൻ തൻെറ ദൗത്യം പ്രാവൃത്തികമാ

www.malankaralibrary.com



ക്കാനും അങ്ങനെ മഹത്വീകൃതനാകാനും പിതാവ് നിശ്ചയിച്ച 'സമയം' ആണ് (യോഹ 7:36; 8:20; 12:23, 27;13:1;17:1; 19:27). മറിയത്തോടുള്ള യേശുവിന്റെ മറുപടിയിൽ വിസമ്മതഭാവം തോന്നിയേക്കാം (പ്രത്യേകിച്ച്, യേശുവിന്റെ ചോദ്യത്തേക്കാൾ 'എന്റെ സമയം ഇനിയും ആയിട്ടില്ല' എന്ന മറുപടി കേൾക്കുമ്പോൾ). എങ്കിലും, മറിയം പരിചാരകരുടെ നേരെ തിരിഞ്ഞ് അവരോടു പറയുന്നു: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ 2:5). കൽഭരണികളിൽ വെള്ളം നിറയ്ക്കാൻ യേശു അവരോടു കല്പിച്ചു. വെള്ളം വീഞ്ഞായിമാറി; വിരുന്നുകാർക്ക് നേരത്തെ വിളമ്പിയതിനേക്കാൾ ഉത്കൃഷ്ടമായ വീഞ്ഞ്!

യേശുവിനും അമ്മയ്ക്കും ഉണ്ടായിരുന്ന പരസ്പരധാരണ എത്ര അഗാധം! അവരുടെ ഉററ ആധ്യാത്മിക ബന്ധത്തിന്റെ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ നമുക്കെങ്ങനെ കഴിയും! ഇത് സ്വയം വെളിപ്പെടുന്ന ഒരു സത്യമാണ്. മറിയത്തിന്റെ മാതൃത്വത്തിന്റെ ഈ പുതിയ അർത്ഥം, മുൻ പ്രസ്താവിച്ച സംഭവം വളരെ വ്യക്തമായി വരച്ചുകാട്ടുന്നു. യേശുവിന്റെ വാക്കുകളിലോ സമാന്തര സുവിശേഷങ്ങളിൽ വിവരിക്കുന്ന സംഭവങ്ങളിലോ മാത്രം ഒതുങ്ങിനില്ക്കുന്നു എന്നു പറയാനാവാത്ത ഒരു പ്രാധാന്യം മറിയത്തിന്റെ മാതൃത്വത്തിന് ഉണ്ട് (ലൂക്കാ 11:27-28; 8:19-21; മത്താ 12:46-50 ; മർക്കോ 3:31-35). ഈ സുവിശേഷഭാഗങ്ങളിലെല്ലാം, ജന്മം നല്കുന്നതു വഴിയുള്ള മാതൃത്വത്തെ ദൈവരാജ്യത്തിന്റെ തലത്തിൽ- ദൈവപിതൃത്വത്തിന്റെ രക്ഷാകരപരിധിക്കുള്ളിൽ- ഈ മാതൃത്വം (ഭ്രാതൃത്വവും) എന്തായിരിക്കണമോ അതുമായി യേശു തട്ടിച്ചുനോക്കുകയാണ്; അതേസമയം, പുതിയ തരത്തിലുള്ള ഒരു മാതൃത്വത്തെ അവതരിപ്പിക്കുന്നു. ഇത് അരൂപിയിലുള്ള മാതൃത്വമാണ്; ശാരീരികമായ മാതൃത്വമല്ല. അതായത്, മനുഷ്യരുടെ കാര്യങ്ങളിൽ അവൾക്കുള്ള വ്യഗ്രത, അവരുടെ അനവധി ആവശ്യങ്ങളിലും പോരായ്കകളിലും ഓടിയെത്താനുള്ള അവളുടെ ആവേശം. ഗലീലിയിലെ കാനായിൽ മനുഷ്യരുടെ ആവശ്യങ്ങളിൽ ഒരെണ്ണംമാത്രം. അതും, താരതമ്യേന അപ്രധാനമായ ഒന്ന് ("അവരുടെ വീഞ്ഞ് തീർന്നുപോയി"). പക്ഷേ, ഇതിനു പ്രതിരൂപാത്മകമായ

www.malankaralibrary.com



ഒരു പ്രാധാന്യമുണ്ട്. മനുഷ്യരുടെ ആവശ്യങ്ങളിൽ ഇങ്ങനെ ഓടിയെത്തുക എന്നുവച്ചാൽ, ആ ആവശ്യങ്ങളെ ക്രിസ്തുവിൻെറ മിശിഹായ്ക്കടുത്ത (Messianic) ദൗത്യത്തിൻേറയും രക്ഷാകര ശക്തിയുടേയും പരിധിക്കുള്ളിലേക്ക് കൊണ്ടുവരികകൂടി ചെയ്യുക എന്നുള്ളതാണ്. അപ്പോൾ അവിടെ ഒരു മാധ്യസ്ഥ്യം ഉണ്ടാകുന്നു. മനുഷ്യരുടെ ആവശ്യങ്ങളിൽ, ഇല്ലായ്മകളിൽ, വേദനകളിൽ അവർക്കും തൻെറ മകനും ഇടയിൽ മറിയം സ്ഥാനം പിടിക്കുന്നു; ഒരു ഇടനിലക്കാരിയായി മാറുന്നു അവൾ. പുറമേനിന്നുള്ള ഒരാളെന്ന നിലയിലല്ല, ഒരമ്മ എന്ന പദവിയുള്ള ഒരു മധ്യസ്ഥയായിട്ടാണ് അവൾ വർത്തിക്കുന്നത്. ആ നിലയ്ക്ക്, മനുഷ്യരുടെ ആവശ്യങ്ങൾ തൻെറ മകനെ ചൂണ്ടിക്കാണിക്കുവാൻ തനിക്കു കഴിയുമെന്ന് അവൾക്കറിയാം. വാസ്തവത്തിൽ, അതിനുള്ള അവകാശവും അവൾക്കുണ്ട്. മനുഷ്യർക്കുവേണ്ടിയുള്ള അവളുടെ ഇടപെടലിൽപെട്ടതാണ് ഈ മാധ്യസ്ഥ്യം. അത് ഇവിടംകൊണ്ട് അവസാനിക്കുന്നില്ല. അവരുടെ ദുരിതങ്ങളിൽ സഹായിക്കുകയും ജീവിതത്തെ പലവിധത്തിൽ ഞെരുക്കുന്ന തിന്മയിൽനിന്ന് അവരെ വിമുക്തരാക്കുകയും ചെയ്യുന്ന, തൻെറ പുത്രൻെറ മിശിഹായ്ക്കടുത്ത ശക്തി പ്രത്യക്ഷീഭവിച്ചു കാണാൻ ഒരു അമ്മ എന്ന നിലയിൽ അവൾ ആഗ്രഹിക്കുകകൂടി ചെയ്യുന്നു. ഈ രക്ഷാകര ശക്തിയെപ്പററിയാണ് ഏശയ്യ പ്രവചിച്ചതും നസറത്തിലെ നാട്ടുകാരുടെ മുമ്പിൽ യേശു ഉദ്ധരിച്ചതും: "പാവങ്ങളോടു സുവിശേഷം അറിയിക്കുവാൻ.... ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രഖ്യാപിക്കുവാൻ...." (cf. ലൂക്കാ 4:18).

മറിയത്തിൻെറ മാതൃത്വത്തിൻെറ മറെറാരു പ്രധാനവശം പരിചാരകരോടുള്ള അവളുടെ വാക്കുകളിൽ കാണാം: "അവൻ പറയുന്നതു ചെയ്യുക". മിശിഹായുടെ രക്ഷാകരശക്തി വെളിപ്പെടുത്താൻ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട്, ക്രിസ്തുവിൻെറ അമ്മ മകൻെറ അന്തരംഗത്തിൻെറ വക്താവാണു താനെന്ന് കാണിച്ചുതരുന്നു. മറിയത്തിൻെറ മാധ്യസ്ഥ്യവും പരിചാരകരുടെ അനുസരണവുംവഴി കാനായിൽ യേശു തൻെറ 'സമയ'ത്തിനു തുടക്കമിടുന്നു. മറിയം കാനായിൽ യേശുവിൽ വിശ്വാസമർപ്പിക്കുന്നവളായി

www.malankaralibrary.com



കാണപ്പെടുന്നു. അവളുടെ വിശ്വാസം യേശുവിന് തൻെറ ആദ്യ അടയാളം പ്രവർത്തിക്കാനും ശിഷ്യന്മാരുടെ വിശ്വാസം ജ്വലിപ്പിക്കാനും ഉത്തേജകമായി.

22. മറിയത്തിൻെറ മാതൃനിർവ്വിശേഷമായ താത്പര്യത്തിൻെറ സത്യാവസ്ഥ ആദ്യമായെന്നോണം പ്രകടമാകുന്നത് യോഹന്നാൻെറ സുവിശേഷഭാഗത്തു വ്യക്തമായിക്കാണാം; രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളിലും ഈ സത്യം പരാമർശിക്കപ്പെടുന്നുണ്ട്. മറിയത്തിൻെറ മാതൃപദവി എങ്ങനെ ക്രിസ്തുവിൻേറതുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കൗൺസിൽ വിശദീകരിക്കുന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്: "ക്രിസ്തുവിൻെറ അതുല്യമായ ഈ മാധ്യസ്ഥ്യത്തെ മാതാവെന്ന നിലയിൽ മറിയത്തിനു മനുഷ്യരുടെ നേർക്കുള്ള കടമ അവ്യക്തമാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ല. മറിച്ച്, അതിൻെറ ശക്തി വെളിപ്പെടുത്തുകയാണു ചെയ്യുന്നത്". എന്തെന്നാൽ, "ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്ക് മധ്യസ്ഥനായി ഒരുവനേയുള്ളൂ – മനുഷ്യനായ യേശുക്രിസ്തു" (1 തിമോ 2:5). മറിയത്തിൻെറ ഈ മാതൃപദവി ദൈവതിരുവിഷ്ടപ്രകാരം "ക്രിസ്തുവിൻെറ യോഗ്യതയുടെ ഉപരിസമൃദ്ധിയിൽനിന്ന് നിർഗ്ഗളിക്കുന്നു. ക്രിസ്തുവിൻെറ മാധ്യസ്ഥ്യമാണ് അതിനുള്ള അടിസ്ഥാനം. പ്രസ്തുത മാധ്യസ്ഥ്യത്തിൽ അതു പൂർണ്ണമായി ആശ്രയിച്ചു നില്ക്കുന്നു; അതിൻെറ ശക്തി മുഴുവൻ ക്രിസ്തുവിൻെറ മാധ്യസ്ഥ്യത്തിൽനിന്നു പ്രാപിക്കുകയും ചെയ്യുന്നു.[44] ഗലീലിയിലെ കാനായിൽ നടന്ന സംഭവം ഈ അർത്ഥത്തിലാണ് മറിയമാധ്യസ്ഥ്യത്തിൻെറ ഒരുതരം പ്രഥമപ്രഖ്യാപനമായി ഭവിച്ചത്. അതു പൂർണ്ണമായും ക്രിസ്തോന്മുഖവും അവിടുത്തെ രക്ഷാകരശക്തി വെളിപ്പെടുത്താൻ തക്കതും ആയിരുന്നു.

അമ്മ എന്ന നിലയ്ക്കുള്ള ഒരു മാധ്യസ്ഥ്യമാണിതെന്ന് യോഹന്നാൻെറ സുവിശേഷഭാഗത്തുനിന്നു വ്യക്തമാണ്. കൗൺസിൽ പ്രഖ്യാപിക്കുന്നതുപോലെ, "കൃപാവരത്തിൻെറ തലത്തിൽ മറിയം നമുക്ക് ഒരമ്മയായിത്തീർന്നു." ഈ മാതൃത്വം അവളുടെ ദൈവിക മാതൃത്വത്തിൽനിന്നു നിർഗ്ഗളിക്കുന്നു കാരണം, ദൈവ പരിപാലനാപദ്ധതിപ്രകാരം മറിയം ദിവ്യരക്ഷകനെ പോററിവളർത്തിയ അമ്മ ആയിരുന്നതിനാൽ അതുല്യമാംവിധം അവരം അവി

www.malankaralibrary.com



ടുത്തെ സഹപ്രവർത്തകയും അനുസരണം, വിശ്വാസം, പ്രത്യാശ, ഉജ്ജ്വലിക്കുന്ന ഉപവി എന്നിവവഴി ആത്മാക്കൾക്ക് അതിസ്വാഭാവിക ജീവൻ വീണ്ടെടുത്തു കൊടുക്കാൻ രക്ഷകന്റെ യജ്ഞത്തോടു സഹകരിച്ച "കർത്താവിന്റെ വിനീതദാസി"[45]യും ആയിത്തീർന്നു. "കൃപാവരതലത്തിലുള്ള മറിയത്തിന്റെ ഈ മാതൃത്വം തിരഞ്ഞെടുക്കപ്പെട്ട എല്ലാവരും നിത്യമായി മകുടം ചൂടുംവരെ ഇടമുറിയാതെ നിലനില്ക്കുകയും ചെയ്യുന്നു."[46]

23. കാനായിലെ സംഭവത്തെപ്പററിയുള്ള യോഹന്നാന്റെ വിവരണം ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനത്തിന്റെ ആരംഭത്തിൽ പുത്രതത്പരയായ മറിയത്തിന്റെ മാതൃത്വം അവതരിപ്പിക്കുന്നെങ്കിൽ, അതേ സുവിശേഷത്തിന്റെ മറെറാരു ഭാഗം, രക്ഷാകരപദ്ധതിയുടെ കൃപാവരം അതു മകുടം ചൂടുന്ന നിമിഷത്തിൽ, അതായത് ക്രിസ്തുവിന്റെ കുരിശിലെ യാഗം – പെസഹാ രഹസ്യം – പൂർത്തിയായ നിമിഷത്തിൽ, മറിയത്തിന്റെ മാതൃത്വം സ്ഥിരീകരിക്കുന്നു. യോഹന്നാന്റെ വിവരണം സംക്ഷിപ്തമാണ്: "യേശുവിന്റെ കുരിശിനരികേ അവന്റെ അമ്മയും അവളുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലനമറിയവും നില്ക്കുന്നുണ്ടായിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു: "സ്ത്രീയേ, ഇതാ, നിന്റെ മകൻ! അനന്തരം അവിടുന്ന് ആ ശിഷ്യനോടു പറഞ്ഞു: "ഇതാ, നിന്റെ അമ്മ!" അപ്പോൾമുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ. 19:25–27).

താൻ തീവ്രദുഃഖത്തിൽ വിട്ടിട്ടുപോകുന്ന അമ്മയെപ്പററിയുള്ള മകന്റെ വ്യഗ്രത ഈ വാക്കുകളിൽ പ്രകടമായി കാണാം. എങ്കിലും, "ക്രിസ്തുവിന്റെ കുരിശിന്റെ ഉടമ്പടി" ഇതേക്കുറിച്ച് കൂടുതൽ പറയുന്നു. അമ്മയും മകനും തമ്മിലുള്ള പുതിയ ഒരു ബന്ധത്തെപ്പററി യേശു ഊന്നിപ്പറയുന്നു. അതിന്റെ മുഴുവൻ യാഥാർത്ഥ്യവും സത്യവും അവിടുന്ന് സവിശേഷം സ്ഥിരീകരിക്കുകയും ചെയ്യുന്നു. മറിയം മാനവരുടെ മുഴുവൻ അമ്മയാണെന്ന വസ്തുത നേരത്തേ വ്യഞ്ജിതമായിരുന്നെങ്കിലും ഇപ്പോഴാണ് അത് സംശയരഹിതമായി പ്രഖ്യാപിതമാകുകയും സ്ഥിരീകൃതമാകുകയും ചെയ്തത്. രക്ഷകന്റെ

www.malankaralibrary.com



പെസഹാരഹസ്യത്തിന്റെ നിയതമായ പൂർത്തീകരണത്തിൽ നിന്നാണ് ഈ പുതിയ മാതൃബന്ധത്തിന്റെ ആവിർഭാവം. ഈ പെസഹാരഹസ്യത്തിന്റെ – ഓരോ വ്യക്തിയേയും മാനവരാശിയെ മുഴുവനേയും പുല്കുന്ന ഈ രഹസ്യത്തിന്റെ – കേന്ദ്രത്തിൽ നില്ക്കുന്ന ക്രിസ്തുമാതാവ് ഓരോ വ്യക്തിക്കും, മാനവരാശിക്കു മുഴുവനും, അമ്മയായി നല്കപ്പെട്ടിരിക്കുന്നു. കുരിശിൻ ചുവട്ടിൽ നില്ക്കുന്ന മനുഷ്യൻ "ക്രിസ്തു സ്നേഹിച്ച ശിഷ്യൻ"[47] ആയ യോഹന്നാൻ ആണ്. പക്ഷേ, അദ്ദേഹം തനിച്ചല്ല. പാരമ്പര്യം അനുസരിച്ച് മറിയത്തെ 'ക്രിസ്തുവിന്റെ അമ്മ' എന്നും 'മാനവകുലത്തിന്റെ അമ്മ' എന്നും വിളിക്കാൻ വത്തിക്കാൻ കൗൺസിൽ മടിക്കുന്നില്ല: "ആദത്തിന്റെ സന്തതിപരമ്പരയിൽപ്പെട്ടവളായതുകൊണ്ട് അവൾ മാനവകുലത്തിൽ ഒരാളാണ്. യഥാർത്ഥത്തിൽ വിശ്വാസികൾ സഭയിൽ ജനിക്കത്തക്കവിധം സ്നേഹം നിമിത്തം സഹകരിച്ചതിനാൽ അവൾ ക്രിസ്തുവിന്റെ അവയവങ്ങളായ സകലരുടെയും മാതാവുമത്രേ".[48]

മറിയത്തിന്റെ വിശ്വാസജാതമായ ഈ നവീനമാതൃത്വം, കുരിശിൻ ചുവട്ടിൽവച്ച് തന്റെ പുത്രന്റെ രക്ഷാകര സ്നേഹത്തിൽ പങ്കുചേരുകവഴി നിയതമായി പകുത പ്രാപിച്ച പുതിയ സ്നേഹത്തിന്റെ ഫലമാണ്.

24. "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും" (ഉൽപ 3:15) എന്ന പ്രാക്സുവിശേഷത്തിലെ വാഗ്ദാനം അതിന്റെ പൂർത്തീകരണത്തിലെത്തുന്ന കേന്ദ്രബിന്ദുവിലാണ് നാം എത്തിനില്ക്കുക. തന്റെ രക്ഷാകരമായ മരണംവഴി യേശു പാപത്തേയും മരണത്തേയും വേരോടെ പിഴുതെറിഞ്ഞുകൊണ്ട് തിന്മയുടെമേൽ വിജയം വരിച്ചു. കുരിശിൽ കിടന്നുകൊണ്ട് യേശു അമ്മയോടു സംസാരിക്കുന്നത് "സ്ത്രീയേ" എന്നു വിളിച്ചുകൊണ്ടാണ് എന്നത് ശ്രദ്ധേയമാണ്. അവിടുന്നു പറഞ്ഞു: "സ്ത്രീയേ, ഇതാ, നിന്റെ മകൻ". മാത്രമല്ല, കാനായിൽവച്ചും യേശു അങ്ങനെതന്നെയാണ് അവളെ സംബോധന ചെയ്തത് (cf. യോഹ 2:4). ഈ വിളി, പ്രത്യേകിച്ച് ഇങ്ങനെ ഗാഗുൽത്തായിൽവച്ചുള്ള വിളി, മരിയരഹസ്യത്തിന്റെ ഹൃദയസ്ഥാനത്ത് നില്ക്കുന്നു എന്നതിൽ സംശയമെന്ത്? രക്ഷാപദ്ധതി മുഴുവനിലും

www.malankaralibrary.com



അവർക്കുള്ള അനന്യമായ സ്ഥാനത്തെയല്ലേ ഇതു സൂചിപ്പിക്കുക? കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, "മഹത്വീകൃതയായ ആ സീയോൻ പുത്രിയിൽ വാഗ്ദാനപ്രകാരമുള്ള നീണ്ട കാത്തിരിപ്പിനുശേഷം കാലത്തിന്റെ തികവിൽ നവമായൊരു രക്ഷാവ്യവസ്ഥ (dispensation) സ്ഥാപിതമാകുകയും ചെയ്തു. ഇവയൊക്കെ തന്റെ മനുഷ്യത്വത്തിന്റെ രഹസ്യത്തിൽക്കൂടി മനുഷ്യരെ പാപത്തിൽനിന്നു മോചിപ്പിക്കാൻവേണ്ടി ദൈവപുത്രൻ അവളിൽനിന്ന് മനുഷ്യസ്വഭാവം സ്വീകരിച്ചതോടുകൂടിയാണു സംഭവിച്ചത്".[49]

കുരിശിൽ കിടന്നുകൊണ്ട് യേശു അരുളിച്ചെയ്ത വാക്കുകൾ ക്രിസ്തുവിനെ വഹിച്ച മറിയത്തിന്റെ മാതൃത്വം സഭയിൽ, സഭയിലൂടെ, ഒരു പുതിയ തുടർച്ച കണ്ടെത്തുകയാണെന്നു വ്യക്തമാക്കുന്നു. ഇവിടെ, യോഹന്നാൻ സഭയുടെ പ്രതിനിധിയും പ്രതിരൂപവുമാണ്. ഇപ്രകാരം ക്രിസ്തുവിന്റെ മാതാവാകാൻ, അങ്ങനെ പരിശുദ്ധ ദൈവമാതാവാകാൻ, ക്രിസ്തു രഹസ്യത്തിലേക്ക് ആനയിക്കപ്പെട്ട 'കൃപാവരം നിറഞ്ഞ ഇവൾ' ആദിയിൽ ഉൽപത്തിപ്പുസ്തകത്തിൽ പരാമർശിക്കുന്ന 'സ്ത്രീ'യായും (3:15) രക്ഷാചരിത്രത്തിന്റെ അന്ത്യത്തിൽ വെളിപാടിന്റെ പുസ്തകത്തിൽ വിവരിക്കുന്ന 'സ്ത്രീ'യായും (12:1) സഭയിലൂടെ ആ രഹസ്യത്തിൽത്തന്നെ നിലകൊള്ളുന്നു. പാരമ്പര്യം പഠിപ്പിക്കുംവിധം മറിയത്തിന്റെ സഭാമാതൃത്വം അവളുടെ ദൈവപുത്രമാതൃത്വത്തിന്റെ പ്രതിഫലനവും തുടർച്ചയുമാണ്.[50] അതിൻപ്രകാരം ഈ ദിവ്യമാതൃത്വം ദൈവത്തിന്റെ നിത്യമായ പരിപാലനാപദ്ധതിയനുസരിച്ച് സഭയിലേക്കു പ്രവഹിക്കേണ്ടതാണ്.

കൗൺസിലിന്റെ അഭിപ്രായത്തിൽ, സഭ ജന്മംകൊള്ളുകയും അവൾ ലോകത്തിനു പൂർണ്ണമായി ദൃശ്യയാവുകയും ചെയ്ത ആ നിമിഷം മരിയമാതൃത്വത്തിന്റെ തുടർച്ചയിലേക്ക് എത്തിനോക്കാൻ നമ്മെ പ്രാപ്തരാക്കുന്നു: "ക്രിസ്തു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ ദൈവം അയയ്ക്കുംവരെ മനുഷ്യരാശിയുടെ രക്ഷാരഹസ്യം പ്രാഭവത്തോടെ വെളിപ്പെടരുതെന്ന് ദൈവം നിശ്ചയിച്ചിരുന്നതുകൊണ്ട്, പന്തക്കുസ്താദിനത്തിനു മുമ്പ് അപ്പസ്തോലന്മാർ 'ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മററു സ്ത്രീകളോടും അവന്റെ

www.malankaralibrary.com



സഹോദരരോടും ഒപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു' (അപ്പ 1:14). മംഗലവാർത്താവേളയിൽ തന്നിൽത്തന്നെ ആവസിച്ച പരിശുദ്ധാത്മാവിന്റെ ദാനത്തിനുവേണ്ടി പ്രാർത്ഥനാപൂർവ്വം യാചിക്കുന്ന മറിയത്തെ" നാം ഇവിടെ കാണുന്നു.[51]

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ സംഭവിച്ച, കൃപാവരത്തിന്റെ രക്ഷാകരപദ്ധതിയിൽ വചനത്തിന്റെ അവതാരനിമിഷവും സഭയുടെ ജനനനിമിഷവും തമ്മിൽ വിശേഷവിധമായ പൊരുത്തം കാണാൻ കഴിയും. ഈ രണ്ടു നിമിഷങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന വ്യക്തി മറിയമാണ്: നസറത്തിലെ മറിയവും ജറുസലത്ത് സെഹിയോൻ മാളികയിലെ മറിയവും.രണ്ടിടത്തും അവളുടെ യുക്തവും അനുപേക്ഷണീയവുമായ സാന്നിധ്യം പരിശുദ്ധാത്മാവിൽനിന്നുള്ള ജനനത്തിന്റെ പാത ചൂണ്ടി കാണിക്കുന്നു. അങ്ങനെ, അമ്മ എന്ന നിലയിൽ ക്രിസ്തുരഹസ്യത്തിൽ സന്നിഹിതയായിരിക്കുന്ന അവൾ പുത്രന്റെ തിരുമനസ്സാലും പരിശുദ്ധാത്മാവിന്റെ ശക്തിയാലും സഭാരഹസ്യത്തിലും സന്നിഹിതയായിരിക്കുന്നു. കുരിശിൽനിന്ന് അരുളിച്ചെയ്ത "സ്ത്രീയേ, ഇതാ, നിന്റെ മകൻ; ഇതാ, നിന്റെ അമ്മ" എന്നീ വാക്കുകൾ സൂചിപ്പിക്കുംവിധം മറിയം സഭയിലും മാതൃസാന്നിധ്യമായി തുടർന്നുപോരുന്നു.

## രണ്ടാം ഭാഗം

# ദൈവത്തിന്റെ അമ്മ: തീർത്ഥാടകസഭയുടെ കേന്ദ്രബിന്ദു

### *1. സഭ: ആഗോള വ്യാപകമായ ദൈവജനം*

25. ലോകത്തിന്റെ പീഡനങ്ങളുടേയും ദൈവത്തിന്റെ സാന്ത്വനങ്ങളുടേയും ഇടയ്ക്ക്[52] പരദേശത്തിൽപ്പെട്ട തീർത്ഥാടകയെപ്പോലെ, കർത്താവിന്റെ ആഗമനം വരെ,

www.malankaralibrary.com



കുരിശിനേയും അവിടുത്തേ ആഗമനത്തേയുംപററി പ്ര ഖ്യാപിച്ചുകൊണ്ട് സഭ മുന്നോട്ടു കുതിക്കുകയാണ് (cf. 1 കോറി 11;26).[53] "നാടു കടത്തപ്പെട്ടവനെപ്പോലെ മരു ഭൂമിയിൽ അലഞ്ഞുനടന്ന ഇസ്രായേൽഗാത്രം, ദൈവത്തി ൻെറ സഭ എന്ന് വിളിക്കപ്പെട്ടിരുന്നല്ലോ (cf. 2 എസ്ദ്രാ 13:1 ; സംഖ്യ 20:4 ; നിയ 23:1). അതുപോലെ പുതിയ ഇസ്രായേലിനെ ക്രിസ്തുവിൻെറ സഭ എന്നും വിളിക്കു ന്നു (cf. മത്താ 16:18). കാരണം, അവിടുന്ന് തൻെറ രക് തത്താൽ വിലയ്ക്കുവാങ്ങുകയും (അപ്പ 20:28) തൻെറ ആത്മാവിനെകൊണ്ട് അതിനെ നിറയ്ക്കുകയും ദൃശ്യ വും സാമൂഹികവുമായ ഒരു ഏകസമൂഹമായിരിക്കാൻ വേ ണ്ടുന്നതൊക്കെ അതിന് നല്കുകയും ചെയ്തിരിക്കു ന്നു. രക്ഷയുടെ കർത്താവും ഐക്യത്തിൻേറയും സമാധാ നത്തിൻേറയും ഉറവിടവുമായി യേശുവിനെ വിശ്വാസത്തി ലൂടെ നോക്കിക്കാണുന്ന ഏവരേയും ദൈവം ഒരുമിച്ചു കൂട്ടി, സഭയായി സ്ഥാപിച്ചു; എന്തിനെന്നാൽ, ഓരോ വ്യക്തിക്കും, എല്ലാവർക്കും, അവരം ഈ രക്ഷാകര ഐക്യ ത്തിൻെറ ദൃശ്യമായ കൂദാശ ആയിരിക്കാൻവേണ്ടി."[54]

മരുഭൂമിയിലൂടെ യാത്ര ചെയ്യുന്ന, പഴയനിയമത്തി ലെ ഇസ്രായേലുമായുള്ള സാദൃശ്യം സ്ഥാപിച്ചുകൊണ്ടാ ണ് രണ്ടാം വത്തിക്കാൻ കൗൺസിൽ തീർത്ഥാടകസഭയെ പരാമർശിക്കുന്നത്. ഈ യാത്രയ്ക്ക് ഒരു ബാഹ്യസ്വഭാ വം ഉണ്ട്, സ്ഥലകാലങ്ങളിലൂടെ ചരിത്രപരമായി സംഭ വിക്കുന്ന യാത്രയുടെ ഗോചരമായ സ്വഭാവം. കാരണം, ഭൂമിയുടെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിക്കാനായി ഉദ്ദേ ശിക്കപ്പെട്ടിരിക്കുന്നതാണു സഭ; അങ്ങനെ മാനവചരിത്ര ത്തിൻെറ ഭാഗമായിത്തീരാനും. അതേസമയം സ്ഥലകാല ങ്ങൾക്ക് അതീതയുമാണവൾ.[55] എങ്കിലും, അവളുടെ തീർത്ഥാടനത്തിൻെറ ആന്തരിക സ്വഭാവമാണ് ഏററം പ്രധാനം; ഉത്ഥിതനായ കർത്താവിൻെറ ശക്തിയാൽ, വിശ്വാസത്തിലൂടെയുള്ള തീർത്ഥാടനമാണിത്[56] അദൃശ്യ നായ ആശ്വാസപ്രദനാ (parakletos) യി സഭയ്ക്കു നല്ക പ്പെട്ട പരിശുദ്ധാത്മാവിലുള്ള തീർത്ഥാടനം (cf. യോഹ 14:26; 15:26; 16:7). "കർത്താവു വാഗ്ദാനം ചെയ് തിരിക്കുന്ന ദൈവകൃപയുടെ ശക്തിയാൽ, കരുത്താർജ്ജി ച്ച് പ്രലോഭനങ്ങളിലൂടെയും ദുരിതങ്ങളിലൂടെയും അവരം മുന്നോട്ടു നീങ്ങുകയാണ്; കുരിശിലൂടെ ഒരിക്കലും

www.malankaralibrary.com



അസ്തമിക്കാത്ത പ്രകാശപൂരത്തിൽ എത്തുംവരെ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന അവരം തന്നെത്തന്നെ നവീകരിക്കുന്നതിൽനിന്ന് ഒരിക്കലും വിരമിക്കുന്നില്ല.''[57]

''വിശ്വസിച്ചതുകൊണ്ടു ഭാഗ്യവതിയായി'' ഭവിച്ചു എന്ന നിലയിൽ, വിശ്വാസതീർത്ഥാടനത്തിൽ മുന്നേറിയവരം എന്ന നിലയിൽ, ക്രിസ്തുരഹസ്യത്തിൽ മററാരേയുംകാരം കൂടുതൽ പങ്കുചേർന്നുകൊണ്ട് സ്ഥലകാലങ്ങളിലൂടെയുള്ള, അതിലേറെ ആത്മാക്കളുടെ ചരിത്രത്തിലൂടെയുള്ള, സഭയുടെ പ്രയാണത്തിൽ അഥവാ തീർത്ഥാടനത്തിൽ മറിയം എന്നെന്നും സന്നിഹിതയാണ്. കൗൺസിൽ വീണ്ടും പറയുന്നു: ''രക്ഷയുടെ ചരിത്രത്തിൽ മറിയം ആഴത്തിൽ നിലകൊള്ളുന്നു. വിശ്വാസത്തിന്റെ കാതലായ സത്യങ്ങരം പ്രത്യേകവിധം അവരം തന്നിൽത്തന്നെ സമന്വയിപ്പിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.''[58] ''ദൈവത്തിന്റെ അദ്ഭുതപ്രവൃത്തികരം'' (അപ്പ 2:11) ഏററം ഗഹനമായും സുതാര്യമായും പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടിപോലെയാണ് മറിയം വിശ്വാസികളുടെ ഇടയിൽ.

26. മാളികമുറിയിൽ ഒരുമിച്ചുകൂടിയിരുന്നവർ ''പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ആത്മാവ് കൊടുത്ത ഭാഷണവരമനുസരിച്ച് വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി''യ (അപ്പ 2:4) ആ പന്തക്കുസ്താ ദിവസം, ക്രിസ്തു അപ്പസ്തോലന്മാരിൽ പണിതുയർത്തിയ സഭ ദൈവത്തിന്റെ ഈ ''അദ്ഭുത പ്രവൃത്തിക''ളെക്കുറിച്ച് ഏററം അവബോധമുള്ളവളായിത്തീർന്നു. ആ നിമിഷം മുതൽ വിശ്വാസത്തിന്റെ പ്രയാണം – വ്യക്തികളുടേയും ജനതകളുടേയും ചരിത്രത്തിലൂടെയുള്ള സഭയുടെ തീർത്ഥാടനം – ആരംഭിക്കുന്നു. ഈ പ്രയാണത്തിന്റെ ആരംഭത്തിൽ മറിയം സന്നിഹിതയാണെന്ന് നമുക്കറിയാം. അവരം മാളികമുറിയിൽ അപ്പസ്തോലന്മാരുടെ മധ്യത്തിൽ ''പരിശുദ്ധാത്മാവിന്റെ കൃപാവരം പ്രാർത്ഥനാപൂർവ്വം യാചിച്ചുകൊണ്ടിരുന്നതായി''[59] നാം കാണുന്നു.

ഒരർത്ഥത്തിൽ മറിയത്തിന്റെ വിശ്വാസപ്രയാണം ദീർഘിച്ചതാണ്. മംഗലവാർത്തയിൽ പരിശുദ്ധാത്മാവ് അവളുടെമേൽ ആവസിച്ചു. സത്യദൈവത്തിന്റെ വചനം

www.malankaralibrary.com



സ്വാഗതം ചെയ്തുകൊണ്ടും ബുദ്ധിയും മനസ്സും പരിപൂർണ്ണമായി സമർപ്പിച്ചുകൊണ്ടും ദൈവം വെളിപ്പെടുത്തിയ സത്യം തുറന്ന മനസ്സോടെ സ്വീകരിച്ചുകൊണ്ടും വിശ്വാസത്തിൽ നിന്നുവരുന്ന അനുസരണത്തിലൂടെ തന്നെത്തന്നെ മുഴുവനായി ദൈവത്തിനു വിട്ടുകൊടുത്തു കൊണ്ടും[60] അവൾ അവിടുത്തെ വിശ്വസ്ത മണവാട്ടി ആയിത്തീർന്നു. അങ്ങനെ, ദൂതനോട് അവൾ പ്രതിവചിച്ചു: "ഇതാ കർത്താവിൻെറ ദാസി; നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ." മാളികമുറിയിൽ മററുള്ളവരോടൊത്തു പ്രാർത്ഥനാനിരതയായിരുന്ന മറിയത്തിൻെറ വിശ്വാസതീർത്ഥാടനം, അവിടെക്കൂടിയിരുന്ന മററുള്ളവരുടെ വിശ്വാസപ്രയാണത്തേക്കാൾ മുമ്പേ തുടങ്ങിയതാണ്. മറിയം അവരുടെ "മുൻപേ ഗമിക്കുന്നു": "മുമ്പേ നടന്നു നയിക്കുന്നു."[61] ജറുസലത്തെ ഈ പന്തക്കുസ്തയുടെ സന്ദർഭത്തിനു കളമൊരുക്കിയത് നസറത്തിലെ മംഗലവാർത്തയുടേയും യേശുവിൻെറ കുരിശിൻേറയും നിമിഷങ്ങളാണ്. മാളികമുറിയിൽ മറിയത്തിൻെറ വിശ്വാസപ്രയാണം സഭയുടെ വിശ്വാസപ്രയാണവുമായി സന്ധിച്ചു. എങ്ങനെ?

പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം ലോകമെങ്ങും പോകാനുള്ള തയ്യാറെടുപ്പോടെ മാളികമുറിയിൽ പ്രാർത്ഥനാനിരതരായിരുന്നവരിൽ ചിലർ, യേശു ഇസ്രായേലിൽ തൻെറ ദൗത്യം ആരംഭിച്ചപ്പോൾമുതൽ പലപ്പോഴായി വിളിക്കപ്പെട്ടവരാണ്. അവരിൽ പതിനൊന്നുപേരെ അപ്പസ്തോലന്മാർ ആക്കുകയും അവർക്ക് താൻതന്നെ പിതാവിൽനിന്നു സ്വീകരിച്ച ദൗത്യം കൈമാറുകയും ചെയ്തു. ഉത്ഥാനത്തിനുശേഷം അപ്പസ്തോലന്മാരോട് അവിടുന്ന്, "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്ന് അരുളിച്ചെയ്തു. നാല്പതു നാളുകൾക്കുശേഷം പിതാവിങ്കലേക്ക് തിരിച്ചുപോകുംമുൻപായി അവിടുന്നു വീണ്ടും അവരോടു പറഞ്ഞു: "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നുകഴിയുമ്പോൾ ഭൂമിയുടെ അതിർത്തികൾവരെ നിങ്ങൾ എനിക്കു സാക്ഷ്യം വഹിക്കും" (അപ്പ 1:8). അപ്പസ്തോലന്മാരുടെ ഈ ദൗത്യം അവർ ജറുസലെമിലെ മാളികമുറി വിട്ടിറങ്ങിയ മാത്രയിൽ ആരംഭിച്ചു; അങ്ങനെ, സഭ ജന്മമെടുക്കുകയും പത്രോസും മററ് അപ്പസ്തോ

www.malankaralibrary.com



ലൻമാരും ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനു സാക്ഷ്യം വഹിച്ചതിലൂടെ വളർന്നു പന്തലിക്കുവാൻ തുടങ്ങുകയും ചെയ്തു (cf. അപ്പ 2:31–34 ; 3:15–18 ; 4:10–12 ; 5:30–32).

ഈ പ്രേഷിതദൗത്യം മറിയത്തിനു നേരിട്ടു ലഭിച്ചില്ല. "ലോകമെങ്ങുംപോയി എല്ലാ ജനങ്ങളേയും പഠിപ്പിക്കുവിൻ" (cf. മത്താ 28:19) എന്നുപറഞ്ഞ് ആ ദൗത്യം ഭരമേല്പിച്ചവരുടെകൂടെ മറിയം ഉണ്ടായിരുന്നില്ല. പക്ഷേ, സത്യാത്മാവിന്റെ ആഗമനത്തോടെ, ഈ ദൗത്യം ഏറ്റെടുക്കാൻ മാളികമുറിയിൽ സന്നദ്ധരായി നിന്നവരുടെ കൂട്ടത്തിൽ മറിയവും ഉണ്ടായിരുന്നു. 'യേശുവിന്റെ അമ്മ'– ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിന്റെ അമ്മ – എന്ന നിലയിൽ അവരം പ്രാർത്ഥനാനിരതയായി അവരുടെ മധ്യേ ഉണ്ടായിരുന്നു (cf. അപ്പ 1:13–14). 'രക്ഷയുടെ ഉടമ്'യായി യേശുവിനെ വിശ്വാസത്തോടെ നോക്കിക്കണ്ട ആ ആദ്യസംഘത്തിന് അറിയാമായിരുന്നു യേശു മറിയത്തിന്റെ പുത്രനാണെന്ന്; അവരം അവിടുത്തെ അമ്മയാണെന്ന്, ആ നിലയ്ക്ക് അവിടുത്തെ ഗർഭംധരിച്ച് പ്രസവിച്ച നിമിഷംമുതൽ യേശുരഹസ്യത്തിൽ അവരം അതുല്യസാക്ഷിയാണെന്ന്. ആ രഹസ്യമാകട്ടെ, അവരുടെ കൺമുൻപിൽത്തന്നെ, കുരിശുമരണത്തിലും ഉത്ഥാനത്തിലുമായി അനാവരണം ചെയ്യപ്പെടുകയും സ്ഥിരീകൃതമാവുകയും ചെയ്തു. അങ്ങനെ, സഭയുടെ ആദ്യനിമിഷംമുതൽ അവർ യേശുവിലൂടെ മറിയത്തെ നോക്കിക്കണ്ടു; മറിയത്തിലൂടെ യേശുവിനെ സഭ നോക്കിക്കണ്ടതുപോലെതന്നെ. അന്നും എന്നും സഭയ്ക്ക്, "ഇതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുപോന്ന" മറിയം (ലൂക്കാ 2:19;2:51) യേശുവിന്റെ ബാല്യകാലം, രഹസ്യജീവിതം എന്നിവയ്ക്ക് ഒരേയൊരു സാക്ഷിയാണ്.

എല്ലാററിനുമുപരി, അന്നു സഭയിൽ മറിയം "വിശ്വസിച്ചതുകൊണ്ട് ഭാഗ്യവതി" ആയിരുന്നു; ഇന്നും എന്നും അങ്ങനെതന്നെ. ആദ്യം വിശ്വസിച്ചവരം അവളത്രേ. മംഗലവാർത്തയുടേയും ഗർഭധാരണത്തിന്റേയും ആദ്യനിമിഷംമുതൽ, ബത്ലഹേമിലെ പുൽത്തൊഴുത്തിൽ യേശുവിന്റെ ജനനത്തിന്റെ നിമിഷംമുതൽ, അമ്മയ്ക്കടുത്ത വിശ്വാസപ്രയാണത്തിൽ മറിയം യേശുവിനെ പടിപടിയായി പിഞ്ചെന്നു. നസറത്തിൽ അവിടുന്ന് രഹസ്യജീവിതം ന

www.malankaralibrary.com



യിച്ചപ്പോഴും ആ അമ്മ അവിടുത്തോടൊപ്പം ഉണ്ടായിരുന്നു. വീടുവിട്ടിറങ്ങി യേശു ഇസ്രായേലിൽ "പഠിപ്പിക്കാനും പ്രവർത്തിക്കാനും" (അപ്പ 1:1) തുടങ്ങിയപ്പോഴും മറിയം അവിടുത്തെ അനുഗമിച്ചു. സർവ്വോപരി, ഗാഗുൽത്തായിലെ പീഡാനുഭവവേളയിലും ഒപ്പമുണ്ടായിരുന്നു അവൾ. ജറുസലത്തെ മാളികമുറിയിൽ സഭയുടെ ഉദയവേളയിൽ അപ്പസ്തോലന്മാരുടെ കൂടെയും അവൾ സന്നിഹിതയായിരുന്നു. മംഗലവാർത്തയിൽ ഉടലെടുത്ത അവളുടെ വിശ്വാസം ഇപ്പോൾ സ്ഥിരീകൃതമായി. അന്ന് ദൂതൻ അവളോടു പറഞ്ഞു: "നീ ഒരു പുത്രനെ ഗർഭംധരിച്ചു പ്രസവിക്കും. അവന് യേശു എന്നു പേരിടണം. അവൻ വലിയവനായിരിക്കും.... യാക്കോബിന്റെ ഭവനത്തിൻമേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ല." കാൽവരിയിലെ സംഭവങ്ങൾ ആ വാഗ്ദാനത്തെ അന്ധകാരാവൃതമാക്കിയെങ്കിലും കുരിശിൻ ചുവട്ടിൽവച്ചുപോലും മറിയത്തിന്റെ വിശ്വാസത്തിനു ഭംഗംവന്നില്ല. അബ്രാഹത്തെപ്പോലെ, പ്രത്യാശയില്ലാത്തിടത്തും അവളൊരുവൾ പ്രത്യാശാപൂർവ്വം നിലകൊണ്ടു (റോമാ 4:18). പക്ഷേ, ഉത്ഥാനത്തിനുശേഷംമാത്രമാണ് ആ വിശ്വാസത്തിന്റെ ശരിയായ മുഖം പ്രകടമായത്; ദൂതന്റെ വാഗ്ദാനം യാഥാർത്ഥ്യമായി മാറിയത്. തന്റെ പിതാവിന്റെ പക്കലേക്കു തിരിച്ചുപോകുംമുൻപായി ക്രിസ്തു ശിഷ്യരോട് ഇങ്ങനെ പറഞ്ഞിരുന്നു: "നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ.... യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (cf. മത്താ 28:19–20). 'ഉത്ഥാനംവഴി മരണത്തിനും താൻ അതീതനാണെന്നു വെളിപ്പെടുത്തിയവൻ, അവസാനമില്ലെന്ന് ദൂതൻ വിശേഷിപ്പിച്ച രാജ്യം സ്വായത്തമാക്കിയവൻ, ആണ് ഇങ്ങനെ അരുളിച്ചെയ്തത്.

27. സഭയുടെ ഉദയമുഹൂർത്തത്തിൽ – ജറുസലത്തെ പന്തക്കുസ്തായിൽനിന്ന് വിശ്വാസത്തിലൂടെ ആരംഭിച്ച ദീർഘ പ്രയാണത്തിന്റെ തുടക്കത്തിൽ – "പുതിയ ഇസ്രായേലിന്റെ" സന്തതികളുടെകൂടെ മറിയവും ഉണ്ടായിരുന്നു; ക്രിസ്തുരഹസ്യത്തിന് ഒരു അതുല്യസാക്ഷി എന്ന നിലയിൽ അവൾ അവിടെ സന്നിഹിതയായിരുന്നു. അവളോടൊത്ത് സഭ പ്രാർത്ഥനയിൽ ജാഗരൂകയായിരുന്നു. അതേസമയം, അവർ മറിയത്തെപ്പററി "വചനം മനുഷ്യനാ

www.malankaralibrary.com



യതിന്റെ വെളിച്ചത്തിൽ ധ്യാനിച്ചു''. അതെന്നും അങ്ങനെ ആയിരിക്കണം താനും. കാരണം, ''മനുഷ്യാവതാരത്തിന്റെ മഹോന്നത രഹസ്യത്തെപ്പററി ഗാഢമായി ചിന്തിക്കുമ്പോഴൊക്കെ'', സഭ ക്രിസ്തുവിന്റെ അമ്മയെപ്പററി അഗാധമായ ആദരവോടും ഭക്തിയോടുംകൂടെ ചിന്തിക്കുന്നു.[65] മറിയം അഭേദ്യമാംവിധം ക്രിസ്തുരഹസ്യത്തോട് ഉൾച്ചേർന്നിരിക്കുന്നു; സഭാരഹസ്യത്തോടും അതിന്റെ ആരംഭം, സഭയുടെ ജന്മദിനം, മുതൽതന്നെ അവർ ഐക്യപ്പെട്ടിരിക്കുന്നു. സഭ ആരംഭത്തിൽ എന്തായിരുന്നോ, അതിന്റെ അടിത്തറയിൽ, തലമുറയിലൂടെ സഭ ഭൂമിയിലെ ജനപദങ്ങളുടെയിടയ്ക്ക് എന്തായി ഭവിക്കണമോ അതിൽ നാം ഒരാളെ കണ്ടെത്തുന്നു, ''കർത്താവ് തന്നോട് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുകതന്നെ ചെയ്യും എന്നു വിശ്വസിച്ച''വളെ (ലൂക്കാ 1:45). കൃത്യമായി പറഞ്ഞാൽ, മറിയത്തിന്റെ വിശ്വാസമാണ് യേശുക്രിസ്തുവിൽ ദൈവം മനുഷ്യനുമായി ഉറപ്പിച്ച നവ്യവും നിത്യവുമായ ഉടമ്പടിയുടെ തുടക്കം കുറിക്കുന്നതുതന്നെ. അവളുടെ വീരോചിതമായ വിശ്വാസം സഭയിലെ ശ്ലൈഹിക സാക്ഷ്യത്തിനു ''മുമ്പേ പോകുന്നു''. ദൈവാവിഷ്കാരത്തിന്റെ പ്രത്യേക പൈതൃകമായി ആ വിശ്വാസം സഭാഹൃദയത്തിൽ എന്നെന്നും കുടികൊള്ളുന്നു. തലമുറ തലമുറകളായി സഭയിലെ ശ്ലൈഹികസാക്ഷ്യം സ്വീകരിക്കുന്നവർ ആ പൈതൃകത്തിന് അവകാശികളാകുന്നു: ഒരർത്ഥത്തിൽ മരിയവിശ്വാസത്തിന്റെ പങ്കുകാരും.

''വിശ്വസിച്ചവൾ ഭാഗ്യവതി'' എന്ന എലിസബത്തിന്റെ വാക്കുകൾ പന്തക്കുസ്തയിലും മറിയത്തെ പിന്തുടരുന്നു: സഭയിലെ ശ്ലൈഹികസാക്ഷ്യത്തിലൂടെയും സേവനത്തിലൂടെയും എവിടെയൊക്കെ ക്രിസ്തുവിന്റെ രക്ഷാരഹസ്യം പ്രചരിക്കുന്നുവോ അവിടെയൊക്കെ, കാലാകാലത്തോളം ആ വാക്കുകൾ അവളെ പിന്തുടർന്നുകൊണ്ടേയിരിക്കുന്നു. ഇങ്ങനെ മറിയത്തിന്റെ സ്തോത്രഗീതത്തിലെ പ്രവചനം നിറവേറിക്കഴിഞ്ഞിരിക്കുന്നു: ''ഇപ്പോൾമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും, കാരണം, ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്'' (ലൂക്കാ 1:48–49). ക്രിസ്തുരഹസ്യത്തെക്കുറിച്ചുള്ള അറിവ് അവിടുത്തെ അമ്മയെ വാഴ്ത്താൻ,

www.malankaralibrary.com



ദൈവമാതാവായി പ്രത്യേകം വണങ്ങാൻ, ഇടയാക്കുന്നു. അവളുടെ വിശ്വാസത്തെ വാഴ്ത്തിക്കൊണ്ടാണ് നാം ഇങ്ങനെ വണങ്ങുന്നത്. കാരണം, നസറത്തിലെ കന്യക ഭാഗ്യവതിയായത് എല്ലാററിലുമുപരി അവളുടെ വിശ്വാസത്തിലൂടെയാണെന്ന് എലിസബത്തിന്റെ വാക്കുകൾ വ്യക്തമാക്കുന്നു. തലമുറ തലമുറകളായി ഭൂമിയിലെ വിവിധ ജനപദങ്ങളുടേയും രാഷ്ട്രങ്ങളുടേയും ഇടയിൽ വിശ്വാസത്തോടെ ക്രിസ്തുരഹസ്യത്തെ, അവതരിച്ച വചനത്തെ, ലോകരക്ഷകനെ, സ്വീകരിക്കുന്നവർ അവിടുത്തെ അമ്മ എന്ന നിലയിൽ അവളെ വണങ്ങുകയും പ്രത്യാശയോടെ ആശ്രയിക്കുകയും മാത്രമല്ല, തങ്ങളുടെ വിശ്വാസം ഉറപ്പിക്കാൻ അവളുടെ സഹായം തേടുകയും ചെയ്യുന്നു. വിശ്വാസത്തിലുള്ള സഭയുടെ സജീവമായ ഈ പങ്കുചേരലാണ് വാസ്തവത്തിൽ ഭൂമിയിലുടനീളം പുതിയ ദൈവജനം എന്ന നിലയിലുള്ള സഭയുടെ തീർത്ഥാടനത്തിൽ മറിയത്തിനു പ്രത്യേക പദവി നല്കുന്നത്.

28. കൗൺസിൽ പറയുന്നു: "രക്ഷാചരിത്രത്തിൽ മറിയം ആഴത്തിൽ നിലകൊള്ളുന്നു.... അവളെ വണങ്ങുകയും അവളെപ്പററി പ്രസംഗിക്കുകയും ചെയ്യുമ്പോൾ, വിശ്വാസികളെ അവൾ തന്റെ പുത്രനിലേക്കും അവിടുത്തെ ത്യാഗത്തിലേക്കു പിതാവിനോടുള്ള സ്നേഹത്തിലേക്കും ക്ഷണിക്കുന്നു...."[64] ഇക്കാരണത്താൽ, മറിയത്തിന്റെ വിശ്വാസം, സഭയുടെ ശ്ലൈഹിക സാക്ഷ്യപ്രകാരം, ഒരുവിധത്തിൽ തീർത്ഥാടക ദൈവജനത്തിന്റെ വിശ്വാസമായി തുടരുന്നു; വ്യക്തികളുടേയും സമൂഹങ്ങളുടേയും സ്ഥലങ്ങളുടേയും സമ്മേളനങ്ങളുടേയും വിവിധ സഭാസമൂഹങ്ങളുടേയും വിശ്വാസമായി പരിണമിക്കുന്നു; മനസ്സിലൂടെയും ഹൃദയത്തിലൂടെയും ഒരേസമയത്ത് കൈമാറുന്ന വിശ്വാസം. ഈ വിശ്വാസം തുടർച്ചയായി പ്രാർത്ഥനയിലൂടെ ആർജ്ജിക്കപ്പെടുകയോ, പുനരാർജ്ജിക്കപ്പെടുകയോ ചെയ്യുന്നു. "പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ കന്യകയിൽനിന്നു പിറന്ന ക്രിസ്തുവിനെ കന്യാത്വത്തിൽ ഗർഭംധരിച്ച് ഈ ലോകത്തിലേക്ക് ആനയിച്ച ആ അമ്മയെയാണ് അപ്പസ്തോല പ്രവർത്തനത്തിൽ സഭ ന്യായമായും ഉററുനോക്കുന്നത്; അങ്ങനെ, സഭയിലൂടെ വിശ്വാസികളുടെ ഹൃദയങ്ങളിലും ക്രിസ്തു ജനിക്കുകയും വളരുകയും ചെയ്യേണ്ടതിന്."[65]

www.malankaralibrary.com



ഇന്ന്, വിശ്വാസത്തിന്റെ തീർത്ഥാടനത്തിലെന്നോണം, നാം രണ്ടു ക്രൈസ്തവ സഹസ്രാബ്ദങ്ങളുടെ അന്ത്യത്തോട് അടുക്കുന്നു. ഈ അവസരത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളിലൂടെ "ഭൂമിയിലെ സമസ്ത ജനപദങ്ങളുടേയും ഇടയിലെ ദൈവജനം ........ ഏക ദൈവജനം........" എന്നു സഭയ്ക്കു തന്നെപ്പററിയുള്ള സ്വന്തം കാഴ്ചപ്പാടിലേക്ക് അവരം നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 'ലോകമെമ്പാടും ചിതറിക്കിടക്കുന്ന വിശ്വാസികരം, പരിശുദ്ധാത്മാവിൽ പരസ്പരം ഐക്യത്തിലാണെന്ന' സത്യം സഭ നമ്മെ അനുസ്മരിപ്പിക്കുന്നു.[66] ഇങ്ങനെയുള്ള ഐക്യംവഴി പന്തക്കുസ്തായുടെ രഹസ്യം അനുസ്യൂതം നിറവേറിക്കൊണ്ടിരിക്കുകയാണെന്നു പറയാം. അതേസമയം, ഭൂമിയിലെ എല്ലാ ജനപദങ്ങളിലുമുള്ള കർത്താവിന്റെ അപ്പസ്തോലന്മാരും ശിഷ്യരും "യേശുവിന്റെ അമ്മയായ മറിയത്തോടൊത്ത് പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നു" (അപ്പ 1:14). തലമുറകളായി ഈ ലോകത്തിന്റേതല്ലാത്ത[67] "വാഴ്ചയുടെ അടയാളമായിത്തീരുന്ന" അവർക്ക്, എല്ലാ ജനപദങ്ങളും തങ്ങരംക്കു പൈതൃകമായി നല്കപ്പെട്ടിരിക്കുന്ന ആ രാജാവിനുചുററും ഒരുമിച്ചു കൂടണമെന്ന അവബോധമുണ്ട് (cf. സങ്കീ 2:8); ആ രാജാവിന് പിതാവായ "ദാവീദിന്റെ സിംഹാസനം സ്വർഗ്ഗീയ പിതാവ് നല്കി; അങ്ങനെ, യാക്കോബിന്റെ ഭവനത്തിൻമേൽ എന്നെന്നും അവൻ ഭരണം നടത്തുന്നു. അവന്റെ രാജ്യത്തിനാകട്ടെ, അവസാനം ഉണ്ടായിരിക്കുകയുമില്ല".

കാത്തിരിപ്പിന്റേതായ ഇക്കാലത്ത്, തന്നെ ഭാഗ്യവതിയാക്കിയ അതേ വിശ്വാസത്തിലൂടെ പ്രത്യേകിച്ച് മംഗലവാർത്തയുടെ നിമിഷംമുതൽ, സഭയുടെ ദൗത്യത്തിൽ, തന്റെ പുത്രന്റെ രാജ്യം ഈ ലോകത്തിലേക്ക് ആനയിക്കാനുള്ള സഭയുടെ യത്നത്തിൽ, അവരം സന്നിഹിതയായിരിക്കുന്നു.[68]

സഭയുടെ ചരിത്രത്തിലുടനീളം എന്നതുപോലെ ഇക്കാലത്തും മറിയത്തിന്റെ ഈ സാന്നിധ്യം പ്രകടമായിക്കൊണ്ടിരിക്കുന്നു. അതിവിശാലമായൊരു പ്രവർത്തനമേഖലയും ഈ സാന്നിധ്യത്തിനുണ്ട്– വിശ്വാസികരം ഓരോരുത്തരുടേയും വിശ്വാസത്തിലൂടെ, ഭക്തിയിലൂടെ, ക്രൈസ്തവ കുടുംബങ്ങളുടെ അഥവാ ഗാർഹിക സഭ

www.malankaralibrary.com



ളുടേയും ഇടവകകളുടേയും മിഷനറി സമൂഹങ്ങളുടേയും സന്ന്യാസ സമൂഹങ്ങളുടേയും രൂപതകളുടേയും പാരമ്പര്യങ്ങളിലൂടെ, പ്രസിദ്ധ മരിയതീർത്ഥങ്ങളുടെ ആകർഷകമായ പ്രഭാപൂരത്തിലൂടെ. ഇപ്പറഞ്ഞ തീർത്ഥകേന്ദ്രങ്ങളിലാകട്ടെ, വ്യക്തികളോ പ്രാദേശിക ഗ്രൂപ്പുകളോ മാത്രമല്ല, ചിലപ്പോൾ മുഴുവൻ ജനപദങ്ങളും സമുദായങ്ങളും, മുഴുവൻ ഭൂഖണ്ഡങ്ങളിൽനിന്നു തന്നെയും, കർത്താവിന്റെ അമ്മയെ തേടിയെത്താറുണ്ട്; അതെ, വിശ്വസിച്ചതുകൊണ്ട് ഭാഗ്യവതി ആയിത്തീർത്ത ആ അമ്മയെ, വിശ്വാസികളിൽ പ്രഥമസ്ഥാനീയ ആയ ആ അമ്മയെ, അതുകൊണ്ടുതന്നെ എമ്മാനുവേലിന്റെ അമ്മയായ മറിയത്തെ, തേടി. ഇതാണ് ലോകരക്ഷകന്റേയും തന്റെ അമ്മയുടേയും സ്വദേശമായ, അതുകൊണ്ടുതന്നെ എല്ലാ ക്രൈസ്തവരുടേയും ആധ്യാത്മിക സ്വദേശമായ, പലസ്തീനാ നമുക്കു നല്കുന്ന സന്ദേശം. ക്രൈസ്തവവിശ്വാസം കൊണ്ടു റോമിലും ലോകമെമ്പാടും നൂറ്റാണ്ടുകളായി പണിതുയർത്തിയ പള്ളികളുടെ സന്ദേശവുമിതാണ്. ഗ്വാദലുപ്, ലൂർദ്, ഫാത്തിമ തുടങ്ങിയവയുടേയും പല രാജ്യങ്ങളിലായി കിടക്കുന്ന മററു പുണ്യസങ്കേതങ്ങളുടേയും സന്ദേശവും ഇതുതന്നെ. അക്കൂട്ടത്തിൽ എന്റെ സ്വന്തം നാട്ടിലെ ജാസ്നഗോറയെ ഞാനെങ്ങനെ വിട്ടുകളയും? ഇങ്ങനെ നോക്കിയാൽ, വിശ്വാസത്തിന്റേയും മരിയൻ ഭക്തിയുടേയും ഒരു പ്രത്യേക "ഭൂമിശാസ്ത്രം" തന്നെ കണ്ടെത്താൻ കഴിയും. ഈ ഭൂമിശാസ്ത്രത്തിൽ മേൽപറഞ്ഞ എല്ലാ തീർത്ഥാടന കേന്ദ്രങ്ങളും ഉൾപ്പെടുന്നു. അവിടങ്ങളിൽ ദൈവജനം ദൈവമാതാവിനെ കണ്ടെത്തി 'വിശ്വസിച്ച'വളുടെ മാതൃസാന്നിധ്യത്തിന്റെ വലയത്തിനുള്ളിൽ സ്വന്തം വിശ്വാസം ശക്തിപ്പെടുത്താൻ പരിശ്രമിക്കുന്നു. ആദ്യം മംഗലവാർത്തയിലും അനന്തരം പൂർണ്ണമായി കുരിശിൻ ചുവട്ടിലും പ്രകടമായ മറിയത്തിന്റെ വിശ്വാസം നിമിത്തം മനുഷ്യവർഗ്ഗത്തിനുള്ളിൽ ഒരു 'ആന്തരതലം' (interior space) വീണ്ടും തുറക്കപ്പെട്ടു. അവിടം സ്വർഗ്ഗീയ പിതാവ് 'എല്ലാ ആത്മീയവരങ്ങ'ളും കൊണ്ടു നിറയ്ക്കുന്നു.[69] നവീനവും സനാതനവുമായ ഉടമ്പടിയുടെ തലമാണിത്. സഭയിൽ ഇത് തുടർന്നു നിലനില്ക്കുന്നു. ദൈവവുമായുള്ള ഉററ ഐക്യത്തിന്റേയും മാനവരാശിയുടെ ഒരുമയുടേയും ക്രിസ്തുവിലുള്ള ഒരുതരം കൂദാശ അഥവാ അടയാളമാണിത്.[70]

www.malankaralibrary.com



'കർത്താവിന്റെ ദാസി' എന്നു പറഞ്ഞ് മംഗലവാർത്തയിൽ താൻ പ്രഖ്യാപിച്ച വിശ്വാസത്തിന്റെ കാര്യത്തിൽ മറിയം ഭൂമിയിലെ തീർത്ഥാടക ദൈവജനത്തിനൊരു നിരന്തര വഴികാട്ടിയാണ്; ഈ വിശ്വാസത്തിൽ മനുഷ്യരാശിയെ പരിശുദ്ധാത്മാവിന്റെ ഐക്യത്തിൽ തന്റെ തലവനായ ക്രിസ്തുവിലേക്ക് ആനയിക്കുവാൻ സഭ ഊർജ്ജസ്വലതയോടെ തുടർച്ചയായി യത്നിക്കുകയാണ്.[71]

## 2. സഭയുടെ പ്രയാണവും ക്രൈസ്തവരുടെ ഐക്യവും

29. "ഒരു ഇടയന്റെ കീഴിൽ ഒരു പററമെന്നോണം, ക്രിസ്തു തിരുമനസ്സായ പ്രകാരം, ഐക്യപ്പെട്ടിരിക്കാനുള്ള അഭിലാഷം സകല ക്രിസ്തു ശിഷ്യരിലും പരിശുദ്ധാത്മാവ് ഉണർത്തിവിടുന്നു".[72] സഭയുടെ പ്രയാണം, പ്രത്യേകിച്ച് ഇക്കാലത്ത്, എക്യുമെനിസത്താൽ മുദ്രിതമാണ്. തന്റെ പീഡാനുഭവത്തിന്റെ തലേനാരം ശിഷ്യന്മാർക്കുണ്ടായിരിക്കേണ്ട ഒരുമ വീണ്ടെടുക്കുന്നതിനു വേണ്ടി ക്രിസ്തു സ്വർഗ്ഗീയ പിതാവിനോടു പ്രാർത്ഥിച്ചുവല്ലോ: "അവർ എല്ലാവരും ഒന്നായിരിക്കാൻവേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ, അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി" (യോഹ 17:21). ഈ ഐക്യം വീണ്ടെടുക്കാൻ ക്രൈസ്തവർ മാർഗ്ഗങ്ങരം ആരായുന്നു. ക്രിസ്തുശിഷ്യരുടെ ഐക്യമാണ് ലോകത്തിൽ വിശ്വാസം ആളിക്കത്തിക്കാൻ നല്കപ്പെട്ടിരിക്കുന്ന മഹത്തായ അടയാളം; അവരിലെ ഭിന്നതയാകട്ടെ ഉതപ്പിനു കാരണവും.[73]

എല്ലാ ക്രൈസ്തവരുടേയും ഐക്യം നേടിയെടുക്കുക എന്ന അടിയന്തരാവശ്യത്തെക്കുറിച്ചുള്ള സുവ്യക്തവും വ്യാപകവുമായ അവബോധത്തിന്റെ അടിസ്ഥാനത്തിൽ, കത്തോലിക്കാസഭയുടെ ഭാഗത്തുനിന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രവർത്തനങ്ങളിലൂടെ എക്യുമെനിക്കൽ പ്രസ്ഥാനം അതിന്റെ പരമകാഷ്ഠയുടെ ആവിഷ്കരണം കണ്ടെത്തിയിരിക്കുന്നു. മറിയം പ്രകടിപ്പിച്ച 'വിശ്വാസത്തിൽനിന്നു വരുന്ന' അനുസരണം — അതിന്റെ ആദ്യ

www.malankaralibrary.com



ത്തേതും ഉജ്ജ്വലവുമായ മാതൃകയും അവരംതന്നെ – ക്രൈസ്തവർ തങ്ങളിലും തങ്ങളുടെ സമൂഹങ്ങളിലും ദൃഢതരമാക്കേണ്ടതാണ്. "ഭൂമിയിൽ തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിന് ഉറപ്പുള്ള ശരണത്തിൻേറയും സമാശ്വാസത്തിൻേറയും അടയാളമായി മറിയം പ്രകാശിക്കുന്നതുകൊണ്ട്", വേർപെട്ടുനില്ക്കുന്ന സഹോദരങ്ങളുടെ ഇടയിലും നമ്മുടെ കർത്താവായ ദിവ്യരക്ഷകൻെറ മാതാവിന് ഉചിതമായ വണക്കം നല്കുന്നവർ ഉണ്ടെന്നുള്ള വസ്തുത ഈ പരിശുദ്ധ സൂനഹദോസിന് സമാശ്വാസവും സന്തോഷവും നല്കുന്നു. ഈ മരിയഭക്തി പൗരസ്ത്യരുടെ ഇടയിൽ സവിശേഷമായി കാണാം.[74]

30. വിശ്വാസത്തിൻെറ ഒരുമയിൽ അധിഷ്ഠിതമായെങ്കിൽ മാത്രമേ തങ്ങളുടെ ഐക്യം യഥാർത്ഥത്തിൽ വീണ്ടും കണ്ടെത്താനാവൂ എന്ന് ക്രൈസ്തവർക്ക് അറിയാം. സഭയുടെ രഹസ്യാത്മകവും ശുശ്രൂഷാപരവുമായ കാര്യങ്ങളെപ്പററിയുള്ള സൈദ്ധാന്തിക പൊരുത്തക്കേടുകരം അവർ പരിഹരിക്കേണ്ടിയിരിക്കുന്നു; രക്ഷാകര പ്രവർത്തനത്തിൽ മറിയത്തിൻെറ പങ്കിനെപ്പററിയുള്ള സിദ്ധാന്തങ്ങളിലെ പൊരുത്തക്കേടുകളും പരിഹരിക്കേണ്ടതുണ്ട്.[75] പാശ്ചാത്യസഭകളും സഭാസമൂഹങ്ങളുമായി കത്തോലിക്കാസഭ ആരംഭിച്ചിട്ടുള്ള കൂടിയാലോചനകരം[76] (dialogues) പരിത്രാണ രഹസ്യത്തിൻെറ അഭേദ്യമായ ഈ രണ്ടു വശങ്ങളെ ലക്ഷ്യംവച്ചാണ് നീങ്ങുന്നത്. അവതീർണ്ണവചനത്തിൻെറ രഹസ്യം ദൈവമാതൃത്വത്തിൻെറ രഹസ്യത്തെ അവലോകനം ചെയ്യാൻ നമ്മെ പ്രാപ്തരാക്കുന്നെങ്കിൽ, ദൈവമാതാവിനെക്കുറിച്ചുള്ള ആഴമേറിയ ധ്യാനം അവതീർണ്ണവചനത്തിൻെറ രഹസ്യത്തെക്കുറിച്ചുള്ള കൂടുതൽ അഗാധമായ അറിവിലേക്കു നമ്മെ നയിക്കുന്നു. അങ്ങനെയെങ്കിൽ, സഭാരഹസ്യത്തേയും രക്ഷാകരകർമ്മത്തിലുള്ള മറിയത്തിൻെറ പങ്കിനേയുംപററി ഇതു തന്നെ പറയാവുന്നതാണ്. തങ്ങളുടെ അമ്മ ശിപാർശ ചെയ്യുംവിധം (cf. യോഹ 2:5) യേശുവിൻെറ വാക്കുകരം അനുസരിച്ചു പ്രവർത്തിക്കാൻ സന്നദ്ധരാകുന്ന ക്രൈസ്തവർക്ക് ഈ "വിശ്വാസതീർത്ഥാടന"ത്തിൽ ഒന്നിച്ചു മുന്നേറാൻ കഴിയും. ഇത്തരമൊരു തീർത്ഥാടനത്തിന് മറിയമാണ് ഇന്നും മാതൃക; അവരം തന്നെയാണ് തങ്ങളുടെ ഏകകർത്താവ് തിരുമനസ്സായ പ്രകാരവും ഇന്ന് സഭകളോട്

www.malankaralibrary.com



"പരിശുദ്ധാത്മാവ് മന്ത്രിക്കുന്നവ" (വെളി 2:7,11,17) ശ്രദ്ധാപൂർവ്വം ചെവിക്കൊള്ളുന്നവർ ഏററം ആഗ്രഹിക്കുന്ന പ്രകാരവും ഉള്ള ഐക്യത്തിലേക്കു ക്രൈസ്തവരെ നയിക്കേണ്ടത്.

കന്യകാമറിയത്തെപ്പററിയുള്ള കാര്യങ്ങൾ ഉൾപ്പെടെ ക്രൈസ്തവവിശ്വാസത്തിൻെറ അടിസ്ഥാനകാര്യങ്ങളിൽ വിവിധ സഭകളും സഭാസമൂഹങ്ങളും കത്തോലിക്കാ സഭയോട് യോജിപ്പുള്ളവരായിക്കാണുന്നത് ശുഭോദർക്കമാണ്. അവരും മറിയത്തെ കർത്താവിൻെറ അമ്മയായി അംഗീകരിക്കുകയും യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമായ ക്രിസ്തുവിലുള്ള വിശ്വാസത്തിൻെറ ഭാഗമാണ് അതെന്നു കരുതുകയും ചെയ്യുന്നു. അവരും, കുരിശിൻ ചുവട്ടിൽവച്ച് പ്രിയപ്പെട്ട ശിഷ്യനെ തൻെറ മകനായി സ്വീകരിച്ച മറിയത്തിലേക്ക് – അവനാകട്ടെ അവളെ അമ്മയായി സ്വീകരിച്ചു – കണ്ണുകൾ തിരിക്കുന്നു.

അതുകൊണ്ട്, ദൈവകുടുംബത്തിൻെറ ഐക്യത്തിനായി പ്രാർത്ഥിക്കുകയും തൻെറ കന്യോദരത്തിൽ പരിശുദ്ധാത്മാവിൻെറ ശക്തിയാൽ താൻ ഗർഭംധരിച്ച ദൈവപുത്രനായ ഏക കർത്താവിലുള്ള വിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നവരുടെ നീണ്ട നിരയുടെ തലപ്പത്ത് നമ്മെയെല്ലാം നയിക്കുകയും ചെയ്യുന്ന മറിയത്തെ എല്ലാ സഭകളുടേയും പൊതുവായ അമ്മയായി കരുതുന്നതിൽ എന്താണ് അപാകത?

31. കത്തോലിക്കാസഭയും ഓർത്തഡോക്സ് സഭയും പുരാതന പൗരസ്ത്യസഭകളും ദൈവമാതാവിനോടുള്ള സ്നേഹവും അവൾക്കു നല്കുന്ന സ്തുതിയും എപ്രകാരം തങ്ങളെ ഗാഢമായി ഒന്നിപ്പിക്കുന്ന ഘടകമായി കാണുന്നുവെന്ന് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. "ത്രിത്വം", 'കന്യകാമറിയത്തിൽനിന്നു മാംസംധരിച്ച ദൈവവചനം' എന്നിവയെ സംബന്ധിക്കുന്ന ക്രിസ്തീയ വിശ്വാസത്തിൻെറ അടിസ്ഥാനസത്യങ്ങൾ പൗരസ്ത്യ എക്യുമെനിക്കൽ കൗൺസിലുകളിൽ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്."[77] മാത്രമല്ല, "പൗരസ്ത്യർ തങ്ങളുടെ ആരാധനക്രമത്തിൽ ദൈവത്തിൻെറ പരിശുദ്ധ മാതാവായ കന്യകാമറിയത്തെ അതിമനോഹരമായ സ്തുതിഗീതങ്ങളാൽ വാഴ്ത്തിപ്പുകഴ്ത്തുകയും ചെയ്യുന്നുണ്ട്."[78]

www.malankaralibrary.com



ഈ സഭകളിലെ സഹോദരർ വളരെ സങ്കീർണ്ണമായ ചരിത്രം അനുഭവിച്ചറിഞ്ഞവരാണ്. തുടർച്ചയായ പീഡനങ്ങളും രക്തച്ചൊരിച്ചിലും പോലും വകവയ്ക്കാതെ പ്രതിജ്ഞാബദ്ധതയ്ക്കും അപ്പസ്തോല പ്രവർത്തനത്തിനും അവർ പ്രകടിപ്പിച്ച അദമ്യമായ ആഗ്രഹം എടുത്തുപറയേണ്ടതാണ്. നമ്മുടെ കർത്താവിനോടുള്ള വിശ്വസ്തതയുടെ ഈ ചരിത്രത്തിനിടയിൽ, സ്ഥലകാലങ്ങളിലൂടെ നടത്തിയ ആധികാരികമായ ഈ വിശ്വാസതീർത്ഥാടനത്തിനിടയിൽ, പൗരസ്ത്യ ക്രൈസ്തവർ അളവററ പ്രത്യാശയോടെ കർത്താവിൻെറ അമ്മയെ നോക്കുകയും സ്തുതിഗീതികളാൽ അവളെ വാഴ്ത്തുകയും നിരന്തരപ്രാർത്ഥനയാൽ അവളോടു സഹായം അപേക്ഷിക്കുകയും ചെയ്തുപോന്നു. തങ്ങളുടെ ക്രിസ്തീയ നിലനില്പിനു പ്രയാസം നേരിട്ടപ്പോഴൊക്കെ മറിയത്തിൻെറ ശക്തിയേറിയ സഹായം ഓർത്തുകൊണ്ട്, അവളുടെ സംരക്ഷണയിൽ അവർ അഭയം തേടി."[79] എഫേസോസ്സിദ്ധാന്തം ഏററുപറയുന്ന സഭകളാകട്ടെ, കന്യക "യഥാർത്ഥ ദൈവമാതാവ്" ആണെന്നു പ്രഖ്യാപിക്കുന്നു. കാരണം, തൻെറ ദൈവസ്വഭാവമനുസരിച്ച്, സമയം ആരംഭിക്കുന്നതിനുമുമ്പേ പിതാവിൽനിന്നു ജനിച്ച, നമ്മുടെ കർത്താവായ യേശുക്രിസ്തു കാലസമ്പൂർണ്ണതയിൽ നമ്മെപ്രതിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും തൻെറ മനുഷ്യസ്വഭാവം അനുസരിച്ച് കന്യകയും ദൈവമാതാവുമായ മറിയത്തിൽനിന്നു ജനിച്ചു".[80] ഗ്രീക്ക് പിതാക്കന്മാരും ബൈസൻൈറൻ പാരമ്പര്യവും വചനം മാംസമായി എന്നതിൻെറ വെളിച്ചത്തിൽ കന്യകയെപ്പററി ആഴമായി ധ്യാനിച്ചുകൊണ്ട്, ദൈവത്തിൻെറ അമ്മ എന്ന നിലയിൽ മറിയത്തിനു ക്രിസ്തുവിനോടും സഭയോടുമുള്ള ബന്ധത്തിൻെറ ആഴം അറിയാൻ ശ്രമിച്ചു: രക്ഷാകര രഹസ്യത്തിൻെറ യാഥാർത്ഥ്യത്തിൽ മറിയം ഒരു നിത്യസാന്നിധ്യമാണ്.

അലക്സാണ്ഡ്രിയായിലെ വി. സിറിൾ കോപ്ററിക് – എത്യോപ്യൻ പാരമ്പര്യങ്ങളെ മരിയരഹസ്യധ്യാനത്തിനു വിഷയമാക്കി അവതരിപ്പിച്ചു. അവരാകട്ടെ, അത് പൊട്ടിവിടരുന്ന കവിതയിലൂടെ പാടിപ്പുകഴ്ത്തി.[81] "പരിശുദ്ധാത്മാവിൻെറ വീണ" എന്നറിയപ്പെടുന്ന സിറിയനായ വി. എഫ്രേമിൻെറ കവിഭാവന മറിയത്തെപ്പററി അവിരാമം പാടി; അങ്ങനെ, സിറിയൻ സഭയുടെ പാരമ്പ

www.malankaralibrary.com



ര്യത്തിൽ ആ പാട്ടിൻെറ ഈരടികൾ സജീവമായി പതിഞ്ഞു.[82]

അർമ്മേനിയായിലെ പ്രഗല്ഭരായ പ്രതിഭകളിൽ ഒരാളായ നാറേക്കിലെ വി. ഗ്രിഗരി ദൈവമാതാവിനെക്കുറിച്ചുള്ള തൻെറ സ്തുതിപ്പുകളിൽ വശ്യമായ കവിഭാവനയോടെ മനുഷ്യാവതാര രഹസ്യത്തിൻെറ വിവിധ വശങ്ങൾ ദർശിക്കുന്നു. ഓരോ സ്തുതിപ്പിലും അദ്ദേഹം, മാംസംധരിച്ച വചനത്തിൻെറ അമ്മയായ കന്യകാമറിയത്തിൻെറ അസാധാരണമായ മഹത്വത്തേയും അതിശയകരമായ സൗന്ദര്യത്തേയും മുക്തകണ്ഠം പാടിപ്പുകഴ്ത്തുന്നു.[83]

അനുപമമായ നിരവധി തിരുനാളുകളും സ്തുതിഗീതങ്ങളും സ്വന്തമായുള്ള പ്രാചീന പൗരസ്ത്യസഭകളുടെ ആരാധനയിൽ മറിയത്തിന് സവിശേഷമായൊരു സ്ഥാനമുണ്ടെന്ന വസ്തുത നമ്മെ തെല്ലും ആശ്ചര്യപ്പെടുത്തുന്നില്ല.

32. ബൈസൻൈറൻ ആരാധനക്രമത്തിലെ എല്ലാ യാമ പ്രാർത്ഥനകളിലും മാതാവിനു നല്കപ്പെടുന്ന സ്തുതി പുത്രനോടുള്ള സ്തുതിയോടും പുത്രനിലൂടെ പരിശുദ്ധാത്മാവിൽ പിതാവിനു സമർപ്പിക്കപ്പെടുന്ന സ്തുതിയോടും കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. വി. ജോൺ ക്രിസോസ്റ്റോമിൻെറ അനാഫൊറായിൽ അഥവാ സ്തോത്രയാഗ പ്രാർത്ഥനയിൽ, റൂഹാക്ഷണം (epiclesis) കഴിഞ്ഞാലുടനെ ആരാധനാസമൂഹം ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു പാടുന്നു:

"ഏററവും അനുഗൃഹീതയും സർവ്വഥാ പരിശുദ്ധയുമായ ദൈവമാതാവേ,

അങ്ങയെ അനുഗൃഹീതയെന്നു പ്രഘോഷിക്കുന്നത് സമുചിതമായിരിക്കുന്നു.

കെരൂബിം മാലാഖമാരേക്കാളധികം ബഹുമാന്യയേ,
സെറാഫിം മാലാഖമാരേക്കാൾ മഹത്വമിയന്നവളേ,
അങ്ങയെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു.
അങ്ങ് കന്യാത്വം നഷ്ടമാക്കാതെ,
ദൈവവചനത്തിനു ജന്മമേകി.
അങ്ങാണ് യഥാർത്ഥ ദൈവമാതാവ്."

www.malankaralibrary.com



ഓരോ പ്രാവശ്യവും പരിശുദ്ധ കുർബ്ബാന അർപ്പിക്കപ്പെടുമ്പോൾ മറിയത്തിനു സമർപ്പിക്കുന്ന ഈ സ്തുതിപ്പുകൾ ക്രൈസ്തവരുടെ വിശ്വാസവും ഭക്തിയും പ്രാർത്ഥനയും കരുപ്പിടിപ്പിക്കുന്നു. "സർവ്വഥാ പരിശുദ്ധയായ ദൈവമാതാവി"നോടുള്ള ആഴമേറിയ ഭക്തി അവരിൽ പരിപോഷിപ്പിച്ചുകൊണ്ട് ആ സ്തുതിപ്പുകൾ നൂററാണ്ടുകളിലൂടെ അവരുടെ മുഴുവൻ ആധ്യാത്മിക വീക്ഷണത്തിലും ഇഴുകിച്ചേർന്നു.

33. ഇക്കൊല്ലം രണ്ടാം നിക്യാ എക്യുമെനിക്കൽ (എ.ഡി. 787) സൂനഹദോസിൻെറ പന്ത്രണ്ടാം ശതകം പൂർത്തിയാവുകയാണ്. വിശുദ്ധരുടെ രൂപങ്ങൾ വണങ്ങുന്നതിനെപ്പററിയുള്ള പേരുകേട്ട വിവാദത്തിന് വിരാമമിട്ടുകൊണ്ട്, പരിശുദ്ധ പിതാക്കൻമാരുടെ പ്രബോധനങ്ങളും സഭയുടെ സാർവ്വലൗകിക പാരമ്പര്യങ്ങളും അനുസരിച്ച്, വിശ്വാസികളുടെ വണക്കത്തിനു വേണ്ടി കുരിശിനോടൊത്ത് ദൈവമാതാവിൻെറയും മാലാഖമാരുടേയും വിശുദ്ധരുടേയും രൂപങ്ങൾ പള്ളികളിലും വീടുകളിലും വഴിയരികിലും സ്ഥാപിക്കാമെന്ന് ഈ കൗൺസിൽ പ്രഖ്യാപിച്ചു.[84] പൗരസ്ത്യസഭകൾ മുഴുവനിലും പാശ്ചാത്യസഭയിലും ഈ ആചാരം നിലനിന്നു പോരുന്നു. ദൈവാലയങ്ങളിലും വീടുകളിലും കന്യകാമറിയത്തിൻെറ രൂപത്തിന് സംപൂജ്യമായൊരു സ്ഥാനമുണ്ട്. അവയിലൊക്കെ പലതരത്തിൽ മറിയം ചിത്രീകരിക്കപ്പെടുന്നു: കർത്താവിനെ സംവഹിച്ച് മാനവർക്കു നല്കുന്ന ദൈവസിംഹാസനമായും (Theotokos), അവരെ ക്രിസ്തുവിലേക്കു നയിച്ച് അവിടുത്തെ വെളിപ്പെടുത്തുന്ന വഴിയായും (Hodegetria) മധ്യസ്ഥയെന്നോണം പ്രാർത്ഥനാനിരതയായി നില്ക്കുന്നവളായും, കർത്താവിൻെറ ദിവസംവരെയുള്ള വിശ്വാസികളുടെ പ്രയാണത്തിൽ ദൈവിക സാന്നിധ്യത്തിൻെറ അടയാളമായും (Deesis) തൻെറ മേലങ്കി മാനവരാശിയുടെമേൽ വിരിച്ചുപിടിക്കുന്ന സംരക്ഷകയായും (Pokrov) അഥവാ കനിവോലും കന്യകയായും (Eleousa) മറിയം പലവിധത്തിൽ ഈ പ്രതിരൂപങ്ങളിൽ ചിത്രീകരിക്കപ്പെടുന്നു. പലപ്പോഴും തൻെറ തിരുക്കുമാരനെ കൈകളിലേന്തി നില്ക്കുന്ന അമ്മയായിട്ടാണ് അവളെ ചിത്രീകരിച്ചു കാണുന്നത്. അമ്മയെ മഹത്വപ്പെടുത്തുന്ന പുത്രനുമായുള്ള ബന്ധം ഇതു വ്യക്തമാക്കുന്നു. ചിലപ്പോൾ, വാത്

www.malankaralibrary.com



സല്യത്തോടെ മകനെ മാറോടണയ്ക്കുന്ന അമ്മയായി (Glykophilousa) മറിയം ആവിഷ്കരിക്കപ്പെടുന്നു; മററു ചിലപ്പോഴാകട്ടെ, ചരിത്രത്തിന്റെ നാഥനായ കർത്താവിനെ ഓർത്തു ധ്യാനനിർല്ലീനയായിനില്ക്കുന്ന വിശുദ്ധ രൂപമായും (cf. വെളി 5:9–14).[85]

പ്രാചീന റൂസിലെ ജനതകളുടെ വിശ്വാസതീർത്ഥാടനത്തിൽ അവരോടൊത്ത് എന്നുമുണ്ടായിരുന്ന വ്ളാഡിമീറിലെ മാതാവിന്റെ രൂപത്തെപ്പററി പറയുന്നതും അവസരോചിതമാണ്. ആ കുലീനനാടുകരം – വിനീതഹൃദയരുടേയും, ചിന്തകരുടേയും വിശുദ്ധരുടേയും നാടുകരം– ക്രൈസ്തവ വിശ്വാസത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടതിന്റെ സഹസ്രാബ്ദി അടുത്തുവരുന്നു. ഉക്രയിനിലും ബൈലോറുഷിയയിലും റഷ്യയിലും വിവിധ നാമങ്ങളിൽ ഈ രൂപങ്ങരം ഇന്നും വണങ്ങപ്പെടുന്നു. ദൈവമാതാവിന്റെ സംരക്ഷണത്തെപ്പററി അവബോധമുള്ള അവിടത്തുകാരുടെ വിശ്വാസത്തിനും പ്രാർത്ഥനാചൈതന്യത്തിനും സാക്ഷ്യം വഹിക്കുന്ന രൂപങ്ങളാണിവ. ഈ രൂപങ്ങളിലെല്ലാം കന്യകാമറിയം ദൈവിക സൗന്ദര്യത്തിന്റെ സാദൃശ്യമായും നിത്യജ്ഞാനത്തിന്റെ സങ്കേതമായും പ്രാർത്ഥനയുടെ നിദർശനമായും ധ്യാനസമാധിയുടെ ആദിമാതൃകയായും മഹിമയുടെ പ്രതിരൂപമായും വിളങ്ങുന്നു. മനുഷ്യയുക്തിക്ക് അപ്രാപ്യമായ ആധ്യാത്മികജ്ഞാനം മറിയം തന്റെ ഭൗമികജീവിതത്തിൽപ്പോലും നേടിയിരുന്നു. വിശ്വാസത്തിലൂടെ ഏററം ഉത്കൃഷ്ടമായ ജ്ഞാനം അവരം നേടി. പരിശുദ്ധാത്മാവിന്റെ വരവിനുവേണ്ടി അപ്പസ്തോലൻമാരോടൊത്ത് സെഹിയോൻ ഊട്ടുശാലയിൽ പ്രാർത്ഥനാനിരതയായി കാത്തിരുന്ന കന്യകയുടെ രൂപം എന്റെ ഓർമ്മയിലെത്തുന്നു. സഹോദരനിർവ്വിശേഷമായ കൂടിയാലോചനവഴി വിശ്വാസത്തിൽ നിന്നു വരുന്ന അനുസരണം ആഴപ്പെടുത്താൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഈ കന്യക പ്രതീക്ഷയുടെ അടയാളമാകാതിരിക്കുന്നതെങ്ങനെ?.

34. സഭയുടെ മഹത്തായ പാരമ്പര്യത്തിന്റെ വിവിധ രൂപങ്ങരം പണിതുയർത്തിയ ഇത്തരം സ്തുതിസമ്പത്ത് പൗരസ്ത്യവും പാശ്ചാത്യവും എന്ന സഭയുടെ "ഇരു ശ്വാസകോശങ്ങ"ളിലൂടെ ഒരിക്കൽക്കൂടി പൂർണ്ണമായി ശ്വാസോച്ഛ്വാസം ചെയ്യാൻ ആരംഭിക്കുന്ന ദിവസത്തോട്

www.malankaralibrary.com



ഓടിയടുക്കാൻ നമ്മെ സഹായിക്കുന്നു. ഞാൻ പലപ്പോഴും പറയാറുള്ളതുപോലെ, എന്നത്തേയുംകാൾ ഇന്ന് ഇത് കൂടുതൽ ആവശ്യമാണ്. പാശ്ചാത്യസഭകളും സഭാസമൂഹങ്ങളുമായി കത്തോലിക്കാസഭ ഇപ്പോഴേ നടത്തിക്കൊണ്ടിരിക്കുന്ന സംവാദത്തിന്റെ പുരോഗതി ത്വരിതപ്പെടുത്താൻ ഇതു സഹായകമാണ്.[86] തീർത്ഥാടകയായ സഭയ്ക്ക് അവളുടെ "സ്തോത്രഗീതം" ആലപിക്കാനും അതു കൂടുതൽ പൂർണ്ണതയിൽ ജീവിക്കാനുമുള്ള ഒരു വഴിയും കൂടിയാണിത്.

### 3. *തീർത്ഥാടകസഭയുടെ സ്തോത്രഗീതം* (Magnificat)

35. ഇന്ന് തീർത്ഥാടകസഭ തന്റെ യാത്രയിൽ, തന്റെ നാഥനോടുള്ള വിധേയത്വം പ്രകാശിപ്പിക്കാൻ, ക്രിസ്തുവിൽ തങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുന്ന എല്ലാവരുടേയും ഐക്യം വീണ്ടും കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ ആരായുന്നു. ഈ ഐക്യത്തിനുവേണ്ടിയായിരുന്നല്ലോ ക്രിസ്തു തന്റെ പീഡാസഹനത്തിനുമുമ്പ് പ്രാർത്ഥിച്ചത്. "ലോകത്തിന്റെ പീഡനങ്ങളും ദൈവത്തിന്റെ സാന്ത്വനങ്ങളും അനുഭവിച്ചുകൊണ്ട്, പരദേശത്ത് അകപ്പെട്ട തീർത്ഥാടകയെപ്പോലെ സഭ കർത്താവിന്റെ കുരിശുമരണവും പുനരാഗമനവും പ്രഖ്യാപിച്ചുകൊണ്ട്, മുന്നോട്ടു നീങ്ങുകയാണ്".[87] പ്രലോഭനങ്ങളിലൂടെയും ഞെരുക്കങ്ങളിലൂടെയും മുന്നോട്ടു നീങ്ങുന്ന സഭ, മാനുഷിക ബലഹീനതയാൽ തന്റെ നാഥനോടുള്ള പരിപൂർണ്ണ വിശ്വസ്തതയിൽനിന്നു വ്യതിചലിക്കാതെ, അവിടുത്തേക്കു യോഗ്യയായ മണവാട്ടിയായി നിലനില്ക്കേണ്ടതിന്, അവിടുന്നു വാഗ്ദാനം ചെയ്ത ദൈവപ്രസാദവരത്താൽ ശക്തിയാർജ്ജിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ കുരിശിലൂടെ അസ്തമിക്കാത്ത തേജസ്സ് പ്രാപിക്കുന്ന ദിവസംവരെ, തന്നെത്തന്നെ നവീകരിക്കുകയും ചെയ്യുന്നതിൽനിന്ന് വിരമിക്കുന്നില്ല.[88]

ആ തേജസ്സിലേക്കുള്ള ദൈവജനത്തിന്റെ വിശ്വാസപ്രയാണത്തിൽ കന്യകാമാതാവ് എന്നെന്നും സന്നിഹിതയാണ്. മാതാവിന്റെ സ്തോത്രഗീതത്തിൽനിന്ന് ഇതു സവിശേഷം വ്യക്തമാണ്. എലിസബത്തിനെ സന്ദർശിക്ക

www.malankaralibrary.com



വേ, മറിയത്തിൻെറ വിശ്വാസത്തിൻെറ ആഴങ്ങളിൽനിന്നു പൊട്ടിപ്പുറപ്പെട്ട ഈ സ്തോത്രഗീതം നൂററാണ്ടുകളായി സഭയുടെ ഹൃദയത്തിൽ അവിരാമം മാറെറാലിക്കൊള്ളുന്നു. സായാഹ്നപ്രാർത്ഥനയുടെ ആരാധനക്രമത്തിലും മററനേകം വ്യക്തിപരവും സമൂഹപരവുമായ പ്രാർത്ഥനകളിലും ഈ 'സ്തോത്രഗീത'ത്തിൻെറ പതിവായ ഉപയോഗം മേല്പറഞ്ഞതിൻെറ പ്രകടമായ തെളിവാണ്:

എൻെറ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു,
എൻെറ ചിത്തം എൻെറ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു,
അവിടുന്ന് തൻെറ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു.
ഇപ്പോഠംമുതൽ സകല തലമുറകളും എന്നെ
ഭാഗ്യവതി എന്നു പ്രകീർത്തിക്കും.
ശക്തനായവൻ എനിക്കു വലിയകാര്യങ്ങഠം ചെയ്തിരിക്കുന്നു.
അവിടുത്തെ നാമം പരിശുദ്ധമാണ്.
അവിടുത്തെ ഭക്തൻമാരുടെമേൽ തലമുറകഠംതോറും
അവിടുന്ന് കരുണ വർഷിക്കും.
അവിടുന്ന് തൻെറ ഭുജംകൊണ്ടു ശക്തി പ്രകടിപ്പിച്ചു;
ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു.
ശക്തൻമാരെ സിംഹാസനത്തിൽനിന്നു മറിച്ചിട്ടു;
എളിയവരെ ഉയർത്തി.
വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങഠംകൊണ്ടു
സംതൃപ്തരാക്കി;
സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു.
തൻെറ കാരുണ്യം അനുസ്മരിച്ചുകൊണ്ട്
അവിടുന്ന് തൻെറ ദാസനായ ഇസ്രായേലിനെ
സഹായിച്ചു;
നമ്മുടെ പിതാക്കൻമാരായ അബ്രാഹത്തിനോടും, അവൻെറ സന്തതികളോടും, എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചു തന്നെ (ലൂക്കാ 1:46–55).

36. നസറത്തിൽ നിന്നുവന്ന തൻെറ യുവചാർച്ചക്കാരിയായ മറിയത്തെ എലിസബത്ത് അഭിവാദ്യം ചെയ്ത

www.malankaralibrary.com



പ്പോൾ മറിയം 'സ്തോത്രഗീത'ത്തിലൂടെ പ്രത്യുത്തരിച്ചു. എലിസബത്തിന്റെ അഭിവാദനത്തിൽ മറിയത്തെ അനുഗൃഹീതയെന്ന് ആദ്യം വിളിച്ചത് അവളുടെ ഉദരഫലത്തേയും രണ്ടാമതു വിളിച്ചത് അവളുടെ വിശ്വാസത്തേയും ആസ്പദമാക്കിയാണ് (cf. ലൂക്കാ 1:42,45). 'അനുഗൃഹീത'യെന്ന ഈ രണ്ട് ആശംസകളും മംഗലവാർത്തയെ നേരിട്ടു സൂചിപ്പിച്ചുള്ളതായിരുന്നു. ഇവിടെ ഈ സന്ദർശനവേളയിൽ, എലിസബത്തിന്റെ അഭിവാദനം അതിന്റെ ഉന്നതപരിപൂർത്തിയിലെത്തുന്ന നിമിഷത്തിനു സാക്ഷ്യം നല്കുമ്പോൾ, മറിയത്തിന്റെ വിശ്വാസം ഒരു പുതിയ അവബോധവും ഒരു പുതിയ ആവിഷ്കാരവും നേടുന്നു. മംഗലവാർത്തയിൽ "വിശ്വാസത്തിൽ നിന്നുവരുന്ന അനുസരണ"ത്തിന്റെ ആഴങ്ങളിൽ മറഞ്ഞിരുന്നത് ഇപ്പോഴാകട്ടെ, സുവ്യക്തവും ജീവദായകവുമായ ആത്മാവിന്റെ ജ്വാലയായി ആളിക്കത്തുന്നു. എലിസബത്തിന്റെ വീടിന്റെ പടിവാതില്ക്കൽ കാലുകുത്തുമ്പോൾ മറിയം പറഞ്ഞ വാക്കുകൾ അവളുടെ വിശ്വാസത്തിന്റെ ദൈവപ്രചോദിതമായ പ്രഖ്യാപനമാണ്. വെളിപ്പെടുത്തപ്പെട്ട വചനത്തിന് അവൾ നല്കിയ പ്രത്യുത്തരം തന്നെത്തന്നെ ദൈവത്തിനു പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് ഭക്തിനിർഭരവും കാവ്യാത്മകവുമായി അവൾ പ്രകടിപ്പിച്ച അത്യാഹ്ളാദത്തിൽനിന്നു വ്യക്തമാണ്. ഒരേ സമയം ലളിതവും, ഇസ്രായേൽ ജനതയുടെ വിശുദ്ധ ലിഖിതങ്ങളിൽ നിന്ന് പൂർണ്ണമായി പ്രചോദനം ഉൾക്കൊണ്ടതുമായ ഈ ഉത്കൃഷ്ടവചനങ്ങളിൽ മറിയത്തിന്റെ വ്യക്തിപരമായ അനുഭവം, അതായത് അവളുടെ ആനന്ദനിർവൃതി, തുളുമ്പിനില്ക്കുന്നു.

ഈ വാക്കുകളിൽ ദൈവികരഹസ്യത്തിന്റെ ഒരു രശ്മി – അവിടുത്തെ അവാച്യമായ പരിശുദ്ധിയുടെ മഹിമ, അവിടുത്തെ നിത്യമായ സ്നേഹം – പ്രകാശിക്കുന്നു. തിരിച്ചെടുക്കാനാവാത്ത ഒരു ദാനമായി മാനവചരിത്രത്തിലേക്കു കടന്നു വന്നു ഈ നിത്യ സ്നേഹം.

ദൈവത്തിന്റെ ഈ പുതിയ വെളിപ്പെടുത്തലിൽ, ഈ പുതിയ 'സ്വയം ദാന'ത്തിൽ, മറിയമാണ് ആദ്യ ഓഹരിക്കാരി. അതുകൊണ്ട്, അവൾ ഉദ്ഘോഷിക്കുന്നു: "ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തേ നാമം പരിശുദ്ധമാണ്". അവാച്യ

www.malankaralibrary.com



മായ ആത്മാനന്ദം അവളുടെ വാക്കുകരം പ്രതിഫലിപ്പി ക്കുന്നു: ''എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.'' വാസ്തവത്തിൽ, ''എല്ലാ വെളിപാടുക ളുടേയും പരിപൂർത്തിയും മദ്ധ്യസ്ഥനുമായ ക്രി സ്തുവിൽ, ദൈവത്തേയും മനുഷ്യരക്ഷയേയും പററിയു ള്ള അഗാധമായ സത്യം പ്രസ്പഷ്ടമാകുന്നു.''[20] ക്രിസ് തുവിന്റെ ഈ പരിപൂർണ്ണതയുടെ കേന്ദ്രബിന്ദുവിൽ താൻ എത്തിയതായി തന്റെ ആഹ്ളാദാതിരേകത്തിൽ അവരം ഏററു പറയുന്നു. പൂർവ്വപിതാക്കൻമാരോട്, ആദ്യം ''അ ബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേക്കുമാ യി'', ചെയ്ത വാഗ്ദാനം തന്നിൽ സാക്ഷാത്കരിക്കപ്പെടു ന്നു എന്ന് അവരംക്കു ബോധ്യമാകുന്നു. ക്രിസ്തുവി ന്റെ അമ്മ എന്ന നിലയിൽ രക്ഷാകരപദ്ധതി മുഴുവൻ തന്നിൽ കേന്ദ്രീകരിച്ചിരിക്കുകയാണെന്നും, ആ പദ്ധതി യിൽ ആവിഷ്കരിക്കപ്പെടുന്ന ഉടമ്പടിയുടെ ദൈവം ''തലമുറകളായി'' ''തന്റെ കാരുണ്യം അനുസ്മരിക്കു ന്നു'' എന്നും അവരം മനസ്സിലാക്കുന്നു.

37. ദൈവമാതാവിന്റെ ലോകയാത്രയെ ആരംഭം മുതൽ മാതൃകയാക്കിയ സഭ, സ്തോത്രഗീതത്തിലെ വാ ക്കുകരം മറിയത്തെ അനുകരിച്ച് അനവരതം ആവർത്തി ക്കുന്നു. മംഗലവാർത്തയിലും എലിസബത്തിനെ സന്ദർ ശിച്ച വേളയിലും കന്യകാമറിയത്തിൽ പ്രകടമായ വിശ്വാ സത്തിന്റെ ആഴങ്ങളിൽനിന്ന് ഉടമ്പടിയുടെ ദൈവത്തെ ക്കുറിച്ചുള്ള സത്യം സഭ മനസ്സിലാക്കുന്നു. സർവ്വശ ക്തനും മനുഷ്യന് ''വൻകാര്യങ്ങരം'' ചെയ്യുന്നവനും പരിശുദ്ധമായ നാമം ഉള്ളവനുമാണ് അവിടുന്ന്. പുരു ഷന്റേയും സ്ത്രീയുടേയും ചരിത്രാരംഭത്തിൽത്തന്നെ കട ന്നു കൂടിയ, ദൈവത്തിലുള്ള അവിശ്വാസത്തിന്റേതും ''അല്പവിശ്വാസത്തിന്റേ''തുമായ പാപം ''സ്തോത്ര ഗീത''ത്തിൽ വേരററു വീഴുന്നതായി സഭ കാണുന്നു. ആദ്യനാരിയായ ഹവ്വായുടെ ഹൃദയത്തിൽ ''അസത്യത്തി ന്റെ ജനയിതാവ്'' ''സംശയ''ത്തിന്റെ വിത്തു വിതച്ചെ ങ്കിൽ ''പുതിയ ഹവ്വാ''യും[21] ജീവിക്കുന്നവരുടെ യഥാർ ത്ഥമാതാവുമായി പാരമ്പര്യം പ്രഘോഷിക്കുന്ന മറിയം ദൈവത്തെപ്പററിയുള്ള മങ്ങലേല്ക്കാത്ത സത്യം സംശയ ലേശമെന്യേ സധൈര്യം പ്രഖ്യാപിക്കുന്നു. പരിശുദ്ധ നും സർവ്വശക്തനും ആദിമുതൽ എല്ലാ അനുഗ്രഹങ്ങ

www.malankaralibrary.com



ളുടേയും ഉറവിടവുമായ ദൈവത്തെ, തന്നിലും പ്രപഞ്ചം മുഴുവനിലും "വലിയ കാര്യങ്ങൾ ചെയ്തവനായ" ദൈവത്തെ, ആണ് മറിയം പ്രഘോഷിക്കുന്നത്. ഭൂമിയിലെ ഇതരജീവജാലങ്ങളിലെന്നതിനേക്കാൾ മനുഷ്യസൃഷ്ടിയിൽ അവിടുന്നു തന്റെതന്നെ ഛായയും സാദൃശ്യവും സവിശേഷമായി നല്കി അവനെ മഹത്വപ്പെടുത്തി. കൂടാതെ, മനുഷ്യൻ പാപിയാണെന്നിരിക്കിലും, സ്വയംദാനത്തിനുള്ള ആഗ്രഹത്താൽ ദൈവം തന്നെത്തന്നെ സ്വന്തം പുത്രനിലൂടെ അവനു നല്കി: "തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). തന്റെ പുത്രന്റെ "പ്രവൃത്തികളിലൂടെയും വാക്കുകളിലൂടെ"യും (cf. അപ്പ 1:1) നിയതമായും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും പൂർണ്ണമായും സാക്ഷാത്കരിക്കപ്പെടുന്ന ഈ വിസ്മയനീയ സത്യത്തിന്റെ ആദ്യത്തെ സാക്ഷി മറിയമാണ്.

"പ്രലോഭനങ്ങളുടേയും ഞെരുക്കങ്ങളുടേയും നടുവിൽ" പോലും മറിയത്തോടൊപ്പം സ്തോത്രഗീതം ആലപിക്കുന്നതിൽനിന്നു വിരമിക്കാത്ത സഭ, അത് ആദ്യമായി അതീവലാളിത്യത്തോടെ പ്രഘോഷിച്ച ദൈവികസത്യത്തിന്റെ ശക്തിയാൽ നിലനില്ക്കുന്നു. അതേസമയം, ഈ ദൈവികസത്യം വഴിയായി, മനുഷ്യന്റെ ഈലോകവാസത്തിന്റെ ദുഷ്കരവും ചിലപ്പോൾ ദുർഘടവുമായ പാതകളിൽ പ്രകാശം ചൊരിയാനും സഭ ആഗ്രഹിക്കുന്നു. രണ്ടാം ക്രൈസ്തവ സഹസ്രാബ്ദത്തിന്റെ പൂർത്തിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സഭ തന്റെ ദൗത്യത്തോടുള്ള ഒരു പുതിയ പ്രതിജ്ഞാബദ്ധത ഉൾക്കൊള്ളുന്നു. "ദരിദ്രരോടു സുവിശേഷം പ്രസംഗിക്കാൻ (ദൈവം) എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (cf. ലൂക്കാ 4:18) എന്നു പറഞ്ഞവനെ അനുഗമിച്ചുകൊണ്ട്, അതേ ദൗത്യം നിറവേറ്റാൻ തലമുറകളായി സഭ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

ദരിദ്രരോടുള്ള സഭയുടെ മുൻഗണനാപരമായ സ്നേഹം മറിയത്തിന്റെ 'സ്തോത്രഗീത'ത്തിൽ സമ്യക്കായി ആലേഖനം ചെയ്തിട്ടുണ്ട്. നസറത്തിലെ കന്യക തന്റെ ആനന്ദാതിരേകത്തിൽ വാഴ്ത്തുന്ന ഉടമ്പടിയുടെ ദൈവം തന്നെയാണ് "ശക്തന്മാരെ സിംഹാസനത്തിൽനിന്നു മറിച്ചിട്ട് എളിയവരെ ഉയർത്തിയത്... വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾകൊണ്ടു സംതൃപ്തരാക്കിയത്, സ

www.malankaralibrary.com



മ്പന്നരെ വെറുംകയ്യോടെ പറഞ്ഞയച്ചത്.... ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചത്.... തന്റെ ഭക്തരുടെമേൽ തലമുറകംതോറും കരുണ വർഷിക്കുന്നത്.'' ദൈവത്തിൽനിന്നു രക്ഷ പ്രതീക്ഷിച്ച്, അവിടുന്നിൽ സകല പ്രത്യാശയും അർപ്പിച്ചു ജീവിച്ച, സങ്കീർത്തന പ്രാർത്ഥനയിലെ ''യാവേയുടെ ദരിദ്ര''രുടെ അരൂപിയുമായി മറിയം ഇഴുകിച്ചേർന്നിരിക്കുന്നു (cf. 25:31;35:55). ''പാവങ്ങളുടെ മിശിഹാ'' (cf. ഏശ 11:4;61:1) യുടെ വരവിനെയാണ് വാസ്തവത്തിൽ മറിയം പ്രഖ്യാപിക്കുന്നത്. മറിയത്തിന്റെ ഹൃദയത്തിൽനിന്ന്, 'സ്തോത്രഗീത'ത്തിലെ വാക്കുകളിലൂടെ അവരം പ്രഘോഷിച്ച വിശ്വാസത്തിന്റെ ആഴത്തിൽനിന്ന് പ്രചോദനം ഉരംക്കൊണ്ട് സഭ, ദൈവം രക്ഷിക്കുന്നുവെന്ന അവബോധം ഉത്തരോത്തരം കാര്യക്ഷമമായി നവീകരിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ദാനങ്ങളുടേയും ഉറവിടമായ ദൈവത്തെക്കുറിച്ചുള്ള ഈ സത്യം പാവങ്ങളോടും വിനീതരോടുമുള്ള അവിടുത്തെ മുൻഗണനാപരമായ സ്നേഹത്തിന്റെ വെളിപ്പെടുത്തലിൽനിന്നു വേർതിരിക്കാൻ സാധിക്കുകയില്ല. 'സ്തോത്രഗീത'ത്തിൽ ഉദ്ഘോഷിക്കപ്പെട്ട ഈ സ്നേഹംതന്നെയാണ് പിന്നീട് യേശു തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വെളിപ്പെടുത്തിയത്.

'സ്തോത്ര'ഗീതത്തിലെ സന്ദേശത്തിൽ അടങ്ങിയിരിക്കുന്ന മേൽപറഞ്ഞ ഈ രണ്ടു ഘടകങ്ങളെ തമ്മിൽ വേർപെടുത്താനാവില്ലെന്നു മാത്രമല്ല, ജീവിക്കുന്ന ദൈവത്തിന്റെ വചനമനുസരിച്ച് ദരിദ്രരുടെ പ്രാധാന്യത്തേയും അവരോടുണ്ടായിരിക്കേണ്ട മുൻഗണനാപരമായ സ്നേഹത്തേയും സസൂക്ഷ്മം പരിരക്ഷിക്കേണ്ട കടമകൂടിയുണ്ട് എന്ന അവബോധം സഭയിൽ ശക്തമാണ്. ഇന്ന് ഈ അവബോധം പ്രത്യേകമാംവിധം സജീവവുമാണ്. ഇവയാണ് സ്വാതന്ത്ര്യത്തേയും വിമോചനത്തേയുംകുറിച്ചുള്ള ക്രൈസ്തവ വീക്ഷണവുമായി ഗാഢമായി ബന്ധപ്പെട്ട വസ്തുതകളും പ്രശ്നങ്ങളും. ''മറിയം പൂർണ്ണ''മായും ദൈവത്തിൽ ആശ്രയിക്കുന്നവളും പൂർണ്ണമായും ദൈവോന്മുഖയുമാണ്. തന്റെ മകന്റെ സവിധത്തിൽ മറിയം മനുഷ്യരുടേയും ചരാചരങ്ങളുടേയും സ്വാതന്ത്ര്യത്തിനും വിമോചനത്തിനുംവേണ്ടി നിലകൊള്ളുന്ന പൂർണ്ണതയാർന്ന പ്രതിരൂപമത്രേ. സ്വന്തം ദൗത്യത്തിന്റെ അർത്ഥം

www.malankaralibrary.com



അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കാൻ സഭ അമ്മയും മാതൃകയുമായി മറിയത്തെയാണ് ഉററുനോക്കേണ്ടത്".[93]

## മൂന്നാം ഭാഗം

# അമ്മയ്ക്കടുത്ത മാധ്യസ്ഥ്യം

### *1. മറിയം കർത്താവിന്റെ ദാസി*

38. ഒരു മധ്യസ്ഥൻ മാത്രമേയുള്ളുവെന്ന് വി. പൗലോസിനോടൊപ്പം സഭ മനസ്സിലാക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു: "എന്തെന്നാൽ, ഒരു ദൈവമേയുള്ളു. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളു – മനുഷ്യനായ യേശുക്രിസ്തു. അവൻ എല്ലാവർക്കുംവേണ്ടി തന്നെത്തന്നെ മോചനമൂല്യമായി നല്കി" (1 തിമോ 2:5–6). "മാതാവെന്ന നിലയിൽ മറിയത്തിനു മനുഷ്യരുടെ നേർക്കുള്ള ധർമ്മം ക്രിസ്തുവിന്റെ അതുല്യമായ മാധ്യസ്ഥ്യത്തെ അവ്യക്തമാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ല; മറിച്ച്, അതിന്റെ ശക്തി വെളിപ്പെടുത്തുകയാണു ചെയ്യുന്നത്."[94] ക്രിസ്തുവിലുള്ള മാധ്യസ്ഥ്യമാണത്.

"പരിശുദ്ധ കന്യകയ്ക്കു മനുഷ്യവർഗ്ഗത്തിന്റെ മേലുള്ള എല്ലാ രക്ഷാകര സ്വാധീനവും.... ദൈവപ്രസാദത്തിൽനിന്ന് ഉദ്ഭവിക്കുന്നതാണെ"ന്നു സഭ മനസ്സിലാക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. "ക്രിസ്തുവിന്റെ യോഗ്യതകളുടെ ഉപരിസമൃദ്ധിയിൽ നിന്നാണ് ഈ സ്വാധീനത്തിന്റെ പ്രവാഹം. അവിടുത്തെ മാധ്യസ്ഥ്യത്തിൽ അതു നിലനില്ക്കുന്നു; ആ മാധ്യസ്ഥ്യത്തോട് അതു പൂർണ്ണമായും ആശ്രയിച്ചുനില്ക്കുന്നു. ആ സ്വാധീനത്തിന്റെ എല്ലാ ശക്തിയും അതേ മാധ്യസ്ഥ്യത്തിൽ നിന്നു പ്രാപിക്കുകയും ചെയ്യുന്നു. വിശ്വാസികൾക്ക് ക്രിസ്തുവുമായുള്ള അടുത്ത ബന്ധത്തിന് മറിയത്തിന്റെ സ്വാധീനം ഒരു വിധത്തിലും പ്രതിബന്ധമാകു

www.malankaralibrary.com



ന്നില്ല. പിന്നെയോ, ആ ബന്ധത്തെ അതു പരിപോഷിപ്പിക്കുകയാണു ചെയ്യുക."[95] കന്യകാമറിയത്തിൽ താൻ ദിവ്യമാതൃത്വം ആരംഭിച്ചപ്പോൾ പരിശുദ്ധാത്മാവ് അവളിൽ നിഴലിച്ചതുപോലെതന്നെ, മേല്പറഞ്ഞ രക്ഷാകരസ്വാധീനവും അവിടുന്ന് അവളിൽ നിലനിർത്തുന്നു; അങ്ങനെ തന്നെ, അവൾക്ക് തന്റെ പുത്രന്റെ സഹോദരീ സഹോദരന്മാരിലുള്ള ഔത്സുക്യവും അവിടുന്നു നിലനിർത്തുന്നു.

ഫലത്തിൽ മറിയത്തിന്റെ മാധ്യസ്ഥ്യം അവളുടെ മാതൃത്വവുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. സവിശേഷമായൊരു മാതൃസ്വഭാവം അതിനുണ്ട്. ഈ മാതൃസ്വഭാവം മററു സൃഷ്ടികളുടെ മാധ്യസ്ഥ്യത്തിൽനിന്ന് അതിനെ വ്യതിരിക്തമാക്കുന്നു. മററു സൃഷ്ടികളുടെ മാധ്യസ്ഥ്യമാകട്ടെ, പല വിധേനയും, എപ്പോഴും ക്രിസ്തുവിന്റെ ഏകമാധ്യസ്ഥ്യത്തിനു കീഴ്പ്പെട്ടും, അതിൽ പങ്കു ചേരുന്നതാണ്; മറിയത്തിന്റെ മാധ്യസ്ഥ്യവും ക്രിസ്തുവിന്റെ മാധ്യസ്ഥ്യത്തിലുള്ള ഒരു പങ്കുചേരൽ തന്നെ.[96] "സൃഷ്ടിക്കപ്പെട്ടിട്ടുള്ള യാതൊന്നിനേയും മനുഷ്യാവതാരം ചെയ്തവനും രക്ഷകനുമായ വചനത്തോട് ഒരിക്കലും തുലനം ചെയ്യാനാവില്ല" എന്നതു പരമാർത്ഥം തന്നെ. എങ്കിലും, ദിവ്യരക്ഷകന്റെ അതുല്യമാധ്യസ്ഥ്യം സൃഷ്ടികളിൽനിന്നുള്ള സഹകരണത്തെ ഒഴിവാക്കുകയല്ല, പ്രത്യുത, ആ അതുല്യഉറവയിൽനിന്ന് പങ്കുപററിക്കൊണ്ടുള്ള ഒരു ബഹുമുഖസഹകരണം സൃഷ്ടികളുടെ ഇടയിൽ സംജാതമാക്കുകയാണ്. ഇപ്രകാരം, ഒരേ ദൈവികനന്മ തന്നെ യഥാർത്ഥത്തിൽ വ്യത്യസ്തമായ രീതിയിൽ സൃഷ്ടികൾക്കു നല്കപ്പെട്ടിരിക്കുന്നു.[97]

"നിസ്തുലമായ ഒരേ ഉറവിടത്തിൽ, അതായത് ക്രിസ്തുവിന്റെതന്നെ മാധ്യസ്ഥ്യത്തിൽ, പങ്കുചേരുക എന്നതാണ്" മറിയത്തിന്റെ മാധ്യസ്ഥ്യത്തിന്റെ പൊരുൾ എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. നാം ഇങ്ങനെ വായിക്കുന്നു, "മറിയത്തിനു പരിത്രാണപദ്ധതിയിലുള്ള വിധേയാത്മകമായ സ്ഥാനം (Subordinate role) ഏററുപറയാൻ സഭ മടിക്കുന്നില്ല. സഭ ഇത് അനുഭവിച്ചറിയുന്നതിനു പുറമേ, ഈ മാതാവിന്റെ സഹായത്താൽ ഉത്തേജിതരായി മധ്യസ്ഥനും രക്ഷകനുമായ ക്രിസ്തുവിനോടു കൂടുതൽ കൂടുതൽ അടുക്കാൻ

www.malankaralibrary.com



വിശ്വാസികളെ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.''[38] മറിയത്തിന്റെ ഈ പദവി സവിശേഷവും അസാധാരണവുമാണ്. അവളുടെ ദിവ്യമാതൃത്വമാണ് ഇതിന്റെ ഉറവിടം. അതുകൊണ്ട്, ഈ മാതൃത്വത്തിന്റെ പൂർണ്ണ സത്യം അടിസ്ഥാനമാക്കിയേ അതു മനസ്സിലാക്കാനും വിശ്വാസജീവിതത്തിലേക്കു പകർത്താനും സാധിക്കൂ. ദൈവിക തിരഞ്ഞെടുപ്പുവഴി മറിയം പിതാവിനോടു സത്തയിൽ സമനായ പുത്രന്റെ ഭൗമികമാതാവും രക്ഷാകരകർമ്മത്തിൽ, അവിടുത്തെ 'ഉദാരമതിയായ കൂട്ടാളി'യുമാകയാൽ ''കൃപാവരത്തിന്റെ ക്രമമനുസരിച്ച് അവരം നമുക്കൊരമ്മയാണ്''.[39] ഈ പദവി ക്രിസ്തുവിന്റേയും സഭയുടേയും രക്ഷാരഹസ്യത്തിൽ അവളുടെ സാന്നിധ്യത്തിന്റെ യഥാർത്ഥ മാനം നിർണ്ണയിക്കുന്നു.[40] ഈ വീക്ഷണത്തിൽ, രക്ഷാകരപദ്ധതിയിലെ അടിസ്ഥാന സംഭവത്തെപ്പററി, അതായത് മംഗലവാർത്തയുടെ നിമിഷത്തിൽ വചനം മനുഷ്യാവതാരമെടുത്തതിനെപ്പററി, നമുക്ക് ഒന്നു കൂടി ചിന്തിക്കാം. ദൈവികദൂതന്റെ വാക്കുകളിൽ അത്യുന്നതന്റെ അഭീഷ്ടം തിരിച്ചറിഞ്ഞ്, അവന്റെ ശക്തിക്കു തന്നെത്തന്നെ സമർപ്പിച്ചുകൊണ്ട്, മറിയം പറയുന്നതു സുപ്രധാനമാണ്: ''ഇതാ, കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ സംഭവിക്കട്ടെ'' (ലൂക്കാ 1:38). ദൈവത്തിന്റേയും മനുഷ്യരുടേയും മദ്ധ്യേയുള്ള ഏക മാധ്യസ്ഥ്യത്തിന് – യേശുക്രിസ്തുവിന്റെ മാധ്യസ്ഥ്യത്തിന് – തന്നെത്തന്നെ സമർപ്പിച്ച ആദ്യനിമിഷമാണ് നസറത്തിലെ കന്യകയുടെ മാതൃത്വസ്വീകരണത്തിന്റെ നിമിഷം. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവപുത്രന്റെ അമ്മയാകാനുള്ള ദൈവിക തിരഞ്ഞെടുപ്പിനു മറിയം സമ്മതം നല്കുന്നു. അമ്മയാകാനുള്ള ഈ സമ്മതം സർവ്വോപരി കന്യക എന്നനിലയിൽ ദൈവത്തിനു തന്നെത്തന്നെ പരിപൂർണ്ണമായി സമർപ്പിക്കുന്നതിന്റെ ഫലമാണെന്നു പറയണം. ദൈവപുത്രന്റെ അമ്മയാകാനുള്ള തന്റെ തിരഞ്ഞെടുപ്പ് മറിയം സ്വീകരിക്കുന്നത് ദൈവത്തിന് ഒരു മനുഷ്യൻ തന്നെത്തന്നെ പൂർണ്ണമായി ''സമർപ്പിക്കുന്ന'' സ്നേഹത്തിന്റെ, ആത്മനാഥനോടുള്ള മണവാട്ടിയുടെ സ്നേഹത്തിന്റെ, പ്രേരണയാലാണ്. ഈ സ്നേഹത്താൽ, കന്യകയായി ജീവിച്ച് എല്ലാററിലും എപ്പോഴും ദൈവത്തിന് സ്വയം സമർപ്പിക്കാൻ മറിയം അഭിലഷിച്ചു. ''ഇതാ, കർത്താവിന്റെ ദാസി'' എന്ന വാക്കുകൾ, തന്റെ മാതൃ

www.malankaralibrary.com



ത്വത്തെ പരിപൂർണ്ണ സ്വയംദാനമായി, അത്യുന്നതന്റെ രക്ഷാകര പദ്ധതിക്കുവേണ്ടിയുളള ശുശ്രൂഷയ്ക്ക് ഒരു സ്വയംദാനമായി, അവരം ആദ്യംമുതലേ മനസ്സിലാക്കി അതിനു സമ്മതം നല്കിയെന്ന വസ്തുത വ്യക്തമാക്കുന്നു. തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ ജീവിതത്തിൽ, അമ്മയെന്ന നിലയിൽ മുഴുവനായി പങ്കുചേർന്നുകൊണ്ട് 'കന്യക'യ്ക്കടുത്ത തന്റെ വിളിയനുസരിച്ച് മരണംവരെ മറിയം ജീവിച്ചു.

''കർത്താവിന്റെ ദാസി'' എന്ന മണവാട്ടിക്കടുത്ത മനോഭാവം നിറഞ്ഞു നില്ക്കുന്ന മരിയ മാതൃത്വം ആ മാധ്യസ്ഥ്യത്തിന്റെ ആദ്യാത്മതും അടിസ്ഥാനപരവുമായ മാനം നിർണ്ണയിക്കുന്നു. ആ മാധ്യസ്ഥ്യം തനിക്ക് അവളിലുള്ള വലിയ ശരണംനിമിത്തം സഭ ഏററുപറയുകയും പ്രഖ്യാപിക്കുകയും[100] ''വിശ്വാസികളുടെ ഹൃദയങ്ങരംക്കായി നിരന്തരം നിയോഗിച്ചു നല്കുക''യും ചെയ്യുന്നു. കാരണം, മററാരേയുംകാരം ആദ്യമായി നിത്യപിതാവായ ദൈവം തന്നെയാണ് തന്റെ പുത്രനെ മനുഷ്യാവതാരരഹസ്യത്തിൽ നല്കിക്കൊണ്ട്, തന്നെത്തന്നെ നസറത്തിലെ കന്യകയ്ക്കു ഭരമേല്പിച്ചത്. ദൈവപുത്രന്റെ അമ്മയെന്ന പരമോന്നതപദവിയിലേക്കും മഹത്വത്തിലേക്കുമുള്ള അവളുടെ തിരഞ്ഞെടുപ്പ് സത്താശാസ്ത്രപരമായി വീക്ഷിക്കുമ്പോരം, (Ontological level) വചനമെന്ന ആളിൽ ഇരുസ്വഭാവങ്ങളും ഐക്യപ്പെട്ടിരിക്കുന്നു (Hypostatic union) എന്ന യാഥാർത്ഥ്യത്തെത്തന്നെയാണു കുറിക്കുന്നത്. ദൈവപുത്രന്റെ അമ്മയായിരിക്കുകയെന്ന ഈ അടിസ്ഥാനവസ്തുത, ക്രിസ്തു എന്ന വ്യക്തിക്ക്, അവിടുത്തെ മുഴുവൻ പ്രവർത്തനങ്ങരംക്ക്, അവിടുത്തെ സമ്പൂർണ്ണ ദൗത്യത്തിന്, ആരംഭം മുതലേ അവരം നല്കിയ തുറവി വ്യക്തമാക്കുന്നു. ''ഇതാ, കർത്താവിന്റെ ദാസി'' എന്ന മറിയത്തിന്റെ വാക്കുകരം അവളുടെ ആത്മാവിന്റെ തുറവിക്കു സാക്ഷ്യം നല്കുന്നു – കന്യകാത്വത്തിനു ചേർന്ന സ്നേഹവും മാതൃനിർവ്വിശേഷമായ സ്നേഹവും അവരം തന്നിൽത്തന്നെ പൂർണ്ണമായി യോജിപ്പിച്ച് ഒന്നാകും വിധം സമന്വയിപ്പിച്ചിരിക്കുന്നു.

ഇക്കാരണത്താൽ, മറിയം മനുഷ്യപുത്രന്റെ ''മുലയൂട്ടുന്ന അമ്മ'' മാത്രമല്ല, മിശിഹായും രക്ഷകനുമായവന്റെ അതുല്യമഹിമയിൽ പങ്കാളിയുമായി ഭവിച്ചു[101] ഞാൻ

www.malankaralibrary.com



നേരത്തേ പറഞ്ഞതുപോലെ മറിയം വിശ്വാസതീർത്ഥാടനത്തിൽ മുന്നേറി. ഒപ്പം, കുരിശിൻചുവടുവരെയുള്ള ഈ തീർത്ഥാടനത്തിൽ അവളുടെ പ്രവർത്തനങ്ങളും സഹനദൗത്യത്തോടുള്ള അവളുടെ മാതൃസഹജമായ സഹകരണവും നിറവേറി. രക്ഷകനായ സ്വപുത്രന്റെ യജ്ഞവുമായുള്ള ഈ സഹകരണത്തിന്റെ പാതയിലൂടെ നീണ്ടുകവഴി, മറിയത്തിന്റെ മാതൃത്വത്തിനു തന്നെ തനതായ ഒരു രൂപാന്തരീകരണം സംഭവിച്ചു. എന്തെന്നാൽ, ക്രിസ്തുവിന്റെ ദൗത്യം ആരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണോ അവർക്കുവേണ്ടിയുള്ള ഉജ്ജ്വലമായ ഉപവിയാൽ നിറയപ്പെട്ടതായിരുന്നു ഈ മാതൃത്വം. "ആത്മാക്കൾക്കു പ്രകൃത്യതീത ജീവന്റെ" [102] വീണ്ടെടുപ്പു സാധ്യമാക്കാൻ ക്രിസ്തുവുമായുള്ള ഐക്യത്തിലൂടെ "ഉജ്ജ്വലിക്കുന്ന ഈ ഉപവി" വഴി പരിശ്രമിച്ച മറിയം ഒരു വിധത്തിൽ, തന്റേതായ മാർഗ്ഗത്തിലൂടെ "ദൈവത്തിന്റെയും മനുഷ്യരുടേയും ഇടയ്ക്കു"ള്ള ഏക മധ്യസ്ഥതയിലേക്കു പ്രവേശിച്ചു. ഈ മാധ്യസ്ഥ്യം യേശുക്രിസ്തുവെന്ന മനുഷ്യന്റെ മാധ്യസ്ഥ്യമാണ്. ഈ മധ്യസ്ഥതയുടെ പ്രകൃത്യതീതഫലങ്ങൾ ആദ്യം തന്നിൽത്തന്നെ അനുഭവിച്ചറിഞ്ഞത് അവളാണെങ്കിൽ, മംഗലവാർത്തയിൽ "കൃപാവരം നിറഞ്ഞവൾ" എന്ന് അവൾ അഭിവാദ്യം ചെയ്യപ്പെട്ടുവെങ്കിൽ, അതേ കൃപാവരത്തിന്റെ പൂർണ്ണതയിലൂടെയും പ്രകൃത്യതീത ജീവനിലൂടെയും മനുഷ്യരക്ഷയുടെ ഏകമധ്യസ്ഥനായ ക്രിസ്തുവുമായി സഹകരിക്കാൻ അവൾ പ്രത്യേകമാംവിധം മുൻകൂട്ടി ഒരുക്കമുള്ളവളായിരുന്നു. കൃത്യമായിപ്പറഞ്ഞാൽ, ഇത്തരം സഹകരണമാണ് ക്രിസ്തുവിന്റെ മാധ്യസ്ഥ്യത്തിനു കീഴായിട്ടുള്ള മറിയത്തിന്റെ മാധ്യസ്ഥ്യം.

ഈ "കർത്താവിന്റെ ദാസി"യുടെ പൂർണ്ണസമ്മതത്തിൽ പ്രകാശിതമായ "കൃപാവരസമ്പൂർണ്ണത" ആധാരമാക്കി, മറിയത്തിൽ നമുക്കു പ്രത്യേകവും സവിശേഷവുമായ ഒരു മാധ്യസ്ഥ്യം കണ്ടെത്താം. തന്റെ അമ്മയുടെ ആന്തരികസമ്മതത്തിനു മറുപടിയെന്നോണം, "കൃപാവരത്തിന്റെ ക്രമമനുസരിച്ച്" എല്ലാ മനുഷ്യരുടേയും "അമ്മ"യാകാൻ യേശുക്രിസ്തു അവളെ പൂർവ്വാധികം പൂർണ്ണമായി ഒരുക്കി. സമാന്തരസുവിശേഷങ്ങളിലെ ചില വിശദീകരണങ്ങളിൽ, പരോക്ഷമായിട്ടെങ്കിലും, ഇതേപ്പറ്റി സൂചനയുണ്ട് (cf. ലൂക്കാ 11:28; 8:20–21; മർക്കോ 3:

www.malankaralibrary.com



32–33; മത്താ 12:47–50). യോഹന്നാൻ എഴുതിയ സുവിശേഷത്തിലാകട്ടെ, ഇതിലുപരി സൂചനയുണ്ട് (cf. 2:1–12; 19:25–27). കുരിശിൽക്കിടന്ന് യേശു, മറിയത്തോടും യോഹന്നാനോടുമായി അരുളിച്ചെയ്ത വാക്കുകൾ ഇതു സംബന്ധിച്ച് പ്രത്യേകം സാർത്ഥകമാണ്.

40. യേശുവിന്റെ ഉത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനുംശേഷം, അപ്പസ്തോലന്മാരോടൊപ്പം മറിയം പരിശുദ്ധാത്മാവിന്റെ ആഗമനം പ്രതീക്ഷിച്ചു മാളികമുറിയിൽ പ്രവേശിച്ചു. മഹത്വീകൃതനായ കർത്താവിന്റെ അമ്മയെന്ന നിലയിൽ അവൾ അവിടെ സന്നിഹിതയായിരുന്നു. "വിശ്വാസത്തിന്റെ തീർത്ഥാടനത്തിൽ മുന്നേറുകയും" "കുരിശോളം" തന്റെ പുത്രനുമായുള്ള ഐക്യം വിശ്വസ്തമായി കാത്തുസൂക്ഷിക്കുകയും ചെയ്തവൾ മാത്രമല്ല, "ഇതാ, നിന്റെ അമ്മ" എന്നുപറഞ്ഞ് സ്വന്തം തിരുക്കുമാരൻ സഭാശിശുവിന് അമ്മയായി നല്കിയിട്ടുപോയ "കർത്താവിന്റെ ദാസിയും" ആയിരുന്നു മറിയം. അങ്ങനെ, അമ്മയും സഭയും തമ്മിൽ ഒരു പ്രത്യേക ബന്ധം അവിടെവച്ച് ആരംഭിച്ചു. എന്തുകൊണ്ടെന്നാൽ, അവളുടെ പുത്രന്റെ കുരിശുമരണത്തിന്റേയും ഉയിർപ്പിന്റേയും ഫലമായിരുന്നു സഭാശിശു. ആദ്യംമുതലേ, തന്റെ പുത്രനും അവിടുത്തെ പ്രവർത്തനങ്ങൾക്കുംവേണ്ടി കലവറയില്ലാതെ സ്വയം അർപ്പണംചെയ്ത മറിയത്തിന് സഭയ്ക്കുവേണ്ടിയും ആദ്യംമുതൽതന്നെ അമ്മയ്ക്കടുത്ത ആത്മസമർപ്പണം ചെയ്യാതിരിക്കാൻ കഴിയുമായിരുന്നോ! പുത്രന്റെ വേർപാടിനുശേഷം അവളുടെ മാതൃത്വം സഭയിൽ മാതൃമാധ്യസ്ഥ്യമായി നിലകൊള്ളുന്നു. തന്റെ എല്ലാ മക്കൾക്കുംവേണ്ടി മധ്യസ്ഥത വഹിച്ചുകൊണ്ട് ലോകരക്ഷകനായ പുത്രന്റെ രക്ഷാകരപ്രവൃത്തിയുമായി ആ അമ്മ സഹകരിച്ചുപോരുന്നു. "തിരഞ്ഞെടുക്കപ്പെട്ടവരൊക്കെ നിത്യമകുടം ചൂടുംവരെ, മറിയത്തിന്റെ മാതൃത്വം കൃപാവരക്രമത്തിൽ ഇടമുറിയാതെ നിലനില്ക്കും"[108] എന്നു കൗൺസിൽ പഠിപ്പിക്കുന്നു. തന്റെ പുത്രന്റെ രക്ഷാകരമായ മരണത്തോടെ കർത്താവിന്റെ ദാസിയുടെ മാതൃമാധ്യസ്ഥ്യത്തിന് ഒരു സാർവ്വലൗകികമാനം കൈവന്നു. രക്ഷാകരകർമ്മം മാനവരാശിയെ മുഴുവൻ പുല്കുന്നതാണല്ലോ. അങ്ങനെ, "ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയ്ക്കുള്ള" ഏകവും സാർവ്വലൗകികവുമായ

www.malankaralibrary.com



ക്രിസ്തുമാധ്യസ്ഥ്യത്തിന്റെ ഫലദായകത്വം സവിശേഷം പ്രകാശിക്കുന്നു. ഏകമധ്യസ്ഥനായ രക്ഷകന്റെ സാർവ്വത്രികമായ മധ്യസ്ഥതയിൽ മറിയത്തിന്റെ സഹകരണം, അതിന്റേതായ വിധേയസ്വഭാവത്തോടെ, പങ്കുചേരുന്നു. മേലുദ്ധരിച്ച വാക്കുകളിൽ കൗൺസിൽ ഇതു വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്.

"കാരണം," കൗൺസിൽ പ്രമാണരേഖ തുടരുന്നു, "സ്വർഗ്ഗാരോപിതയായതോടെ ഈ രക്ഷണീയദൗത്യം അവസാനിപ്പിക്കാതെ നിത്യരക്ഷയ്ക്കാവശ്യമായ ദാനങ്ങൾ സമ്പാദിച്ചു തരുന്നതിൽ അവൾ വിവിധതരത്തിൽ മാധ്യസ്ഥ്യം വഹിച്ചുകൊണ്ടിരിക്കുന്നു."[104] ഗലീലിയിലെ കാനായിൽ ആദ്യം പ്രകടമായ ഈ "ഇടപെടൽ" (Intercession) സ്വഭാവത്തോടെ മറിയത്തിന്റെ മാധ്യസ്ഥ്യം ലോകത്തിന്റേയും സഭയുടേയും ചരിത്രത്തിൽ തുടർന്നു കൊണ്ടിരിക്കുന്നു. "അപകടങ്ങളും പ്രതിസന്ധിഘട്ടങ്ങളും നിറഞ്ഞ ജീവിതയാത്ര ചെയ്യുന്ന സ്വപുത്രന്റെ സഹോദരർ സൗഭാഗ്യകരമായ പിതൃരാജ്യത്തിൽ എത്തുന്നതുവരെ അവൾ മാതൃസഹജമായ സ്നേഹത്തോടെ അവരെ സംരക്ഷിക്കുന്നു."[105] ഈ വിധത്തിൽ മറിയത്തിന്റെ മാതൃത്വം സഭയിൽ ഇടനിലനില്ക്കുന്ന മാധ്യസ്ഥ്യമായി അവിരാമം തുടർന്നു പോരുന്നു. സഭയാകട്ടെ, തനിക്ക് ഈ സത്യത്തിലുള്ള വിശ്വാസം, അവളെ "അഭിഭാഷക (Advocate), സഹായക, ഉപകാരിണി, മധ്യസ്ഥ എന്നീ അഭിധാനങ്ങളിൽ വിളിച്ചപേക്ഷിച്ച്"[106] പ്രകാശിപ്പിക്കുന്നു.

41. ഭൂമിയിലെ തീർത്ഥാടകസഭയെ, പുണ്യവാന്മാരുടെ ഐക്യത്തിന്റെ യുഗാന്ത്യോന്മുഖവും സ്വർഗ്ഗീയവുമായ യാഥാർത്ഥ്യത്തോടു സംയോജിപ്പിക്കുന്നതിൽ, രക്ഷകന്റെ മാധ്യസ്ഥ്യത്തിനു കീഴുള്ള തന്റെ മാധ്യസ്ഥ്യം വഴി മറിയം സവിശേഷമായ പങ്കുവഹിക്കുന്നു. കാരണം, അവൾ നേരത്തേതന്നെ "സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു."[107] പന്ത്രണ്ടാം പീയൂസ് മാർപാപ്പാ നിർവ്വചിച്ച സ്വർഗ്ഗാരോപണമെന്ന സത്യം രണ്ടാം വത്തിക്കാൻ കൗൺസിൽ പുനഃസ്ഥിരീകരിക്കുകയും സഭയുടെ വിശ്വാസം ഇങ്ങനെ വെളിവാക്കുകയും ചെയ്യുന്നു: "ജന്മപാപത്തിന്റെ സകല കറകളിൽ നിന്നും സ്വതന്ത്രയായിരുന്ന നിർമ്മലകന്യക ഈലോകവാസത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടെ

www.malankaralibrary.com



സ്വർഗ്ഗീയമഹത്വത്തിലേക്ക് ആരോപിതയായി. ഇതിനും പുറമേ, നമ്മുടെ കർത്താവ് അവളെ പ്രപഞ്ചത്തിന്റെ മുഴുവൻ രാജ്ഞിയായി വാഴിച്ചു. ഇത് 'കർത്താക്കളുടെ കർത്താവും' (cf വെളി 19;16) പാപത്തേയും മരണത്തേയും ജയിച്ചവനുമായ തന്റെ തിരുക്കുമാരനോട് അവൾ കൂടുതലായി അനുരൂപപ്പെടാൻ വേണ്ടിയായിരുന്നു.''[108] പാശ്ചാത്യവും പൗരസ്ത്യവുമായ സഭാചരിത്രത്തിൽ പല തരത്തിൽ പ്രകാശിതമായ പാരമ്പര്യത്തിന്റെ തുടർച്ചയായിട്ടാണ് പന്ത്രണ്ടാം പീയൂസിന്റെ ഈ പ്രബോധനം.

ഉത്ഥാനം ചെയ്ത കർത്താവും ലോകരക്ഷകനുമായ ക്രിസ്തുവിന്റെ ഏകമാധ്യസ്ഥ്യത്തിന്റെ എല്ലാ ഫലങ്ങളും മറിയത്തിന്റെ സ്വർഗ്ഗാരോപണരഹസ്യത്തിൽ നിയതമായി നിറവേറിയിരിക്കുന്നു. ''ക്രിസ്തുവിൽ എല്ലാവരും പുനർജ്ജീവിക്കും. എന്നാൽ, ഓരോരുത്തരും താന്താങ്ങളുടെ ക്രമമനുസരിച്ചായിരിക്കും: ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്റെ ആഗമനത്തിൽ അവനുള്ളവരും'' (1 കോറി 15:22–23). സ്വർഗ്ഗാരോപണരഹസ്യത്തിലൂടെ പ്രകാശിതമായിരിക്കുന്ന സഭാവിശ്വാസമനുസരിച്ച്, മറിയം ക്രിസ്തുവിനോട് ''ഏററവും അടുത്തതും അഭേദ്യവുമായ ബന്ധത്തിൽ ഐക്യപ്പെട്ടിരിക്കുന്നു''. കാരണം, കന്യകയും അമ്മയുമായ അവൾ അവിടുത്തെ ആദ്യവരവിൽ അവിടുത്തോടു പ്രത്യേകമായി ഐക്യപ്പെട്ടിരുന്നു. അതുപോലെ, തുടർന്നുള്ള സഹപ്രവർത്തനം വഴി അവിടുത്തെ രണ്ടാംവരവിനുവേണ്ടിയുള്ള കാത്തിരിപ്പിലും അവൾ അവിടുത്തോട് ഐക്യപ്പെട്ടിരിക്കും: ''തന്റെ പുത്രന്റെ യോഗ്യതകളാൽ പ്രത്യേകവും അത്യുത്കൃഷ്ടവുമായ രീതിയിൽ വീണ്ടെടുക്കപ്പെട്ട''[109] അവൾക്ക്, അവിടുത്തെ അന്ത്യാഗമനത്തിൽ കാരുണ്യത്തിന്റെ മദ്ധ്യസ്ഥയെന്ന പ്രത്യേക മാതൃപദവി ഉണ്ടായിരിക്കും. ''ക്രിസ്തുവിന് ഉള്ളവരൊക്കെ പുനർജ്ജീവിക്കുകയും നശിപ്പിക്കപ്പെടേണ്ട അവസാനശത്രു മരണമായിരിക്കുകയും ചെയ്യു'' (1 കോറി 15:26) ന്ന സന്ദർഭമാണ് ഈ അന്ത്യാഗമനം.[110]

ശ്രേഷ്ഠയായ ഈ സീയോൻ പുത്രിക്ക്[111] സ്വർഗ്ഗാരോപണം വഴി കൈവന്ന ഔന്നത്യത്തോടു ബന്ധപ്പെട്ടതാണ് അവളുടെ നിത്യമഹത്വത്തിന്റെ രഹസ്യം. കാരണം, ക്രിസ്തുവിന്റെ അമ്മ 'പ്രപഞ്ചരാജ്ഞി'യായി[112] മഹത്വീകൃതയായിരിക്കുന്നു. മംഗലവാർത്തയിൽ ''കർത്താ

www.malankaralibrary.com



വിൻെറ ദാസി'' എന്ന് തന്നെത്തന്നെ വിശേഷിപ്പിച്ച അവരം തൻെറ ഇഹലോകവാസകാലം മുഴുവനും ആ പേര് അന്വർത്ഥമാകുംവിധം ജീവിച്ചു. അങ്ങനെ, തൻെറ ദൗത്യം ശുശ്രൂഷയുടേതാണെന്ന് ഊന്നിപ്പറഞ്ഞ ക്രിസ്തുവിൻെറ യഥാർത്ഥ "ശിഷ്യ''യാണു താനെന്നു മറിയം സ്ഥിരീകരിച്ചു: "ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കുവാനു'' (മത്താ 20:28) മത്രേ മനുഷ്യപുത്രൻ വന്നത്. ഇങ്ങനെ, "മററുള്ളവരിൽ ക്രിസ്തുവിനെ എളിമയോടും ക്ഷമയോടുംകൂടി സേവിച്ചുകൊണ്ട്, ഭരണം ശുശ്രൂഷയാണെന്നു പഠിപ്പിച്ച ആ രാജാവിങ്കലേക്ക് സഹോദരങ്ങളെ നയിക്കുന്ന''[113]വരിൽ പ്രഥമഗണനീയ ആയിത്തീർന്നു മറിയം.'' സേവനം ഭരണമായിക്കാണുന്ന ക്രിസ്തുശിഷ്യർക്കു ചേർന്ന "രാജകീയസ്വാതന്ത്ര്യം'' അവരംക്ക് അതിൻെറ പൂർണ്ണതയിൽ ലഭിച്ചു.

"ക്രിസ്തു കുരിശുമരണംവരെ അനുസരണമുള്ളവനായിരുന്നു; അതുകൊണ്ട് പിതാവ് അവനെ ഉയർത്തി (cf. ഫിലി 2:8–9). അപ്രകാരം, അവിടുന്ന് തൻെറ രാജ്യത്തിൻെറ മഹത്വത്തിലേക്കു പ്രവേശിച്ചു. തന്നെത്തന്നെയും എല്ലാ സൃഷ്ടവസ്തുക്കളെയും പിതാവിന് അധീനമാക്കും വരെ, എല്ലാ വസ്തുക്കളും അവന് അധീനമായിരിക്കുന്നു; ഇത് ദൈവം എല്ലാവർക്കും എല്ലാം ആകേണ്ടതിനു തന്നെ (cf. 1 കോറി 15:27–28).''[114] പുത്രൻെറ ഈ രാജ്യത്തിൽ കർത്താവിൻെറ ദാസിയായ മറിയത്തിന് ഒരു പങ്കുണ്ട്.[115] സേവനത്തിൻെറ മഹത്വം അവളുടെ രാജകീയ ഔന്നത്യമായി എന്നും നിലനില്ക്കുന്നു; സ്വർഗ്ഗാരോപിതയായിരിക്കുന്ന അവരം "തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം നിത്യമകുടം ചൂടുന്നതുവരെ''[116] തൻെറ മാതൃമാധ്യസ്ഥ്യം വെളിവാക്കുന്ന രക്ഷാകരശുശ്രൂഷ (Saving Service)യിൽ നിന്നു വിരമിക്കുന്നില്ല. ഇപ്രകാരം, ഭൂമിയിലായിരിക്കെ തൻെറ പുത്രനോടുള്ള ഐക്യത്തിൽ കുരിശുവരെ വിശ്വസ്തതയോടെ നിലനിന്ന അവരം, "തന്നെത്തന്നെയും എല്ലാവസ്തുക്കളേയും പിതാവിന് അധീനമാക്കുംവരെ, എല്ലാവസ്തുക്കളും തനിക്കധീനമായിരിക്കുന്ന'' ഇക്കാലയളവിലും, അവിടുത്തോടുള്ള ഐക്യത്തിൽ തുടർന്നുപോരുന്നു. ഈ വീക്ഷണമനുസരിച്ച്, സ്വർഗ്ഗത്തിലേക്കുള്ള അവളുടെ ആരോപണത്തിൽ

www.malankaralibrary.com



പുണ്യവാന്മാരുടെ ഐക്യമെന്ന യാഥാർത്ഥ്യം അവളെ ചൂഴ്ന്നുനില്ക്കുന്നതായിക്കാണാം. മാത്രമല്ല, പുത്രനുമായി മഹത്വത്തിലുള്ള അവളുടെ ഐക്യം തന്നെ "ദൈവം എല്ലാവർക്കും എല്ലാ"മായിത്തീരുന്ന ദൈവരാജ്യത്തിന്റെ നിയതമായ പൂർണ്ണതയെ ഉന്മുഖമാക്കിയുള്ളതാണ്.

ഈ ഘട്ടത്തിലും, "സമയത്തിന്റെ സമ്പൂർണ്ണത" അതിന്റെ അന്തിമ സാക്ഷാത്കാരത്തിലെത്തുംവരെ അതായത്, "എല്ലാവസ്തുക്കളും ക്രിസ്തുവിൽ ഒന്നാകുംവരെ" (cf. എഫേ 1:10), മറിയത്തിന്റെ മാതൃമാധ്യസ്ഥ്യം ഏക മധ്യസ്ഥനായ അവിടുത്തേക്ക് കീഴ്പ്പെട്ടു നില്ക്കുന്നു.

## 2. *മറിയം സഭയുടേയും ഓരോ ക്രൈസ്തവന്റേയും ജീവിതത്തിൽ*

42. പാരമ്പര്യത്തോടു യോജിച്ചുകൊണ്ട്, സഭാജീവിതത്തിൽ ക്രിസ്തുവിന്റെ അമ്മയ്ക്കുള്ള പങ്കു വ്യക്തമാക്കാൻ രണ്ടാംവത്തിക്കാൻ കൗൺസിൽ പുത്തൻവെളിച്ചം വീശുന്നുണ്ട്. "ദിവ്യമാതൃത്വത്തിന്റെ ദാനംവഴി.... രക്ഷകനായ തന്റെ പുത്രനോടും അവിടുത്തെ സവിശേഷമായ വരങ്ങളോടും ശുശ്രൂഷകളോടും മറിയം ബന്ധപ്പെട്ടിരിക്കുന്നു. അതേ വരങ്ങളാലും ശുശ്രൂഷകളാലും പരിശുദ്ധകന്യക സഭയോടും ഗാഢമായി ഐക്യപ്പെട്ടിരിക്കുന്നു: 'വിശ്വാസത്തിലും ഉപവിയിലും ക്രിസ്തുവിനോടുള്ള പൂർണ്ണമായ ഐക്യത്തിലും ദൈവജനനി സഭയുടെ മാതൃകയാണ്."[117] സഭയുടെ ആരംഭത്തിൽ, പന്തക്കുസ്ത പ്രതീക്ഷിച്ച് അപ്പസ്തോലന്മാരോടൊപ്പം മറിയം എങ്ങനെ നിലകൊണ്ടുവെന്നും, 'വിശ്വസിച്ചതുകൊണ്ടു ഭാഗ്യവതി' യായ അവൾ എങ്ങനെ തീർത്ഥാടകസഭയുടെ മധ്യേ തലമുറതലമുറയായി, നമ്മെ നിരാശരാക്കാത്ത പ്രത്യാശയുടെ (cf. റോമാ 5:5) മാതൃകയായി തന്റെ വിശ്വാസംവഴി സന്നിഹിതയായിരിക്കുന്നുവെന്നും നാം കണ്ടുകഴിഞ്ഞു.

കർത്താവ് തന്നോട് അരുളിച്ചെയ്തതു നിറവേറുമെന്നു മറിയം വിശ്വസിച്ചു. "ദൈവപുത്രൻ" എന്ന നാമം, "യേശു" (രക്ഷിക്കുന്ന ദൈവം) എന്ന നാമം, ഉള്ള "പരിശുദ്ധനെ" താൻ ഗർഭം ധരിച്ചു പ്രസവിക്കുമെന്ന് കന്യകയായ അവൾ വിശ്വസിച്ചു. കർത്താവിന്റെ ദാസിയായ അവൾ ഈ പുത്രനോടും അവിടുത്തെ ദൗത്യ

www.malankaralibrary.com



ത്തോടും പരിപൂർണ്ണമായ വിശ്വസ്തത പുലർത്തി. അമ്മയായ അവരം "വിശ്വാസവും അനുസരണവും വഴി....പിതാവിന്റെ പുത്രന് അവരം ഭൂമിയിൽ ജന്മമേകി. ഇതവരം ചെയ്തത്, പുരുഷനെ അറിഞ്ഞുകൊണ്ടല്ല, പ്രത്യുത, പരിശുദ്ധാത്മാവിന്റെ ആവാസത്താലാണ്."[118]

ഇക്കാരണങ്ങളാൽ, "പ്രത്യേക ബഹുമാനത്തോടെ സഭ മറിയത്തെ വണങ്ങുന്നു. യഥാർത്ഥത്തിൽ, അതിപുരാതനകാലം മുതലേ, പരിശുദ്ധ കന്യകാമറിയം 'ദൈവസംവാഹക'യെന്ന അഭിധാനത്താൽ ബഹുമാനിക്കപ്പെട്ടിരുന്നു. സകല ആവശ്യങ്ങളിലും അപകടങ്ങളിലും വിശ്വാസികരം പ്രാർത്ഥനാപൂർവ്വം അവളുടെ സംരക്ഷണത്തിനായി ഓടിയണഞ്ഞിരുന്നു."[119] എല്ലാവിധത്തിലും, സവിശേഷതയുള്ളതാണ് ഈ വണക്കം: ഇത്, ക്രിസ്തുവിന്റെ അമ്മയും സഭയും തമ്മിലുള്ള ആഴമേറിയ ബന്ധം ഉരംക്കൊള്ളുന്നതും അതു വെളിവാക്കുന്നതുമാണ്.[120] കന്യകയും അമ്മയുമായ മറിയം സഭയ്ക്കു 'സ്ഥിരമായൊരു മാതൃക'യായി പരിലസിക്കുന്നു. വിശേഷവിധമായി, ഇതിന്റെ വെളിച്ചത്തിൽ, അതായത് ഒരു മാതൃക അഥവാ "പ്രതിരൂപ"മായി, ക്രിസ്തുരഹസ്യത്തിൽ സന്നിഹിതയായിരിക്കുന്ന മറിയം, സഭാരഹസ്യത്തിലും സദാ സന്നിഹിതയാണെന്നു പറയേണ്ടിയിരിക്കുന്നു. കാരണം, 'അമ്മ, കന്യക' എന്നു നാം സഭയേയും വിളിക്കാറുണ്ടല്ലൊ. ഈ പേരുകരംക്ക് വേദഗ്രന്ഥപരവും ദൈവശാസ്ത്രപരവുമായി ആഴമേറിയ നീതീകരണവുമുണ്ട്.[121]

43. "ദൈവവചനം വിശ്വസ്തതയോടെ സ്വീകരിക്കുകവഴി സഭ തന്നെ ഒരമ്മയായിത്തീരുന്നു."[122] മംഗലവാർത്തയിൽ വെളിപ്പെടുത്തപ്പെട്ട ദൈവവചനം സ്വീകരിച്ചുകൊണ്ട്, ആദ്യം വിശ്വസിക്കുകയും എല്ലാ പരീക്ഷണങ്ങളിലും, കുരിശുവരെയും, ആ വചനത്തോടു വിശ്വസ്തത പുലർത്തുകയും ചെയ്ത മറിയം ഒരമ്മയായിത്തീർന്നു. അതുപോലെ തന്നെ, സഭയും "സുവിശേഷപ്രസംഗത്താലും, ജ്ഞാനസ്നാനത്താലും അവരം പരിശുദ്ധാത്മാവാൽ ഗർഭവതിയായി, ദൈവത്തിൽനിന്നു ജനിക്കുന്ന സന്താനങ്ങരംക്ക് നവീനവും അമർത്ത്യവുമായ ജീവൻ

www.malankaralibrary.com



നല്കിക്കൊണ്ട്''[123] ദൈവവചനം വിശ്വസ്തതയോടെ സ്വീകരിക്കുന്നതുവഴി അമ്മയായിത്തീരുന്നു. സഭയുടെ ഈ മാതൃസ്വഭാവം വിജാതികളുടെ അപ്പസ്തോലൻ താഴെപ്പറയുന്ന വാക്കുകളിൽ സവിശേഷവും സജീവവുമാംവിധം വ്യക്തമാക്കുന്നു: ''എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുംവരെ, വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി പ്രസവവേദന അനുഭവിക്കുന്നു'' (ഗലാ 4:19). മനുഷ്യരാശിക്കുവേണ്ടിയുള്ള അപ്പസ്തോലിക ശുശ്രൂഷയോടു ബന്ധപ്പെട്ട സ്വന്തം മാതൃത്വത്തെപ്പററി ആദിമസഭയ്ക്കുണ്ടായിരുന്ന അവബോധത്തിന്റെ സുന്ദരമായ അടയാളം വി. പൗലോസിന്റെ മേല്പറഞ്ഞ വാക്കുകളിൽ കാണാം. ''അനേകം സഹോദരരിൽ ആദ്യജാതനായ'' (റോമാ 8;29) പുത്രന്റെ അമ്മയുടെ മാതൃകയിലുള്ള തന്റെ ജീവിതത്തിന്റെ രഹസ്യവും തന്റെ ദൗത്യവും മനസ്സിലാക്കുവാൻ ഈ അവബോധം സഭയെ പ്രാപ്തയാക്കിയിട്ടുണ്ട്; ഇപ്പോഴും പ്രാപ്തയാക്കുന്നു.

മറിയത്തിൽനിന്ന് സഭ സ്വന്തം മാതൃത്വത്തെപ്പററി പഠിക്കുന്നുണ്ടെന്നു പറയാം: ''മറിയത്തിന്റെ രഹസ്യാത്മകമായ വിശുദ്ധിയെപ്പററി ധ്യാനിച്ചുകൊണ്ടും അവളുടെ ഉപവിയെ അനുകരിച്ചുകൊണ്ടും പിതാവിന്റെ തിരുവിഷ്ടം വിശ്വസ്തമായി നിറവേററിക്കൊണ്ടും''[124] തന്റെ കൗദാശികസ്വഭാവത്തോടു സത്താപരമായി ബന്ധപ്പെട്ടിരിക്കുന്ന തന്റെ വിളിയുടെ മാതൃത്വപരമായ മാനം സഭ സമ്യക്കായി മനസ്സിലാക്കുന്നു. ദൈവവുമായുള്ള ഗാഢമായ ഐക്യത്തിന്റെ അടയാളവും ഉപകരണവുമാണു സഭയെങ്കിൽ, അവൾ അതായിരിക്കുന്നത് അവളുടെ മാതൃത്വത്താലാണ്. എന്തെന്നാൽ, അവൾ പരിശുദ്ധാത്മാവിൽനിന്നു ജീവൻ ഉൾക്കൊണ്ട്, മനുഷ്യവംശത്തിലെ പുത്രീപുത്രന്മാരെ ക്രിസ്തുവിലുള്ള പുതിയൊരു ജീവനിലേക്ക് 'ജനിപ്പിക്കുന്നു'. കാരണം, മറിയം മനുഷ്യാവതാരരഹസ്യത്തിന്റെ ശുശ്രൂഷയ്ക്കായി തന്നെത്തന്നെ ഉഴിഞ്ഞു വച്ചതുപോലെ, സഭയും സദാ കൃപാവരത്തിലൂടെയുള്ള പുത്രസ്വീകാര്യ രഹസ്യത്തിന്റെ ശുശ്രൂഷയ്ക്കായി സ്വയം അർപ്പിച്ചിരിക്കുന്നു.

www.malankaralibrary.com



മറിയത്തിൻെറ മാതൃക പിഞ്ചെന്ന്, സഭയും തൻെറ മണവാളനോടു വിശ്വസ്തത പുലർത്തുന്ന കന്യകയായി നിലകൊള്ളുന്നു: "തൻെറ മണവാളനോടു വാഗ്ദാനം ചെയ്ത വിശ്വസ്തത പരിശുദ്ധമായും അഭംഗുരമായും കാത്തുപാലിക്കുന്ന സഭ തന്നെയും കന്യകയാണ്".[125] പൗലോസിൻെറ ലേഖനങ്ങളിൽനിന്നു വെളിപ്പെടുമ്പോലെ, സഭ ക്രിസ്തുവിൻെറ മണവാട്ടിയാണ് (cf. എഫേ 5: 21–33; 2കോറി 11:2). "കുഞ്ഞാടിൻെറ മണവാട്ടി" (വെളി 21:9)യെന്നു സഭയെ വിളിക്കുന്ന യോഹന്നാൻെറ വാക്കുകളും ഇതു സ്പഷ്ടമാക്കുന്നു. മണവാട്ടിയായ സഭ ക്രിസ്തുവിനോട് വാഗ്ദാനംചെയ്ത വിശ്വസ്തത കാത്തുപാലിക്കുന്നു. ഈ വിശ്വസ്തത, അപ്പസ്തോലൻെറ പ്രബോധനമനുസരിച്ച് വിവാഹത്തിൻെറ പ്രതീകമാകുന്നുണ്ടെങ്കിലും (cf. എഫേ 5:23–33) ദൈവത്തിനു പ്രതിഷ്ഠിതമായ കന്യകാത്വത്തിൽ, "സ്വർഗ്ഗരാജ്യത്തിനുവേണ്ടിയുള്ള" ബ്രഹ്മചര്യത്തിൽ (cf. മത്താ 19:11–12 2കോറി 11:2), ദൈവത്തിന് അർപ്പിക്കുന്ന സമഗ്രസ്വയം ദാനത്തിൻെറ മൂല്യമുററ മാതൃകയുമാണിത്. കൃത്യമായി പറയുന്ന പക്ഷം, നസറത്തിലെ കന്യകയുടെ മാതൃകയിലുള്ള ഈ കന്യകാത്വം പ്രത്യേകവിധമായ ആധ്യാത്മിക ഫലസിദ്ധിക്ക് ഉറവിടമാണ് – "പരിശുദ്ധാത്മാവിലുള്ള മാതൃത്വത്തിൻെറ ഉറവിടം."

സഭയും ക്രിസ്തുവിൽ നിന്നു ലഭിച്ച വിശ്വാസം കാത്തുപാലിക്കുന്നു. തൻെറ ദിവ്യകുമാരനെ സംബന്ധിച്ചവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചും ധ്യാനിച്ചും കഴിഞ്ഞ മറിയത്തെ മാതൃകയാക്കി (cf. ലൂക്കാ 2:19,51) ദൈവവചനം കാത്തുസൂക്ഷിക്കുവാനും വിവേചനത്തോടും വിവേകത്തോടും കൂടി അതിൻെറ സമ്പത്ത് ആരായുവാനും അങ്ങനെ, എക്കാലത്തും എല്ലാ മാനവജാതിയുടേയും മുമ്പിൽ അതിനു വിശ്വസ്തമായി സാക്ഷ്യം വഹിക്കുവാനും സഭ പ്രതിബദ്ധയാണ്.[126]

44. മറിയത്തിനു സഭയോടുള്ള ബന്ധം ഒരു മാതൃകയായിക്കണ്ട്, സഭ അവളോട് അടുത്ത ബന്ധം പുലർത്തുന്നു. അവളെപ്പോലെയാകാൻ പരിശ്രമിക്കുകയും ചെയ്യുന്നു. "സഭ തൻെറ നാഥൻെറ അമ്മയെ അനുകരിച്ചുകൊണ്ട് പരിശുദ്ധാത്മാവിൻെറ ശക്തിയാൽ, അഖണ്ഡമായ വിശ്വാസവും ഉറച്ച പ്രതീക്ഷയും ആത്മാർത്ഥ

www.malankaralibrary.com



മായ ഉപവിയും കന്യാത്വപരിശുദ്ധിയോടെ കാത്തു സൂക്ഷിക്കുന്നു.''[127] അങ്ങനെ, സഭാരഹസ്യത്തിൽ മറിയം ഒരു മാതൃകയായി സന്നിഹിതയാണ്. എന്നാൽ, ജനങ്ങളെ നവ്യവും അനശ്വരവുമായ ഒരു ജീവനിലേക്കു ജനിപ്പിക്കുകയെന്നതും സഭാരഹസ്യത്തിൽ ഉൾപ്പെടുന്നു; ഇതാണ് പരിശുദ്ധാത്മാവിലുള്ള അവളുടെ മാതൃത്വം. ഇവിടെ, മറിയം സഭയ്ക്കൊരു മാതൃകയും പ്രതിരൂപവും മാത്രമല്ല; അതിലുമെത്രയോ ഉപരിയാണവൾ! കാരണം, ''അവൾ മാതൃനിർവ്വിശേഷമായ സ്നേഹത്തോടെ'' സഭാമാതാവിന്റെ പുത്രീ പുത്രന്മാരുടെ ''ജനനത്തിലും വളർച്ചയിലും സഹകരിക്കുന്നു''. സഭയുടെ മാതൃത്വം സഫലീകൃതമാകുന്നത് ദൈവമാതാവിന്റെ മാതൃകയ്ക്കും സാദൃശ്യത്തിനും അനുരൂപപ്പെട്ടുകൊണ്ടു മാത്രമല്ല, പിന്നെയോ, അവളുടെ ''സഹകരണം'' കൊണ്ടുകൂടിയാണ്. ഈ സഹകരണത്തിൽനിന്ന്, അതായത് മറിയത്തിന്റെ സ്വതസിദ്ധമായ മാതൃ മാധ്യസ്ഥ്യത്തിൽനിന്ന്, ''അനേകം സഹോദരരുടെ ഇടയിൽ പിതാവ് ആദ്യജാതനാക്കിയ'' പുത്രന്റെ അമ്മയെന്ന നിലയ്ക്ക്, സഭാമക്കളുടെ പുനർജനനത്തിലും വളർച്ചയിലും ഇതിനകം ഭൂമിയിൽ മറിയം സഹകരിച്ചതനുസരിച്ച് സഭ സമൃദ്ധിനേടുന്നു.[128]

രണ്ടാംവത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, മാതൃനിർവ്വിശേഷമായ സ്നേഹത്തോടെ അവൾ സഹകരിച്ചു.[129] കുരിശുമരണസമയത്ത് യേശു പറഞ്ഞ വാക്കുകളുടെ– ''സ്ത്രീയേ, ഇതാ, നിന്റെ മകൻ''; ഇതാ, നിന്റെ അമ്മ'' (യോഹ 19:26–27) എന്നീ വാക്കുകളുടെ– യഥാർത്ഥമൂല്യത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച ഇവിടെയാണു നമുക്കു ലഭിക്കുന്നത്. ക്രിസ്തുശിഷ്യരുടെ ജീവിതത്തിൽ മറിയത്തിനുള്ള സ്ഥാനം നിർണ്ണയിക്കുന്ന വാക്കുകളാണിവ. ഞാൻ മുമ്പു പറഞ്ഞതുപോലെ, രക്ഷകന്റെ അമ്മയുടെ നവ്യമാതൃത്വത്തേയും ഈ വാക്കുകൾ പ്രതിഫലിപ്പിക്കുന്നു. ലോകരക്ഷകന്റെ പെസഹാരഹസ്യത്തിൽ നിന്ന് ഉദ്ഭൂതമാകുന്ന ഒരാത്മീയമാതൃത്വം. കൃപാവരത്തിന്റെ തലത്തിലുള്ളതാണീ മാതൃത്വം. കാരണം, ഈ മാതൃത്വം അരൂപിയുടെ, ക്രിസ്തുവിന്റെ ബലിയാൽ രക്ഷിക്കപ്പെട്ട ദൈവമക്കളെ പുതുജീവനിലേക്ക് ഉയർത്തുന്ന അരൂപിയുടെ, പന്തക്കുസ്താദിവസം സഭയോടൊത്തു മറിയവും സ്വീകരിച്ച അതേ അരൂപിയുടെ,

www.malankaralibrary.com



ദാനം തേടുന്നു. മറിയത്തിന്റെ മാതൃത്വം ക്രൈസ്തവ ജനത "വിശുദ്ധ വിരുന്നി"ൽ– രക്ഷാരഹസ്യത്തിന്റെ ആരാധനക്രമാചരണത്തിൽ – പ്രത്യേകം അനുസ്മരിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. ഈ വിശുദ്ധവിരുന്നിലാണല്ലോ ക്രിസ്തു– കന്യകാമറിയത്തിൽനിന്നു പിറന്ന അവിടുത്തെ യഥാർത്ഥശരീരം – സന്നിഹിതനാകുന്നത്.

ക്രൈസ്തവ ജനതയുടെ ഭക്തി എക്കാലവും പരിശുദ്ധ കന്യകയോടുള്ള വണക്കവും വിശുദ്ധ കുർബാനയോടുള്ള ആരാധനയും തമ്മിൽ ബന്ധിപ്പിക്കുന്ന ദൃഢമായ ഒരുകണ്ണി തികച്ചും യുക്തിപൂർവ്വകമായിത്തന്നെ കണ്ടെത്തിയിട്ടുണ്ട്. പാശ്ചാത്യവും പൗരസ്ത്യവുമായ ആരാധന ക്രമങ്ങളിലും സന്ന്യാസകുടുംബങ്ങളു (Religious families) ടെ പാരമ്പര്യങ്ങളിലും യുവജനങ്ങളുടേതുംപ്പെടെയുള്ള ആധുനിക ആധ്യാത്മിക പ്രസ്ഥാനങ്ങളിലും മരിയൻ തീർത്ഥകേന്ദ്രങ്ങളിലെ അജപാലനശൈലികളിലുംനിന്നുമൊക്കെ വ്യക്തമാകുന്ന ഒരു വസ്തുതയാണിത്. മറിയം വിശ്വാസികളെ വിശുദ്ധ കുർബാനയിലേക്കു നയിക്കുന്നു.

45. മാതൃത്വം വ്യക്തിസംബന്ധിയാണ് എന്നത് അതിന്റെ അന്ത:സത്തയിൽ അടങ്ങിയിരിക്കുന്ന വസ്തുതയാണ്. അത് രണ്ടു വ്യക്തികൾ തമ്മിലുള്ള അതുല്യവും അനാവർത്തനക്ഷമവുമായ ബന്ധം സ്ഥാപിക്കുന്നു– അമ്മയും കുഞ്ഞും തമ്മിലും കുഞ്ഞും അമ്മയും തമ്മിലും. ഒരു സ്ത്രീ പല കുഞ്ഞുങ്ങളുടെ അമ്മയാണെങ്കിൽത്തന്നെയും, ഓരോ കുഞ്ഞിനോടും അവർക്കുള്ള വ്യക്തിപരമായ ബന്ധം അവളുടെ മാതൃത്വത്തിന്റെ അന്ത: സത്തയിൽപെടുന്നു. കാരണം, അതുല്യവും അനാവർത്തനക്ഷമവുമായ വിധമാണ് ഓരോ ശിശുവും ജന്മം കൊള്ളുക. അമ്മയേയും കുഞ്ഞിനേയും സംബന്ധിച്ച് ഇതെത്രയോ ശരിയാണ്! മാതൃസ്നേഹം ഒരേ വിധത്തിൽ ഓരോ കുഞ്ഞിനേയും ചൂഴ്ന്നു നില്ക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ്, കുഞ്ഞു വളരുന്നതും മനുഷ്യവ്യക്തിയെന്ന നിലയിൽ പക്വത പ്രാപിക്കുന്നതും.

"കൃപാവരത്തിന്റെ തലത്തിലു"ള്ള മാതൃത്വത്തെ "പ്രകൃതിയുടെ തലത്തിൽ" അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവത്തോടു തുലനം ചെയ്യാവു

www.malankaralibrary.com



ന്നതാണ്. ഈ വസ്തുതയുടെ വെളിച്ചത്തിൽ, ക്രിസ്തു ഗാഗുൽത്തായിൽവച്ചുള്ള തന്റെ ഉടമ്പടിയിൽ ഒരു വ്യക്തിയെച്ചൂണ്ടി തന്റെ അമ്മയുടെ പുതിയ മാതൃത്വം വെളിപ്പെടുത്തുമാറ് ഏകവചനത്തിൽ "ഇതാ, നിന്റെ മകൻ" എന്നു പറഞ്ഞത് എന്തുകൊണ്ടാണെന്നു കൂടുതൽ വ്യക്തമാകുന്നു. ക്രിസ്തുശിഷ്യരുടെ ജീവിതത്തിൽ മരിയഭക്തിയുടേതായ മാനത്തിനുള്ള സാംഗത്യം ഇതേ വാക്കുകൾ പൂർണ്ണമായി വെളിവാക്കുന്നുവെന്നും പറയാം. ഗുരുവിന്റെ അമ്മയോടൊത്ത് ആ സമയത്തു കുരിശിൻ ചുവട്ടിൽ നിന്ന യോഹന്നാനെ സംബന്ധിച്ചു മാത്രമല്ല, ഓരോ ക്രിസ്തുശിഷ്യനേയും ഓരോ ക്രൈസ്തവനേയും സംബന്ധിച്ചും, ഇതു വാസ്തവമാണ്. രക്ഷകൻ തന്റെ അമ്മയെ ശിഷ്യനു ഭരമേല്പിക്കുന്നു; അതേസമയം, അവളെ അവന് അമ്മയായി നല്കുകയും ചെയ്യുന്നു. മനുഷ്യന്റെ പൈതൃകമായിത്തീരുന്ന ഈ മരിയ മാതൃത്വം ഒരു ദാനമാണ്; ഓരോ വ്യക്തിക്കും ക്രിസ്തുതന്നെ വ്യക്തിപരമായി നേരിട്ടു നല്കുന്ന ദാനം. രക്ഷകൻ മറിയത്തെ യോഹന്നാനു ഭരമേല്പിക്കുന്നു. കാരണം, അവിടുന്ന് യോഹന്നാനെ അവൾക്കു ഭരമേല്പിക്കുന്നു എന്നതുതന്നെ. മനുഷ്യരാശിയെ ക്രിസ്തുവിന്റെ അമ്മയ്ക്ക് പ്രത്യേകമായി ഭരമേല്പിക്കുന്ന ഈ പ്രക്രിയ കുരിശിൻ ചുവട്ടിൽവച്ച് ആരംഭിച്ചതാണ്. ഈ ഭരമേല്പിക്കൽ സഭയുടെ ചരിത്രത്തിൽ നാനാപ്രകാരേണ പ്രകാശിതമാകുകയും പ്രാവർത്തികമാകുകയും ചെയ്തിട്ടുണ്ട്. യേശു കുരിശിൽ കിടന്നുകൊണ്ട് സ്വന്തം അമ്മയോടും തന്നോടുമായി അരുളിച്ചെയ്ത വാക്കുകൾ രേഖപ്പെടുത്തിയശേഷം സുവിശേഷകനായ അതേ അപ്പസ്തോലൻതന്നെ ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: "അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ 19:27). ശിഷ്യന് മകന്റെ പദവി നല്കപ്പെട്ടുവെന്നും അവൻ പ്രിയ ഗുരുവിന്റെ അമ്മയുടെ ഉത്തരവാദിത്വം ഏറ്റെടുത്തുവെന്നും തന്നെയാണ് പ്രസ്താവത്തിന്റെ പൊരുൾ. മറിയത്തെ അമ്മയായി അദ്ദേഹത്തിനു വ്യക്തിപരമായി ലഭിച്ചതുകൊണ്ട്, കുഞ്ഞിന് അമ്മയോടുള്ള ഉററബന്ധം ഉൾക്കൊള്ളുന്നതെല്ലാം പരോക്ഷമായിട്ടാണെങ്കിലും ഈ പ്രസ്താവം സൂചിപ്പിക്കുന്നു. ഇതെല്ലാം "ഭരമേല്പിക്കൽ" എന്ന പദത്തിൽ അടങ്ങിയിട്ടുണ്ട്. ഈ ഭരമേല്പിക്കൽ ഒരു

www.malankaralibrary.com



വ്യക്തിയുടെ സ്നേഹത്തിനുള്ള, പ്രത്യേകിച്ച് അമ്മയുടെ സ്നേഹത്തിനുള്ള, പ്രത്യുത്തരമാണ്. ഗാഗുൽത്തായിൽ വച്ച്, രക്ഷകന്റെ ഉടമ്പടിയോടെ ആരംഭിച്ച, ക്രിസ്തുവിന്റെ അമ്മയ്ക്ക് മകനെന്ന നിലയിലുള്ള, ഈ ഭരമേല്പിക്കലിലൂടെയാണ് ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ മരിയ ഭക്തിയുടെ മാനം പ്രത്യേകമാം വിധം പ്രകടമാകുന്നത്. മകനെന്നോണം മറിയത്തിനു തന്നെത്തന്നെ ഭരമേല്പിക്കുന്ന ക്രൈസ്തവൻ അപ്പസ്തോലനായ യോഹന്നാനെപ്പോലെ ക്രിസ്തുവിന്റെ അമ്മയെ തന്റെ "സ്വന്തം ഭവനത്തിലേക്കു സ്വീകരിക്കുന്നു".[130] തന്റെ ആന്തരികജീവിതം കരുപ്പിടിക്കുന്ന എല്ലാററിലേക്കും അവൻ അവളെ ആനയിക്കുന്നു. അതായത്, അവന്റെ മാനുഷികവും ക്രൈസ്തവവുമായ 'ഞാൻ' എന്ന അവസ്ഥയിലേക്ക്: അവൻ "അവളെ സ്വന്തം ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോന്നു". മാതാവിനടുത്ത ഈ സ്നേഹത്തിലേക്ക് ആനയിക്കപ്പെടാൻ ഓരോ ക്രൈസ്തവനും അഭിലഷിക്കുന്നു. ഈ മാതൃസ്നേഹത്താലാണ്, ക്രിസ്തുവിന്റെ അരൂപിയുടെ ശക്തിയിലൂടെ ഓരോ വ്യക്തിക്കും ലഭിച്ചിരിക്കുന്ന ദാനത്തിന്റെ തോതനുസരിച്ച് "തന്റെ പുത്രന്റെ സഹോദരരുടെ ജനനത്തിലും വളർച്ചയിലും സഹകരിക്കുന്ന"[131] രക്ഷകന്റെ അമ്മ അവരുടെ കാര്യത്തിൽ ഔത്സുക്യം കാണിക്കുന്നത്.[132] കുരിശിൻ ചുവട്ടിലും മാളികമുറിയിലുംവച്ച് മറിയത്തിന്റെ ധർമ്മമായിത്തീർന്ന അരൂപിയിലുള്ള ഈ മാതൃത്വം ഇപ്രകാരം പ്രാവർത്തികമാകുകയും ചെയ്യുന്നു.

46. പുത്രനടുത്ത ഈ ബന്ധത്തിന്റെ, അമ്മയിൽ കുഞ്ഞിനു സ്വയമേവയുള്ള ആശ്രയത്തിന്റെ, ആരംഭം ക്രിസ്തുവിലാണെന്നു മാത്രമല്ല, അത് നിയതമായി ക്രിസ്തോന്മുഖവുമാണ് എന്നുപറയാം. ഗലീലിയിലെ കാനായിൽവച്ചു താൻ പറഞ്ഞ അതേ വാക്കുകൾ മറിയം ഓരോ വ്യക്തിയോടും തുടർന്നു പറയുന്നതായിക്കരുതാം: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ." കാരണം, അവൻ – ക്രിസ്തു – ആണ് ദൈവത്തിനും മാനവരാശിക്കും ഇടയ്ക്കുള്ള ഏകമധ്യസ്ഥൻ; അവനാണ് "വഴിയും സത്യവും ജീവനും" (യോഹ 14:6). അവനെയാണ് മനുഷ്യൻ "നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു" (യോഹ 3:16) വേണ്ടി പിതാവു ലോകത്തിനു നല്

www.malankaralibrary.com



കിയത്. പിതാവിൻെറ ഈ രക്ഷാകരസ്നേഹത്തിൻെറ ആദ്യ"സാക്ഷി"യായിത്തീർന്നു നസറത്തിലെ കന്യക. എപ്പോഴും എല്ലായിടത്തും അതേ സ്നേഹത്തിൻെറ വിനീത ദാസിയായിരിക്കാൻ അവരം ആഗ്രഹിക്കുകയും ചെയ്യുന്നു. കാരണം, ഓരോ ക്രൈസ്തവനും, ഓരോ മനുഷ്യവ്യക്തിക്കും വേണ്ടി, ആദ്യമായി വിശ്വാസം ഏററുപറഞ്ഞവരം മറിയമാണ്. മക്കളെപ്പോലെ തന്നെ ആശ്രയിക്കുന്ന ഏവർക്കും വേണ്ടി മണവാട്ടി, അമ്മ എന്നീ നിലകളിലുള്ള തൻെറ വിശ്വാസത്താൽത്തന്നെ പ്രവർത്തിക്കുവാൻ അവരം അഭിലഷിക്കുകയും ചെയ്യുന്നു. ഈ മനോഭാവത്തിൽ മക്കരം എത്രമാത്രം ഉറച്ചു നില്ക്കുകയും മുന്നേറുകയും ചെയ്യുന്നുവോ അത്രമാത്രം അവരം അവരെ "ക്രിസ്തുവിൻെറ അപരിമേയമായ സമ്പന്നതയിലേക്ക്" (എഫേ 3:8) അടുപ്പിക്കുന്നു എന്നതു സുവിദിതമാണ്. അതിൻെറ തോതനുസരിച്ച് അവർ മനുഷ്യൻെറ അന്തസ്സ് അതിൻെറ എല്ലാ പൂർണ്ണതയിലും, അവൻെറ വിളി അതിൻെറ നിയതമായ അർത്ഥത്തിലും, കൂടുതൽ കൂടുതൽ വ്യക്തമായി തിരിച്ചറിയുന്നു. കാരണം, "ക്രിസ്തു മനുഷ്യനെ പൂർണ്ണമായി മനുഷ്യനുതന്നെ വെളിപ്പെടുത്തുന്നു."[133]

ക്രൈസ്തവജീവിതത്തിൽ മരിയഭക്തിക്കുള്ള മാനം സ്ത്രീകളേയും അവരുടെ അന്തസ്സിനേയും സംബന്ധിച്ചിടത്തോളം പ്രത്യേക പ്രാധാന്യം കൈവരിക്കുന്നു. വാസ്തവത്തിൽ, സ്ത്രീത്വത്തിന് രക്ഷകൻെറ അമ്മയുമായി ഒരു സവിശേഷബന്ധം ഉണ്ട്. ഇത് മറെറാരവസരത്തിൽ ആഴമേറിയ പഠനത്തിന് വിഷയമാക്കാം. ഇവിടെ ഒരു കാര്യം മാത്രം സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. നസറത്തിലെ മറിയത്തിൻെറ ചിത്രം സ്ത്രീത്വമെന്നാൽ എന്തോ അതിന്മേൽ വെളിച്ചം വീശുന്നു. ദൈവം തൻെറ പുത്രൻെറ മനുഷ്യാവതാരം എന്ന മഹോന്നതസംഭവത്തിൽ ഒരു സ്ത്രീയുടെ സ്വാതന്ത്ര്യവും സജീവവുമായ ശുശ്രൂഷയ്ക്ക് തന്നെത്തന്നെ വിട്ടുകൊടുത്തു എന്നതിൽനിന്ന് മേല്പറഞ്ഞ വസ്തുത വ്യക്തമാണ്. അങ്ങനെ, മറിയത്തെ ഉററുനോക്കുന്ന സ്ത്രീകരംക്ക് സ്ത്രീത്വത്തിൻെറ അന്തസ്സിനടുത്തവിധം ജീവിക്കേണ്ടതിൻേറയും തങ്ങളുടെ ശരിയായ പുരോഗതി കൈവരിക്കേണ്ടതിൻേറയും രഹസ്യം അവളിൽ കണ്ടെത്താൻ കഴിയും എന്നു പറയാം. മറിയമാകുന്ന വെളിച്ചത്തിൽ, മനുഷ്യഹൃദയത്തിനുരംക്കൊള്ളാൻ

www.malankaralibrary.com



കഴിയുന്ന അത്യുത്കൃഷ്ടമായ വികാരങ്ങളെ പ്രതിബിംബിപ്പിക്കുന്ന സൗന്ദര്യത്തിന്റെ പ്രതിഫലനം സ്ത്രീകളുടെ മുഖത്ത് സഭ ദർശിക്കുന്നു. ഈ വികാരങ്ങളാകട്ടെ, സ്നേഹത്തിന്റെ പൂർണ്ണമായ ആത്മസമർപ്പണം, തീവ്രമായ വ്യാകുലതകരം സഹിക്കാനുള്ളശേഷി, പരിധിയില്ലാത്ത വിശ്വസ്തത, അദ്ധ്വാനത്തോടുള്ള മടുപ്പില്ലാത്ത ആഭിമുഖ്യം, പ്രോത്സാഹിപ്പിക്കുകയും തുണയേകുകയും ചെയ്യുന്ന വാക്കുകളിൽ സൂക്ഷ്മമായ ഉൾക്കാഴ്ച സന്നിവേശിപ്പിക്കാനുള്ള പാടവം എന്നിവയാണ്.

47. മറിയം തിരുസഭയുടെ അമ്മ, "അതായത് വിശ്വാസികളും ഇടയന്മാരുമായ ക്രൈസ്തവ ജനത മുഴുവന്റേയും അമ്മ"[134] ആണെന്ന് കൗൺസിലിൽ പോൾ ആറാമൻ മാർപാപ്പാ ഔദ്യോഗികമായി പ്രഖ്യാപിച്ചു. പിന്നീട്, 1968 ൽ "ദൈവ ജനത്തിന്റെ വിശ്വാസ പ്രമാണം" എന്നറിയപ്പെടുന്ന വിശ്വാസ പ്രഖ്യാപനത്തിലൂടെ, ഈ സത്യം അദ്ദേഹം ഒന്നുകൂടി ശക്തമായി ഇങ്ങനെ പ്രഘോഷിച്ചു: "പുതിയ ഹവ്വായും സഭയുടെ മാതാവും ഏററം പരിശുദ്ധയുമായ ദൈവജനനി രക്ഷിക്കപ്പെട്ട ആത്മാക്കളിലെ ദൈവിക ജീവന്റെ ഉദ്ഭവത്തിലും വളർച്ചയിലും സഹകരിച്ചുകൊണ്ടു ക്രിസ്തുവിന്റെ അവയവങ്ങളെ സംബന്ധിച്ചുള്ള തന്റെ മാതൃധർമ്മം സ്വർഗ്ഗത്തിൽ തുടർന്നുകൊണ്ടേയിരിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു."[135]

സഭയെ സംബന്ധിക്കുന്നസത്യം കൂടുതൽ ആഴത്തിൽ അന്വേഷിക്കുവാൻ ക്രിസ്തുവിന്റെ അമ്മയായ പരിശുദ്ധ കന്യകയെക്കുറിച്ചുള്ള സത്യം ഫലപ്രദമായ ഒരു സഹായമാണെന്ന് കൗൺസിലിന്റെ പ്രബോധനം ഊന്നിപ്പറഞ്ഞു. കൗൺസിൽ ആയിടയ്ക്ക് അംഗീകരിച്ച 'ജനതകളുടെ പ്രകാശം' എന്ന കോൺസ്ററിററ്യൂഷനെപ്പററിയുള്ള തന്റെ പ്രസംഗത്തിൽ പോൾ ആറാമൻ ഇങ്ങനെ പറഞ്ഞു; "ക്രിസ്തുവിന്റേയും സഭയുടേയും രഹസ്യം എപ്പോഴും കൃത്യമായി മനസ്സിലാക്കാനുള്ള താക്കോലാണ് പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ച് കത്തോലിക്കാസഭ പഠിപ്പിക്കുന്ന ശരിയായ സിദ്ധാന്തത്തെക്കുറിച്ചുള്ള പരിജ്ഞാനം".[136] ക്രിസ്തുവിന്റെ അമ്മ എന്ന നിലയിലും അതേസമയം പരിത്രാണ രഹസ്യത്തിൽ അപ്പസ്തോലനായ യോഹന്നാനിലൂടെ മനുഷ്യരാശിക്ക് ക്രിസ്തു നല്കിയ

www.malankaralibrary.com



അമ്മ എന്ന നിലയിലും മറിയം സഭയിൽ സന്നിഹിതയാണ്. ഇപ്രകാരം പരിശുദ്ധാത്മാവിലുള്ള തന്റെ നവ്യമാതൃത്വംവഴി മറിയം സഭയിൽ ഓരോരുത്തരേയും സമാശ്ലേഷിക്കുന്നു; ഈ അർത്ഥത്തിൽ സഭയുടെ അമ്മയായ മറിയം സഭയ്ക്കൊരു മാതൃകകൂടിയാണ്. വാസ്തവത്തിൽ പോൾ ആറാമൻ പ്രതീക്ഷിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നതുപോലെ "കന്യകയായ ദൈവമാതാവിൽനിന്നു പരിപൂർണ്ണമായ ക്രിസ്തവനുകരണത്തിന്റെ ഏറ്റം ആധികാരികമായ രൂപം"[137] സഭ ഉൾക്കൊള്ളണം.

ക്രിസ്തുവിന്റെ അമ്മയെ സഭയുമായി കൂട്ടിയിണക്കുന്ന ഈ പ്രത്യേക ബന്ധംവഴി ഉൽപത്തിപ്പുസ്തകത്തിന്റെ ആദ്യ അധ്യായം മുതൽ വെളിപാടിന്റെ പുസ്തകംവരെ വെളിപ്പെടുന്ന ദൈവത്തിന്റെ മനുഷ്യരാശിക്കുവേണ്ടിയുള്ള അനാവരണത്തിൽ കൂട്ടുചേർന്നു നില്ക്കുന്ന ആ സ്ത്രീയെപ്പറ്റിയുള്ള രഹസ്യം കൂടുതൽ സ്പഷ്ടമാകുന്നു. എന്തെന്നാൽ, രക്ഷകന്റെ അമ്മ എന്ന നിലയിൽ സഭയിൽ സന്നിഹിതയായിരിക്കുന്ന മറിയം മാനവ ചരിത്രത്തിൽ ഉടനീളം തുടരുന്ന "അന്ധകാര ശക്തികൾക്കെതിരായുള്ള ഘോരസമര"[138]ത്തിൽ അമ്മ എന്ന നിലയിൽ പങ്കുചേരുന്നു. "സൂര്യനെ ഉടയാടയാക്കിയ സ്ത്രീ" (വെളി 12:1)[139] എന്നനിലയിൽ മറിയം സഭയുമായി താദാത്മ്യപ്പെട്ടിരിക്കുന്നതുകൊണ്ട്, ഏറ്റവും പരിശുദ്ധ കന്യകയിൽ കറയോ ചുളിവോ ഇല്ലാത്ത അവളുടെ അതേ പരിപൂർണ്ണത സഭയും പ്രാപിച്ചുകഴിഞ്ഞിരിക്കുന്നുവെന്നു പറയാം. അതുകൊണ്ട്, ഈ ലോക തീർത്ഥാടനവേളയിൽ ക്രൈസ്തവർ വിശ്വാസപൂർവ്വം മറിയത്തിലേക്ക് കണ്ണുകളുയർത്തുമ്പോൾ അവർ "വിശുദ്ധിയിൽ മുന്നേറാൻ" യത്നിക്കുകയും [140]ചെയ്യുകയാണ്. മറിയം, മഹത്വീകൃതയായ സീയോൻപുത്രി, തന്റെ മക്കളെ, അവർ എവിടെയായിരുന്നാലും ഏത് സ്ഥിതിയിലായിരുന്നാലും, പിതൃഭവനത്തിലേക്കുള്ള പാത ക്രിസ്തുവിൽ കണ്ടെത്താൻ സഹായിക്കുന്നു.

അങ്ങനെ, സഭ അവളുടെ ജീവിതത്തിലുടനീളം രക്ഷാരഹസ്യത്തിൽ ഭൂത – വർത്തമാന – ഭാവികാലങ്ങളെ പുല്കുന്ന ഒരു ബന്ധം ദൈവമാതാവുമായി നിലനിർത്തിപ്പോരുകയും അവളെ മാനവവംശത്തിന്റെ ആധ്യാത്മിക

www.malankaralibrary.com



മാതാവായും കൃപാവരം ചോദിച്ചുവാങ്ങുന്നവളായും വണങ്ങുകയും ചെയ്യുന്നു.

### 3. മരിയൻ വത്സരത്തിന്റെ അർത്ഥം

ഈ അമ്മയും മനുഷ്യവർഗ്ഗവും തമ്മിലുള്ള പ്രത്യേകബന്ധമാണ് നമ്മുടെ കർത്താവിന്റെ ജനനത്തിനു ശേഷം രണ്ടു സഹസ്രാബ്ദം പൂർത്തിയാകുന്നതിനുമുമ്പുള്ള ഈ കാലയളവിൽ സഭയിൽ ഒരു മരിയൻ വത്സരം പ്രഖ്യാപിക്കാൻ വാസ്തവത്തിൽ എന്നെ പ്രേരിപ്പിച്ചത്. കഴിഞ്ഞകാലത്തും ഇതുപോലൊരു നീക്കം ഉണ്ടായിട്ടുണ്ട്. അതായത്, പന്ത്രണ്ടാം പീയൂസ് പാപ്പാ 1954 മരിയൻ വത്സരമായി പ്രഖ്യാപിച്ചു. അമലോത്ഭവത്തിന്റെയും (കൃത്യം ഒരു നൂററാണ്ടുമുമ്പ് ഇതൊരു വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടു) സ്വർഗ്ഗാരോപണത്തിന്റെയും രഹസ്യങ്ങളിൽ വെളിവാകുന്ന ക്രിസ്തുമാതാവിന്റെ സവിശേഷ പരിശുദ്ധി ഉയർത്തിക്കാട്ടാനായിരുന്നു അത്.[141]

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചുവടുപിടിച്ച്, ക്രിസ്തുവിന്റേയും അവിടുത്തെ സഭയുടേയും രഹസ്യത്തിൽ ദൈവമാതാവിന്റെ പ്രത്യേകസാന്നിധ്യത്തെപ്പററി ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുന്നു. കാരണം, ഇരുപതിലേറെ വർഷങ്ങൾക്കുമുമ്പ് സമാപിച്ച കൗൺസിലിന്റെ മരിയശാസ്ത്രത്തിൽനിന്ന് ഉരുത്തിരിഞ്ഞ ഒരു അടിസ്ഥാനവീക്ഷണമാണിത്. 1985–ലെ മെത്രാന്മാരുടെ അസാധാരണ സിനഡ് കൗൺസിലിന്റെ പ്രബോധനങ്ങളും മാർഗ്ഗദർശനങ്ങളും വിശ്വസ്തമായി പിഞ്ചെല്ലുവാൻ എല്ലാവരേയും ആഹ്വാനം ചെയ്തു. ചരിത്രത്തിന്റെ ഈ ഘട്ടത്തിൽ പരിശുദ്ധാത്മാവുതന്നെ "സഭയോടു പറയാൻ" ആഗ്രഹിക്കുന്നതെന്തോ അതാണു കൗൺസിലും സിനഡും പഠിപ്പിക്കുന്നതെന്നു പറയാം.

ഈ സന്ദർഭത്തിൽ മരിയൻ വത്സരം കൊണ്ട് ഉദ്ദേശിക്കുന്നത്, ക്രിസ്തുവിന്റേയും സഭയുടേയും രഹസ്യത്തിന്റെ വെളിച്ചത്തിൽ, ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തെപ്പററി കൗൺസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പുതുമയോടെയും കൂടുതൽ ശ്രദ്ധയോടെയും പഠിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയെന്നതാണ്. അതുത

www.malankaralibrary.com



ന്നെയാണ് ഈ ചാക്രികലേഖനത്തിൻെറ ഉള്ളടക്കം ലക്ഷ്യമാക്കുന്നതും. ഇവിടെ, വിശ്വാസസത്യം മാത്രമല്ല, വിശ്വാസജീവിതവും അതായത് പാരമ്പര്യത്തിൻെറ വെളിച്ചത്തിൽ കാണുന്ന ആധ്യാത്മികതയും പ്രത്യേകിച്ച്, കൗൺസിൽ പഠിപ്പിക്കുന്ന[142] ആധ്യാത്മികതയും പരാമർശവിധേയമാകുന്നുണ്ട്. മാത്രമല്ല, മരിയഭക്തിക്കു സമാനം മരിയൻ ആധ്യാത്മികതയും ലോകത്തിലെ നാനാജനതകളുടേയും രാഷ്ട്രങ്ങളുടേയും മധ്യേ വസിക്കുന്ന വിവിധ ക്രൈസ്തവസമൂഹങ്ങളുടേയും വ്യക്തികളുടേയും ചരിത്രപരമായ അനുഭവങ്ങളിൽ അതിൻെറ സമ്പന്നമായ ഉറവിടം കണ്ടെത്തുന്നു. ഇത്തരുണത്തിൽ, ഈ ആധ്യാത്മികതയുടെ സാക്ഷികളും പ്രബോധകരുമായിത്തീർന്ന ഒട്ടനേകം പേരിൽ ലൂയിമാറി ഗ്രിഞ്ഞോ ദെ മോംഫോർട്[143]. എന്ന വിശുദ്ധൻെറ രൂപം എൻെറ മനസ്സിലേക്കു കടന്നുവരുന്നു. ക്രിസ്ത്യാനികൾക്ക് തങ്ങളുടെ ജ്ഞാനസ്നാനവ്രതങ്ങൾ വിശ്വസ്തമായി അനുഷ്ഠിക്കാൻ സഹായകമായ ഒരുപാധിയായി ഈ വിശുദ്ധൻ മറിയത്തിൻെറ കരങ്ങളിലൂടെ ക്രിസ്തുവിനുള്ള സമർപ്പണത്തെ ചൂണ്ടിക്കാണിക്കുന്നു. ഇക്കാലത്തും ഈ ആധ്യാത്മികതയുടേയും ഭക്തിയുടേയും പുത്തൻ ആവിഷ്കരണങ്ങൾ വിരളമല്ലെന്നുള്ളത് സസന്തോഷം എടുത്തുപറയട്ടെ.

അങ്ങനെ, മരിയൻവത്സരം ആചരിക്കുന്ന ഈ സന്ദർഭത്തിൽ, നമുക്കു കൺമുമ്പിൽ കാണുവാനും പ്രാവർത്തികമാക്കുവാനും ഉതകുന്ന കാതലായ നിരവധി കാര്യങ്ങൾ ഉണ്ട്.

49. അടുത്ത ജൂൺമാസം ഏഴാംതീയതി, പന്തക്കുസ്താ തിരുനാളിൽ ഈ മരിയൻ വത്സരം ആരംഭിക്കുന്നു. ക്രിസ്തു നാഥൻ മനുഷ്യകുടുംബത്തിൻെറ ചരിത്രത്തിലേക്കു കടന്നുവരുന്നതിനു മുമ്പുതന്നെ, മറിയം അതിലേക്കു കടന്നുവന്നു എന്ന വസ്തുത അനുസ്മരിക്കുക മാത്രമല്ല നാമിവിടെ ചെയ്യുന്നത്. പിന്നെയോ, മനുഷ്യാവതാരരഹസ്യം നിറവേറിയ നിമിഷത്തിൽ മാനവചരിത്രം സമയത്തിൻെറ സമ്പൂർണ്ണതയിലേക്കു പ്രവേശിച്ചുവെന്നും സഭ ആ സമ്പൂർണ്ണതയുടെ അടയാളമാണെന്നും മറിയം നല്കുന്ന വെളിച്ചത്തിൽ ഊന്നിപ്പറയുകയുമാണ്. എല്ലാ ജനതകളുടേയും രാഷ്ട്രങ്ങളുടേയും നടുവിൽ ദൈവജനമെന്ന നിലയ്ക്ക്, സഭ പന്തക്കുസ്താദിനത്തിൽ തുട

www.malankaralibrary.com



ക്കം കുറിച്ച തീർത്ഥാടനം വിശ്വാസത്തിലൂടെ നിത്യതയി ലേക്കു തുടരുകയാണ്. മാനവചരിത്രത്തിലൂടെയുള്ള സഭയുടെ ഈ പ്രയാണത്തിൽ, തന്റെ പുത്രന്റെ ശിഷ്യരുടേയും അപ്പസ്തോലന്മാരുടേയും മധ്യേ പരിശുദ്ധാത്മാവിന്റെ വരവും കാത്ത് പ്രാർത്ഥനാ നിരതയായി "സഭയുടെ സമയ"ത്തിന്റെ ആരംഭത്തിൽ സന്നിഹിതയായിരുന്ന, ക്രിസ്തുവിന്റെ അമ്മ നിതരാം സഭയുടെ "മുമ്പേ പോകുന്നു". തന്റെ പുത്രനായ ക്രിസ്തു നിറവേററിയ രക്ഷാകർമ്മത്തോട് "കർത്താവിന്റെ ദാസി"യായിട്ടുതന്നെ അവിരാമം സഹകരിക്കുന്ന വ്യക്തിയാണവൾ.

ദൈവമാതാവിന്റെ കഴിഞ്ഞ കാലത്ത് ക്രിസ്തുനാഥന്റെ രക്ഷാകർമ്മത്തോടുള്ള അവളുടെ സവിശേഷമായ മാതൃസഹകരണത്തിന് സാക്ഷ്യം വഹിച്ച സംഭവങ്ങളെല്ലാം അനുസ്മരിക്കുവാൻ മാത്രമല്ല ഈ മരിയൻ വത്സരം വഴി സഭ വിളിക്കപ്പെട്ടിരിക്കുന്നത്; പിന്നെയോ, ഭാവിയിൽ ഈ സഹകരണത്തിനുള്ള പാത സഭ സ്വന്തമായി വെട്ടിത്തുറക്കുവാനുമാണ്. കാരണം, രണ്ടാം ക്രിസ്തീയ സഹസ്രാബ്ദത്തിന്റെ അന്ത്യം ഒരു പുത്തൻ പ്രതീക്ഷയുടെ ചക്രവാളം തുറക്കുന്നു.

50. നേരത്തേ പ്രസ്താവിച്ചതുപോലെ, നമ്മിൽനിന്നും വേർപെട്ടു നില്ക്കുന്ന സഹോദരരിൽ, പ്രത്യേകിച്ച് പൗരസ്ത്യരുടെയിടയിൽ പലരും, കർത്താവിന്റെ അമ്മയെ ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്നു. ഈ വസ്തുത എക്യുമെനിസത്തിനുമേൽ പ്രകാശിക്കുന്ന ഒരു മരിയൻ ദീപമാണ്. ഈ മരിയൻ വത്സരത്തിൽ കീവിലെ മഹാപ്രഭു ((Grand Duke of Kiev- 988) ആയിരുന്ന വി. വ്ളാഡിമീറിന്റെ ജ്ഞാനസ്നാനത്തിന്റെ സഹസ്രാബ്ദിയും വന്നണയുന്നുവെന്നത് ഞാൻ ഒരിക്കൽ കൂടി പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഇത് ആദ്യം റൂസ് (Rus) എന്ന് അന്നറിയപ്പെട്ടിരുന്ന പ്രദേശങ്ങളിലും അനന്തരം കിഴക്കൻ യൂറോപ്പിലെ മററു പ്രദേശങ്ങളിലും ക്രൈസ്തവ സഭ ഉടലെടുത്തതിനെയാണു കുറിക്കുന്നത്. അക്കാലത്തു തന്നെ, സുവിശേഷപ്രഘോഷണത്തിലൂടെ യൂറോപ്പിനപ്പുറം ഏഷ്യൻ ഭൂഖണ്ഡത്തിന്റെ വടക്കൻ പ്രദേശങ്ങളോളംവരെ സഭ വ്യാപിച്ചു. ഈ ജ്ഞാനസ്നാന സഹസ്രാബ്ദി ആഘോഷിക്കുന്ന ഓർത്തഡോക്സ്കാരും കത്തോലിക്കരുമായ എല്ലാവരോടും ഈ

www.malankaralibrary.com



മരിയൻ വത്സരത്തിൽ പ്രത്യേകമായും നമുക്കു പ്രാർത്ഥനയിൽ പങ്കുചേരാം. അങ്ങനെ, "സഹജമായ തീക്ഷ്ണതയോടും അഗാധമായ ഭക്തിയോടും കൂടി നിത്യകന്യകയായ ദൈവമാതാവിനെ വണങ്ങുന്ന പൗരസ്ത്യരുടെ"[144] ആനന്ദത്തിൻേറയും സമാശ്വാസത്തിൻേറതുമായ വികാരങ്ങൾ നമുക്കു കൗൺസിലിനോടൊപ്പം ആവർത്തിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യാം. ഏതാനും ദശകങ്ങൾക്കു ശേഷം (1054) സംഭവിച്ച വേർപാടിൻെറ വേദനയുടെ തിക്തഫലങ്ങൾ നാമിന്നും അനുഭവിക്കുന്നുണ്ടെങ്കിലും, ഭൂമിയിൽ ദൈവത്തിൻെറ ഏകകുടുംബം എന്നറിയപ്പെടുന്ന 'മെസയാനിക്' ജനതയ്ക്കുള്ളിൽ യഥാർത്ഥത്തിൽ നാം സഹോദരന്മാരും സഹോദരിമാരും ആണെന്ന അവബോധം ക്രിസ്തുവിൻെറ അമ്മയുടെ സന്നിധിയിൽ നമ്മിൽ ഉളവാകുന്നുവെന്നു പറയാം. നവവത്സരത്തിൻെറ ആരംഭത്തിൽ ഞാൻ പ്രസ്താവിച്ചതുപോലെ, "ഭൂമിയിലെ എല്ലാ മക്കൾക്കും അവകാശപ്പെട്ട സാർവ്വലൗകികമായ ഈ ഐക്യം പുന:സ്ഥിരീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു"[145].

മരിയൻ വത്സരം പ്രഖ്യാപിച്ചപ്പോൾ, അത് അടുത്ത വർഷം പരിശുദ്ധകന്യകയുടെ സ്വർഗ്ഗാരോപണത്തിരുനാളിൽ സമാപിക്കുമെന്നും ഞാൻ സൂചിപ്പിക്കുകയുണ്ടായി. വെളിപാടിൻെറ പുസ്തകത്തിൽ പരാമർശിക്കുന്ന "സ്വർഗ്ഗത്തിലെ വലിയ അടയാള"ത്തിൻെറ പ്രസക്തി കാണിക്കാനാണ് ഇത്തരമൊരു സമാപനം. "തീർത്ഥാടകരായ ദൈവജനത്തിന് ഉറച്ച പ്രത്യാശയുടേയും സാന്ത്വനത്തിൻേറയും ഒരടയാള"മായി മറിയത്തെക്കാണുന്ന കൗൺസിലിൻെറ ആഹ്വാനത്തിന് ഇവ്വിധം പ്രത്യുത്തരം നല്കാനും നമ്മൾ ആഗ്രഹിക്കുന്നു. കൗൺസിലിൻെറ മേല്പറഞ്ഞ ആഹ്വാനം ഇങ്ങനെയാണ്: "വിശ്വാസികളുടെ കൂട്ടം ഒന്നടങ്കം ദൈവത്തിൻേറയും മനുഷ്യൻേറയും മാതാവായ മറിയത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കട്ടെ. സഭയുടെ ആരംഭത്തിൽ പ്രാർത്ഥനവഴി സഹകരിച്ചവളും ഇപ്പോൾ സകലവിശുദ്ധർക്കും ദൈവദൂതന്മാർക്കും ഉപരി സ്വർഗ്ഗത്തിൽ മഹത്വീകൃതയുമായിരിക്കുന്ന ആ അമ്മയോട്, വിശുദ്ധരുടെ സഹഭാഗഭാഗിത്വ (fellow ship) ത്തിൽ തൻെറ പുത്രനോട് നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമേയെന്ന് അവർ നിരന്തരം പ്രാർത്ഥിക്കട്ടെ.

www.malankaralibrary.com



ക്രൈസ്തവ നാമത്താൽ അലംകൃതരോ അഥവാ രക്ഷകനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരോ ആയ മാനവ കുടുംബത്തിലെ എല്ലാ ജനതകളും സമാധാനത്തിലും സൗഹാർദ്ദത്തിലും ഒരു ദൈവജനമായി പരിശുദ്ധതമവും അവിഭക്തവുമായ ത്രിത്വത്തിന്റെ സ്തുതിക്കുവേണ്ടി സൗഭാഗ്യത്തിൽ ഒന്നിപ്പിക്കപ്പെടും വരെ അവരെ തന്റെ മാധ്യസ്ഥ്യം തുടരട്ടെ.''[46]

## ഉപസംഹാരം

51. അനുദിന യാമപ്രാർത്ഥനകളുടെ അന്ത്യത്തിൽ സഭ മറിയത്തെ അഭിസംബോധന ചെയ്തുകൊണ്ടു നടത്തുന്ന അപേക്ഷകളിൽ, ഇങ്ങനെ കാണുന്നു:

''രക്ഷകന്റെ പ്രിയ ജനനീ,
സ്വർഗ്ഗത്തിൻ കവാടമേ,
സാഗരതാരമേ,
വീണുപോയവരെങ്കിലുമെഴുന്നേല്ക്കുവാൻ
കഠിനമായ് യത്നിക്കും
നിൻ ജനതയെ സഹായിക്കേണമേ.
വിസ്മയമാർന്നീ പ്രകൃതി നോക്കിനില്ക്കവേ,
സ്വ സ്രഷ്ടാവിനെ നീ സംവഹിച്ചു!''

'വിസ്മയമാർന്നീ പ്രകൃതി നോക്കിനില്ക്കവേ' എന്ന പല്ലവിയിലെ ഈ വാക്കുകൾ മറിയത്തിന്റെ ദിവ്യമാതൃത്വ രഹസ്യത്തിന് അകമ്പടി സേവിക്കുന്ന 'വിശ്വാസത്തിന്റെ വിസ്മയം' പ്രകടമാക്കുന്നു. ഒരർത്ഥത്തിൽ, സൃഷ്ടി മുഴുവന്റേയും ഹൃദയത്തിലും, പ്രത്യക്ഷത്തിൽ ദൈവജനം മുഴുവന്റേയും—സഭയുടെയും—ഹൃദയത്തിലും, ഈ വാക്കുകൾ വിസ്മയം ഉളവാക്കുന്നു. എല്ലാറ്റിന്റേയും സ്രഷ്ടാവും നാഥനുമായ ദൈവത്തിന്റെ 'തന്നെത്തന്നെ മനുഷ്യനു വെളിപ്പെടുത്തുന്ന' പ്രവർത്തനം എത്രയോ വിസ്മയനീയം! സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള അനന്ത വിദൂരമായ 'വിടവ്'' അവിടുന്ന് എത്ര വ്യക്തമായി നികത്തിയിരിക്കുന്നു! ദൈവം സ്വതവേ വർണ്ണനാതീതനും അപരിമേയനും ആയിരിക്കുന്നുവെങ്കിൽ

www.malankaralibrary.com



നസറത്തിലെ കന്യകയിൽനിന്നു വചനം മനുഷ്യാവതാരമെടുത്തു എന്ന യാഥാർത്ഥ്യത്തിൽ അവിടുന്ന് എത്രയോ അധികം വർണ്ണനാതീതനും അപരിമേയനും ആയിരിക്കുന്നു!

തന്റെ ദൈവസ്വഭാവത്തിൽ പങ്കുചേരുന്നതിനു മനുഷ്യനെ ക്ഷണിക്കാൻ അവിടുന്ന് നിത്യമായി തിരുമനസ്സായി (cf. 2പത്രോ 1:4) എങ്കിൽ, മാനവരാശിയുടെ ചരിത്രപരമായ സാഹചര്യങ്ങളുമായി മനുഷ്യന്റെ 'ദൈവികീകരണ' (Divinization)ത്തെ അവിടുന്ന് പൊരുത്തപ്പെടുത്തിയെന്നു പറയാം. അങ്ങനെ, സത്തയിൽ തനിക്കു സമനായിരിക്കുന്ന പുത്രന്റെ 'മാനുഷികീകരണ (Humamization)ത്തിലൂടെ പാപത്തിനുശേഷവും തന്റെ സ്നേഹത്തിന്റെ നിത്യപദ്ധതി വലിയ വിലകൊടുത്ത് പുനഃസ്ഥാപിക്കാൻ അവിടുന്നു സന്നദ്ധനായി. സൃഷ്ടവസ്തുക്കൾ മുഴുവനും, കൂടുതൽ നേരിട്ട് മനുഷ്യൻ തന്നെയും, പരിശുദ്ധാത്മാവിൽ ഓഹരിക്കാരായിത്തീർന്നിരിക്കുന്നു എന്ന ഈ ദാനത്തിൽ ആശ്ചര്യപ്പെടാതിരിക്കാൻ എങ്ങനെ കഴിയും.[147] "തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16).

ഈ രഹസ്യത്തിന്റെ കേന്ദ്രത്തിൽ, വിശ്വാസത്തിന്റേതായ ഈ വിസ്മയത്തിന്റെ മധ്യേ, മറിയം നിലകൊള്ളുന്നു. രക്ഷകന്റെ പ്രിയപ്പെട്ട അമ്മ എന്ന നിലയിൽ അവളാണ് ആദ്യമായി ഈ ദൈവസ്നേഹം അനുഭവിച്ചറിഞ്ഞത്; "വിസ്മയമാർന്നീ പ്രകൃതി നിൽക്കവേ സ്വസ്രഷ്ടാവിനെ നീ സംവഹിച്ചു!"

52. മനുഷ്യാവതാരരഹസ്യം മനുഷ്യനുവേണ്ടി സംസ്ഥാപിക്കുന്ന 'മഹത്തായ രൂപാന്തരീകരണ' (great Transformation) ത്തിന്റെ സത്യവും ആരാധനാക്രമത്തിലെ ഈ പല്ലവിയുടെ വാക്കുകൾ വ്യക്തമാക്കുന്നു. ഉൽപത്തിപ്പുസ്തകത്തിന്റെ ആദ്യ അധ്യായങ്ങളിൽ നമുക്കായി വെളിപ്പെടുത്തപ്പെട്ട ആ ആരംഭംമുതൽ 'ആ ദിവസമോ മണിക്കൂറോ' (മത്താ 25:13) എന്നതിലൂടെ യേശു നമുക്കു വെളിപ്പെടുത്തിയ ലോകാന്ത്യത്തിന്റെ കാഴ്ചപ്പാടിൽ, അവസാന അന്ത്യംവരെ മാനവചരിത്രത്തോടു മുഴുവൻ ബന്ധപ്പെട്ടതാണ് ഈ രൂപാന്തരീകരണം. വീഴുകയും

www.malankaralibrary.com



എഴുന്നേല്ക്കുകയും ചെയ്യുന്നതിനിടയ്ക്കുള്ള, പാപി യായ മനുഷ്യനും കൃപാവരം, നീതി എന്നിവ ലഭിക്കുന്ന മനുഷ്യനും ഇടയ്ക്കുള്ള, അനന്തവും അവിരാമവുമായ രൂപാന്തരീകരണം ആണത്. "വീണുപോയവരെങ്കിലുമെഴുന്നേല്ക്കുവാൻ കഠിനമായ് യത്നിക്കും നിൻ ജനതയെ സഹായിക്കേണമേ" എന്ന് അപേക്ഷിക്കുമ്പോൾ, ആഗമന കാലത്തെ ആരാധനക്രമം പ്രത്യേകമാംവിധം അതിൻെറ അവിരാമമുള്ള "ഇവിടെ, ഇപ്പോൾ" എന്നതിൻെറ സാരം കണ്ടെത്തുകയും ഈ രൂപാന്തരീകരണത്തിൻെറ മർമ്മസ്ഥാനത്തെത്തുകയും ചെയ്യുന്നു.

ഓരോ വ്യക്തിയേയും ഓരോ സമൂഹത്തേയും, രാഷ്ട്രങ്ങളേയും ജനതകളേയും തലമുറകളേയും മാനവചരിത്രത്തിലെ യുഗങ്ങളേയും നമ്മുടെ ഈ യുഗത്തേയും സമാപനാസന്നമായ സഹസ്രാബ്ദിയുടെ ഈ ആണ്ടുകളേയും ഉൾപ്പെടുത്തിയുള്ളതാണീ വാക്കുകൾ: 'സഹായിക്കേണമേ, അതേ, സഹായിക്കേണമേ, വീണുപോയവരെങ്കിലുമെഴുന്നേല്ക്കുവാൻ കഠിനമായ് യത്നിക്കും നിൻ ജനതയെ സഹായിക്കേണമേ."

"രക്ഷകൻെറ വത്സലമാതാവായ" മറിയത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ് ഈ യാചന; മറിയംവഴി മാനവചരിത്രത്തിലേക്കു കടന്നുവന്ന ക്രിസ്തുവിനെയും ഈ യാചനയിൽ അഭിസംബോധന ചെയ്യുന്നുണ്ട്. വർഷാന്തരങ്ങളായി ഈ പല്ലവി മറിയത്തിലേക്ക് ഉയരുകയാണ്. അനുപേക്ഷണീയവും ചരിത്രപരവുമായ രൂപാന്തരീകരണത്തിൻെറ നിറവേറൽ ദർശിച്ച നിമിഷത്തെ വിളിച്ചു വരുത്തിക്കൊണ്ട് "വീഴ്ച"യിൽനിന്ന് "എഴുന്നേല്ക്കലി"ലേക്ക് ഈ രൂപാന്തരീകരണം പിന്നോക്കം പോകാതെ തുടർന്നുകൊണ്ടേ ഇരിക്കുന്നു.

ശാസ്ത്രത്തിൻേറയും സാങ്കേതിക വിജ്ഞാനത്തിൻേറയും മേഖലകളിൽ മനുഷ്യവംശം അദ്ഭുതാവഹമായ കണ്ടുപിടിത്തങ്ങൾ നടത്തുകയും അതുല്യമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു കഴിഞ്ഞു. പുരോഗതിയുടേയും നാഗരികതയുടേയും പാതയിൽ അത് മഹത്തായ മുന്നേററം ആർജ്ജിച്ചു കഴിഞ്ഞു. ഇക്കാലത്ത് ചരിത്രത്തിൻെറ ഗതി തന്നെ ത്വരിതപ്പെടുത്തുന്നതിൽ അത് വിജയിച്ചിരിക്കുന്നു എന്നു പറയാം, എന്നിരുന്നാലും, മൗലികമെന്നു വിളിക്കാ

www.malankaralibrary.com



വുന്ന അടിസ്ഥാനപരമായ രൂപാന്തരീകരണം മനുഷ്യന്റെ പ്രയാണത്തെ സ്ഥിരമായി അനുഗമിക്കുന്നതേ ഉള്ളു; എല്ലാ ചരിത്രസംഭവങ്ങളിലൂടെയും ഓരോ വ്യക്തിയേയും അത് പിന്തുടരുന്നു. "വീഴ്ച"യിൽനിന്ന് എഴുന്നേല്ക്കലിലേക്കുള്ള, മരണത്തിൽനിന്ന് ജീവനിലേക്കുള്ള, രൂപാന്തരീകരണമാണിത്; മനുഷ്യമനസ്സാക്ഷിയോടുള്ള ഒരു നിരന്തരവെല്ലുവിളി കൂടിയാണിത്; മനുഷ്യന്റെ എല്ലാ ചരിത്രാവബോധത്തോടുമുള്ള വെല്ലുവിളി; എന്നെന്നും പഴയതും എന്നെന്നും പുതിയതുമായ വീഥികളിൽ "വീണുപോകാതെ," വീണുപോയാൽ "വീണ്ടും എഴുന്നേല്ക്കലി"ന്റെ വീഥി പിഞ്ചെല്ലുവാനുള്ള വെല്ലുവിളി.

രണ്ടു സഹസ്രാബ്ദങ്ങളുടെ ഇടയിലുള്ള അതിർത്തിയിലേക്ക് മാനവരാശി മുഴുവനോടുമൊത്തു മുന്നേറുമ്പോൾ, സഭ തന്റെ ഭാഗത്തുനിന്ന് എല്ലാ വിശ്വാസികളുടേയും സമൂഹത്തോടൊത്ത്, സന്മനസ്സുള്ള എല്ലാ സ്ത്രീ പുരുഷന്മാരോടും ഒന്നുചേർന്ന്, "വീണുപോയ ജനം എഴുന്നേല്ക്കുവാൻ കഠിനമായ് യത്നിക്കുന്നു" എന്ന മരിയൻ പല്ലവിയിലെ വാക്കുകളിൽ അന്തർഭവിച്ചിട്ടുള്ള മഹത്തായ വെല്ലുവിളി ഏറ്റെടുത്തിരിക്കുകയാണ്. എന്നിട്ട്, രക്ഷകനോടും അവിടുത്തെ അമ്മയോടുമായി സഭ വിളിച്ചപേക്ഷിക്കുന്നു: "ഞങ്ങളെ സഹായിക്കേണമേ". കാരണം, ഈ പ്രാർത്ഥന സാക്ഷ്യപ്പെടുത്തുന്നതുപോലെ സഭ ക്രിസ്തുവിന്റെ രക്ഷാകര രഹസ്യത്തിലും തന്റെ തന്നെ രഹസ്യത്തിലും ദൈവത്തിന്റെ പരിശുദ്ധ അമ്മയെ കാണുന്നു. മാനവചരിത്രത്തിന്റെ ആഴങ്ങളിൽ പദമൂന്നി നില്ക്കുന്നവളായും സഭ മറിയത്തെ കാണുന്നു. നിത്യതയിൽ ദൈവം മനുഷ്യനുവേണ്ടി ഒരുക്കിയ ദൈവപരിപാലനാ പദ്ധതിപ്രകാരമുള്ള അവന്റെ നിത്യമായ 'വിളി'യിലും സഭ മറിയത്തെ കാണുന്നുണ്ട്. വ്യക്തിജീവിതത്തേയും കുടുംബങ്ങളേയും രാഷ്ട്രങ്ങളേയും ഇന്ന് ഗ്രസിക്കുന്ന സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങളിൽ അമ്മ എന്ന നിലയിൽ സന്നിഹിതയായിക്കൊണ്ട് പങ്കുചേരുന്നവളായി സഭ മറിയത്തെ ദർശിക്കുന്നു. നന്മയും തിന്മയും തമ്മിലുള്ള നിരന്തരപോരാട്ടത്തിൽ "വീണുപോവുകയില്ലെന്നും" വീണുപോയാൽത്തന്നെ "വീണ്ടും എഴുന്നേല്ക്കും" എന്നും ഉറപ്പേകും വിധം ക്രൈസ്തവരെ തുണയ്ക്കുന്ന അമ്മയായും സഭ മറിയത്തെ കാണുന്നു.

www.malankaralibrary.com



ഈ ചാക്രിക ലേഖനം ഉൾക്കൊള്ളുന്ന പരിചിന്തനങ്ങൾ എല്ലാ വിശ്വാസികളുടേയും ഹൃദയത്തിൽ ഈ ദർശനവും നവീകരിക്കാൻ ഉപകരിക്കുമെന്ന് ഞാൻ സർവ്വാത്മനാ പ്രത്യാശിക്കുന്നു.

റോമിലെ മെത്രാനായ ഞാൻ, ഈ പരിചിന്തനം ആരെ ഉദ്ദേശിച്ചുള്ളതാണോ അവർക്കൊക്കെ സമാധാനത്തിന്റെ ചുംബനവും കർത്താവായ യേശുക്രിസ്തുവിൽ അഭിവാദനങ്ങളും അനുഗ്രഹങ്ങളും നല്കുന്നു. ആമേൻ.

– റോമിൽ പത്രോസിന്റെ സിംഹാസനത്തിൽനിന്ന്, ഞാൻ മാർപാപ്പയായി സ്ഥാനം ഏറ്റെടുത്തതിന്റെ ഒമ്പതാം വർഷം, 1987–ാമാണ്ട് മാർച്ച് 25–ാം തിയതി, നമ്മുടെ കർത്താവിന്റെ മംഗലവാർത്തതിരുനാളിൽ, നല്കപ്പെട്ടത്.

Joannes Paulus PP. II

www.malankaralibrary.com

# FOOT NOTES

1. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 52 and the whole of Chapter VIII, entitled "The Role of the Blessed Virgin Mary, Mother of God, in the mystery of Christ and the Church".

2. The expression "fullness of time" is parallel with similar expressions of Judaism both Biblical (cf. *Gen* 29:21; *I Sam* 7:12; *Tob* 14:5) and extra-Biblical, and especially in the New Testament (cf. *Mk* 1:15; *Lk* 21:24; *Jn* 7:8; *Eph* 1:10). From the point of view of form, it means not only the conclusion of a chronological process but also and especially the coming to maturity or completion of a particularly important period, one directed towards the fulfilment of an expectation, a coming to completion which thus takes on an eschatological dimension. According to *Gal* 4:4 and its context, it is the coming of the Son of God that reveals that time has, so to speak, reached its limit That is to say, the period marked by the promise made to Abraham and by the Law mediated by Moses has now reached its climax, in the sense that Christ fulfils divine promise and supersedes the old law.

3. Cf. *Roman Missal*, Preface of 8 December, Immaculate Conception of the Blessed Virgin Mary; Saint Ambrose, *De Institutione Virginis*, XV, 93-94: *PL* 16, 342; Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 68.

4. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 58.

5. Pope Paul VI, Encyclical Epistle *Christi Matri* (15 September 1966): *AAS* 58 (1966) 745-749; Apostolic Exhortation *Signum Magnum* (13 May 1967): *AAS* 59 (1967) 465-475; Apostolic Exhortation *Marialis Cultus* (2 February 1974): *AAS* 66 (1974) 113-168.

www.malankaralibrary.com



6. The Old Testament foretold in many different ways the mystery of Mary: cf. Saint John Damascene, *Hom. in Dormitionem I*, 8-9: *S. Ch*. 80, 103-107.

7. Cf. *Insegnamenti di Giovanni Paolo II*, VI/2 (1983) 225 f; Pope Pius IX, Apostolic Letter *Ineffabilis Deus* (8 December 1854): *Pii IX P. M. Acta*, pars I, 597-599.

8. Cf Pastoral Constitution on the Church in the Modern World *Gaudium et Spes*, 22.

9. Ecumenical Council of Ephesus, in *Conciliorum Oecumentcorum Decreta*, Bologna 1973, 41-44; 56-61: *DS* 250-264; cf. Ecumenical Council of Chalcedon, *o. c*. 84-87: *DS* 300-303.

10. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gudium et, Spes*, 22.

11. Dogmatic Constitution on the Church *Lumen Gentium*, 52

12. *Cf. ibid*., 58.

13. *Ibid*., 63; cf. Saint Ambrose, *Expos. Evang. sec. Lucam*, II, 7: *CSEL* 32/4, 45; *De Institutione Virginis*, XIV, 88-89: *PL* 16,341.

14. Cf. Dogmatic Constitution on the Church *Lumen Gentium*, 64.

15. *Ibid*., 65.

16. "Take away this star of the sun which illuminates the world: where does the day go? Take away Mary, this star of the sea, of the great and boundless sea: what is left but a vast obscurity and the shadow of death and deepest darkness?": Saint Bernard, *In Navitate B Mariae Sermo - De aquaeductu*, 6: *S. Bernardi Opera*, V, 1968, 279; cf. *In laudibus Virginis Matris Homilia II*, 17: *ed. cit*, IV, 1966, 34 f.

17. Dogmatic Constitution on the Church *Lumen Gentium*, 63.

www.malankaralibrary.com



18. *Ibid.*, 63.

19. Concerning the predestination of Mary, cf. Saint John Damascene, *Hom: in Nativitatem*, 7; 10: *S. Ch.* 80, 65; 73; *Hom. in Dormitionem* I, 3: *S: Ch* 80,85: "For it is she, who, chosen from the ancient generations, by virtue of the predestination and benevolence of the God and Father who generated you (the World of God) outside time without coming out of himself or suffering change, it is she who gave you birth, nourished of her flesh, in the last time...".

20. Dogmatic Constitution on the Church *Lumen Gentium*, 55.

21. In Patristic tradition there is a wide and varied interpretation of this expression: cf. Origen, *In Lucam homiliae*, VI, 7: *S Ch* 87, 148; Severianus of Gabala, *In mundi creationem, Oratio VI*, 10: *PG* 56, 497 f; Saint John Chrysostom (Pseudo), *In Annuntiationem Deiparae et contra Arium impium*, *PG* 62, 765 f; Basil of Selucia, *Oratio* 39, *In Sancttssimae Deiparae Annuntiationem*, 5: *PG* 85, 441-446; Antipater of Bosra, *Hom. II, in Sanctissimae Deiparae Annuntiationem*, 3-11: *PG* 85, 1777-1783; Saint Sophronius of Jerusalem, *Oratio II, In Sanctissimae Deiparae Annuntiationem*, 17-19: *PG* 87/3, 3235-3240; Saint John Damascene, *Hom. in Dormitionem*, I, 70: *S. Ch.* 80, 96-101; Saint Jerome, *Epistola* 65, 9: *PL* 22, 628; Saint Ambrose, *Expos. Evang. sec. Lucam*, II, 9: *CSEL* 32/4, 45 f; Saint Augustine, *Sermo* 291, 4-6: *PL* 38, 1318f; *Enchiridion* 36, 11: *PL* 40, 250; Saint Peter Chrysologus, *Sermo* 142: *PL* 52, 579 f; *Sermo* 143: *PL* 52, 583; Saint Fulgentius of Ruspe, *Epistola* 17, VI, 12: *PL* 65, 458; Saint Bernard, *In laudibus Virginis Matris, Homilia III*, 2-3: *S. Bernardi Opera*, IV, 1966, 36-38.

22. Dogmatic Constitution on the Church *Lumen Gentium*, 55.

23. *Ibid.*, 53.

www.malankaralibrary.com



24. Cf. Pope Pius IX, Apostolic Letter *Ineffabilis Deus* (8 December 1854): *Pii IX P. M Acta,* pars I, 616; Second Vatican Ecumenical Council, Dogmatic Constitution on the Church, *Eumen Gentium,* 53

25. Cf. Saint Germanus of Constantinople, *In Annuntiationem SS. Deiparae Hom. PG* 98, 327 f; Saint Andrew of Crete, *Canon in B Mariae Natalem,* 4: *PG* 97, 1321 f; *In Nativitatem B. Mariae,* I: *PG* 97, 811 f; *Hom. in Dormitionem S. Mariae* I: *PG* 97, 1067 f.

26. *Liturgy of the Hours* of 15 August, Assumption of the Blessed Virgin Mary, Hymn at First and Second Vespers; Saint Peter Damian, *Carmina et preces,* XLVII: *PL* 145,934.

27. *Divina Commedia Paradiso,* XXXIII, 1; cf. *Liturgy of the Hours,* Memorial of the Blessed Virgin Mary on Saturday, Hymn II in the Office of Readings.

28. Cf. Saint Augustine. *De Sancta Virginitate,* III, 3: *PL* 40, 398; *Sermo* 25, 7: *PL* 46, 937 f.

29. Dogmatic Constitution on Divine Revelation *Dei Verbum,* 5.

30. This is a classic theme, already expounded by Saint Irenaeus: "And, as by the action of the disobedient virgin, man was afficted and, being cast down, died, so also by the action of the Virgin who obeyed the word of God, man being regenerated received, through life, life... For it was meet and just... that Eve should be "recapitulated" in Mary, so that the Virgin, becoming the advocate of the virgin, should dissolve and destroy the virginal disobedience by means of virginal obedience": *Expositio doctrinae apostolicae,* 33: *S. Ch.* 62, 83-86; cf. also *Adversus Haereses,* V, 19, 1: *S. Ch.* 153, 248-250.

31. Second Vatican Ecumenical Council, Dogmatic Constitution on Divine Revelation *Dei Verbum.* 5.

32. *Ibid* , 5; cf. Dogmatic Constitution on the Church *Lumen Gentium,* 56.

www.malankaralibrary.com



33. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 56.

34. *Ibid.*, 56.

35. Cf. *ibid*, 53; Saint Augustine, *De Sancta Virginitate*, III, 3: *PL* 40, 398; *Sermo* 215, 4: *PL* 38, 1074; *Sermo* 196, I: *PL* 38, 1019; *De peccatorum meritis et remissione*, I, 29, 57: *PL* 44,142; *Sermo* 25, 7: *PL* 46, 937-938; Saint Leo the Great, *Tractactus* 21, *de natale Domini*, I: *CCL* 138, 86.

36. *Ascent of Mount Carmel*, I. II, *Ch.* 3,4-6.

37. Cf. Dogmatic Constitution on the Church *Lumen Gentium*, 58.

38. *Ibid.*, 58.

39. Cf. Second Vatican Ecumenical Council, Dogmatic Constitution on Divine Revelation *Dei Verbum*, 5.

40. Concerning Mary's participation of "compassion" in the death of Christ, cf. Saint Bernard, *In Dominica infra octavam Assumptionis Sermo*, 14: *S. Bernardi Opera*, V, 1968, 273.

41. Saint Irenaeus, *Adversus Haereses* III, 22, 4 *S. Ch.* 211, 438-444; cf. Dogmatic Constitution on the Church *Lumen Gentium*, 56, Note 6.

42. Cf. Dogmatic Constitution on the Church *Lumen Gentium*, 56, and the Fathers quoted there in Notes 8 and 9.

43. "Christ is truth, Christ is flesh: Christ truth in the mind of Mary, Christ flesh in the womb of Mary": Saint Augustine, *Sermo* 25 *(Sermones inediti)* 7: *PL* 46, 938.

44. Dogmatic Constitution on the Church *Lumen Gentium*, 60.

45. *Ibid.*, 61.

46. *Ibid.*, 62.

47. There is a well-known passage of Origen on the presence of Mary and John on Calvary: "The Gospels are the

www.malankaralibrary.com



first fruits of all Scripture and the Gospel of John is the first of the Gospels: no one can grasp its meaning without having leaned his head on Jesus' breast and having received from Jesus Mary as Mother": *Comm. in Ioan.*, 1, 6: *PG* 14, 31; cf. Saint Ambrose, *Expos. Evang. sec. Lucam*, X, 129-131: *CSEL* 32/4, 504 f.

48. Dogmatic Constitution on the Church *Lumen Gentium*, 54 and 53; the latter text quotes Saint Augustine, *De Sancta Virginitate* VI, 6: *PL* 40, 399.

49. Dogmatic Constitution on the Church *Lumen Gentium*, 55.

50. Cf. Saint Leo The Great, *Tractatus* 26, *de natale Domini*, 2: *CCL* 138, 126.

51 Dogmatic Constitution on the Church *Lumen Gentium*, 59.

52 Saint Augustine, *De civitate Dei*, XVIII, 51: *CCL* 48, 650.

53. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 68.

54. *Ibid.*, 9.

55. *Ibid.*, 9.

56. *Ibid.*, 8.

57. *Ibid.*, 9.

58. *Ibid.*, 65.

59. *Ibid.*, 59.

60. Cf. Second Vatican Ecumenical Council, Dogmatic Constitution on Divine Revelation *Dei Verbum*, 5.

61. Cf. Second Vatican Ecunmenical Council, Dogmatic Constitution on the Church *Lumen Gentium*, 63.

62. Cf. *Ibid.*, 9.

63. Cf. *ibid.*, 65.

64. *Ibid.*, 65.

www.malankaralibrary.com



65. *Ibid.*, 65.

66. Cf. *ibid.*, 13.

67. Cf. *ibid.*, 13.

68. Cf. *ibid.*, 13.

69. Cf. *Roman Missal*, formula of the Consecration of the Chalice in the Eucharistic Prayers.

70. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 1.

71. *ibid.*, 13.

72. *ibid.*, 15.

73. Cf. Second Vatican Ecumenical Council, Decree on Ecumenism *Unitatis Redintegratio*, 1.

74. Dogmatic Constitution on the Church *Lumen Gentium*, 68, 69. On Mary Most Holy, promoter of Christian unity, and on the cult of Mary in the East, cf. Leo XIII, Encyclical Epistle *Adiutricem Populi* (5 September 1895): *Acta Leonis*, XV, 300-312.

75. Cf. Second Vatican Ecumenical Council, Decree on Ecumenism *Unitatis Redintegratio*, 20.

76. Cf. *ibid* , 19.

77. *Ibid.*, 14.

78. *Ibid.*, 15

79. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 66.

80. Ecumenical Council of Chalcedon, *Definitio fidei*: *Conciliorum Oecumenicorum Decreta* Bologna 1973[3], 86 (*DS* 301)

81. Cf. the *Weddase Maryam* (*Praises of Mary*), which follows the Ethiopian Psalter and contains hymns and prayers to Mary for each day of the week. Cf. also the *Matshafa Kidana Mehrat* (*Book of the Pact of Mercy*); the importance given to Mary in the Ethiopian hymnology and liturgy deserves to be emphasized.

www.malankaralibrary.com



82. Cf. Saint Ephrem, *Hymn de Nativitate: Scriptores Syri* 82, *CSCO*, 186.

83. Cf. Saint Gregory of Narek, *Le livre de prieres: S. Cb.* 78, 160-163; 428-432.

84. Second Ecumenical Council of Nicaea: *Conciliorum Oecumenicorum Decreta*, Bologna 1973[3], 135-138 (*DS* 600-609).

85. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 59.

86. Cf. Second Vatican Ecumenical Council, Decree on Ecumenism *Unitatis Redintegratio*, 19.

87. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 8.

88. *Ibid.*, 9.

89. As is well known, the words of the *Magnificat* contain or echo numerous passages of the Old Testament.

90. Second Vatican Ecumenical Council, Dogmatic Constitution on Divine Revelation *Dei Verbum*, 2.

91. Cf for example Saint Justin, *Dialogus cum Tryphone Iudaeo*, 100: Otto II, 358; Saint Irenaeus, *Adversus Haereses* III, 22, 4: *S Cb.* 211, 439-445; Tertullian, *De carne Christi*, 17, 4-6: *CCL* 2, 904 f.

92. Cf. Saint Epiphanius, *Panarion*, III, 2; *Haer.* 78, 18: *PG* 42, 727-730.

93. Congregation for the Doctrine of the Faith, *Instruction on Christian Freedom and Liberaton* (22 March 1986), 97.

94. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 60.

95. *Ibid.*, 60.

www.malankaralibrary.com



96. Cf. the formula of mediatrix "ad Mediatorem" of Saint Bernard, *In Dominica infra oct. Assumptionis Sermo*, 2: *S. Bernardi Opera*, V, 1968, 263. Mary as a pure mirror sends back to her Son all the glory and honour which she receives: Id., *In Nativitate B. Mariae Sermo - De Aquaeductu*, 12: *cd cit*., 283.

97. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 62.

98. *Ibid*., 62.

99. *Ibid*., 61.

100. *Ibid* , 62.

101. *Ibid*., 61.

102. *Ibid*., 61.

103. *Ibid*., 62.

104. *Ibid*., 62.

105. *Ibid*., 62; in her prayer too the Church recognizes and celebrates Mary's "maternal role": it is a role "of intercession and forgiveness, petition and grace, reconcilation and peace" (cf. Preface of the Mass of the Blessed Virgin Mary, Mother and Mediatrix of Grace, in *Collectio Missarum de Beata Maria Virgine, ed. typ*. 1987, I, 120).

106. *Ibid*., 62

107. *Ibid*., 62; cf. Saint John Damascene, *Hom. in Dormitionem*, I, 11; II, 2, 14; III, 2: *S. Ch*. 80, 111f; 127-131; 157-161; 181-185; Saint Bernard, *In Assumptione Beatae Mariae Sermo*, 1-2: *S. Bernardi Opera*, V, 1968, 228-238.

108. Dogmatic Constitution on the Church *Lumen Gentium*, 59; cf. Pope Pius XII, Apostolic Constitution *Munificentissimus Deus* (1 November 1950): *AAS* 42 (1950) 769-771; Saint Bernard presents Mary immersed in the splendour of the Son's glory: *In Dominica infra oct. Assumptionis Sermo*, 3; *S Bernardi Opera*, V, 1968, 263 f

109. Dogmatic Constitution on the Church *Lnmen Gentium*, 53.

www.malankaralibrary.com



110. On this particular aspect of Mary's mediation as *implorer of clemency* from the "Son as Judge," cf. Saint Bernard, *In Dominica infra oct. Assumptionis Sermo*, 1-2: *S. Bernardi Opera*, V, 1968, 262 f; Pope Leo XIII, Encyclical Epistle *Octobri Mense* (22 September 1891): *Acta Leonis*, XI, 299-315.

111. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 55.

112. *Ibid.*, 59.

113. *Ibid.*, 36.

114. *Ibid*, 36.

115. With regard to Mary as Queen, cf. Saint John Damascene, *Hom. in Nativitatem*, 6; 12; *Hom. in Dormitionem*, I, 2, 12, 14; II, 11; III, 4: *S. Ch* 80, 59f.; 77f.; 83f.; 113f.; 117; 151f.; 189-193.

116. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 62.

117. *Ibid., 63.*

118. *Ibid., 63.*

119. *Ibid., 66.*

120. Cf. Saint Ambrose, *De Institutione Virginis*, XIV, 88-89: *PL* 16, 341; Saint Augustine, *Sermo* 215, 4: *PL* 38, 1074; *De Sancta Virginitate*, II, 2; V, 5; VI, 6: *PL* 40, 397; 398 f.; 399; *Sermo* 191, II, 3: *PL* 38, 1010 f.

121. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 63.

122. *Ibid.*, 64.

123. *Ibid.*, 64.

124. *Ibid.*, 64.

125. *Idid*, 64.

126. Cf. Second Vatican Ecumenical Council, Dogmatic Constitution on Divine Revelation *Dei Verbum*, 8; Saint Bonaventure, *Comment. in Evang. Lucae*, Ad Claras Aquas, VII, 53, No. 40; 68, No. 109.

www.malankaralibrary.com



127. Second Vatican Ecumenical Council, Dogmatic Constitution of the Church *Lumen Gentium*, 64.

128. *Ibid.*, 63.

129. Cf. *ibid.*, 63.

130. Clearly, in the Greek text the expression goes beyond the mere acceptance of Mary by the disciple in the sense of material lodging and hospitality in his house; it indicates rather a *communion of life* establish between the two as a result of the words of the dying Christ: cf. Saint Augustine, *in Ioan. Evang. tract.* 119, 3: *CCL* 36, 659: "He took her to himself, not into his own property, for he possessed nothing of his own, but among his own duties, which he attended to which dedication".

131. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 63.

132. *Ibid.*, 62.

133. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 22.

134. Cf. Pope Paul VI, *Discourse of 21 November 1964: AAS* 56 (1964) 1015.

135. Pope Paul VI, *Solemn Profession of Faith* (30 June 1968), 15: *AAS* 60 (1968) 438 f.

136. Pope Paul VI, *Discourse of 21 November 1964: AAS* 56 (1964) 1015.

137. *Ibid.*, 1016.

138. Cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 37.

139. Cf. Saint Bernard, *In Dominica infra oct. Assumptionis Sermo: S. Bernardi Opera V, 1968, 262-274.*

140. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 65.

www.malankaralibrary.com



141. Cf. Encyclical Letter *Fulgens Corona* (8 September 1953): *AAS* 45 (1953) 577-592 Pius X with his Encyclical Letter *Ad Diem Illum* (2 February 1904), on the occasion of the 50th anniversary of the dogmatic definition of the Immaculate Conception of the Blessed Virgin Mary, had proclaimed an Extraordinary Jubilee of a few months; *Pii X P. M. Acta*, I, 147-166.

142. Cf. Dogmatic Constitution on the Church *Lumen Gentium*, 66-67.

143. Saint Louis Marie Grignion de Montfort, *Traite de la varie devotion a le sainte Vierge*. This saint can rightly be linked with the figure of Saint Alfonso Maria de' Liguori, the second centenary of whose death occurs this year; cf. among his works *Le glorie di Maria*.

144. Dogmatic Constitution on the Church *Lumen Gentium*, 69.

145. Homily on 1 January 1987.

146. Dogmatic Constitution on the Church *Lumen Gentium*, 69.

147. Cf. Second Vatican Ecumenical Council, Dogmatic Constitution on Divine Revelation *Dei Verbum*, 2: "Through this revelation... the invisible God... out of the abundance of his love speaks to men as friends...and lives among them..., so that he may invite and take them into fellowship with himself".